
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2020 ജനുവരി
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ
# ഇംഗ്ലീഷ് പുസ്തകങ്ങൾ





**Beauty of Moonlight**
(Novel)
Perumbadavam Sreedharan
Translated by
Dr. Elma John




**Magic of Numbers**
(Science)
Palliyara Sreedharan




**Nidhi's Wonder Years**
(Story)
Meenu Jose




**World at Large**
(Haiku Poems)
Dr. Sigma G R

**കൂടുതൽ പുസ്തകങ്ങൾക്ക് website : www.ksicl.org**

**കോപ്പികൾക്ക്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,
പാളയം,സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34, ഫോൺ 0471 – 233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

ജനുവരി 2020
വില ₹20
വാർഷികവരിസംഖ്യ ₹200


# തളിര്

## ഉള്ളടക്കം

## കള്ളൻ ചക്കേട്ടില്ല
**പി കെ ഗോപി**

6

വീട്ടിലെ പ്ലാവിൽ ചക്ക കായ്ച്ചു തുടങ്ങുമ്പോൾതന്നെ അതിൽ പലരും നോട്ടമിടാറുണ്ട്. പലപ്പോഴും കിളികളും അണ്ണാനും വാവലും കള്ളന്മാരും പങ്കിട്ടതിന്റെ ബാക്കി മാത്രമേ അവർക്കു കിട്ടാറുള്ളൂ. ഒരുരാത്രി വീട്ടിൽ അരങ്ങേറിയ രസകരമായ ഒരു സംഭവമാണ് ഈ കഥയിൽ...



## മകളേ നിനക്കായ്
**സിന്ധുസാജൻ**


14



ഈ വരുന്ന ജനുവരി 24 പെൺകുട്ടികൾക്കായുള്ള ദിനമായി ദേശീയതലത്തിൽ നാം ആചരിക്കുകയാണ്. നാഷണൽ ഗേൾ ചൈൽഡ് ഡേ 2020 നാം ആഘോഷിക്കുന്നത് 'എംപവറിങ് ഗേൾസ് ഫോർ ബെറ്റർ റ്റുമോറോ' എന്ന ആശയത്തെ മുൻനിർത്തിയാണ്.

## അമേരിക്കയിലെ കറുത്തവരുടെ ഗാന്ധി
**ജോസഫ് പനയ്ക്കൽ**

32



അമേരിക്കയിലെ കറുത്തവർഗക്കാരുടെ പൗരാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും സമാധാനത്തിനുംവേണ്ടി ജീവിതകാലം മുഴുവൻ പോരാടിയ മാർട്ടിൻ ലൂഥർ കിങ്ങിന്റെ ജീവിതത്തെ കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...


**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം**.................... 5
എൻ ടി രാജീവ്
**ജ്ഞാനപീഠപ്രഭയിൽ**....................10
വിനു എ
**കവിതാപരിചയം**....................13
മഹാകവി അക്കിത്തം
**പൂമ്പാറ്റകൾക്ക്**....................19
ഡോ. ആർ ശ്രീലതാവർമ
**ടോം സോയറുടെ സാഹസിക ജീവിതം**....................20
പുനരാഖ്യാനം : ജോളി വർഗീസ്
**ചന്ദ്രയാൻ**....................23
മനോജ് മണിയൂർ
**മണ്ണറിഞ്ഞ മരംനോക്കികൾ**....................24
തസ്മിൻ ഷിഹാബ്
**മീനുവിന്റെ ദുഃഖം**....................26
സന്തോഷ്കുമാർ ചീക്കിലോട്
**മലയാളംമിഷൻ രചനകൾ** ....................27
**കടപയാദി**....................31
പള്ളിയറ ശ്രീധരൻ
**ഗാന്ധിയപ്പൂപ്പൻ**....................36
ഹരീഷ് ആർ നമ്പൂതിരിപ്പാട്
**എന്റെ മരം**....................37
പ്രഭാലോചന
**ക്ലാസ് വാർ**....................38
എം കൃഷ്ണദാസ്
**പുതുവർഷം**....................40
എൻ എസ് സുമേഷ്കൃഷ്ണൻ
**മുളഗീതം**....................41
ഉണ്ണി അമ്മയമ്പലം
**കണ്ടൽച്ചെടികളെ കണ്ടറിയുക**....................42
വി യു രാധാകൃഷ്ണൻ
**അറിവിനെ അറിയാം**....................47
ജനാർദ്ദനൻ പള്ളിക്കുന്ന്
**മറഡോണ**....................48
സനിൽ പി തോമസ്
**കളികൾ**....................50
ജി രാധാകൃഷ്ണൻ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**അഭിലാഷ് ഹരിതം**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org




# പ്രാർഥന

2020ന് സ്വാഗതം.

2019 ഇന്ത്യയെ സംബന്ധിച്ചിടത്തോളം വിഷമയമായ ഒരു വർഷമായിരുന്നു – അക്രമങ്ങളും കൊലപാതകങ്ങളും, സ്ത്രീകൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്കെതിരായ ക്രൂരപീഡനങ്ങളും തീവെയ്പ്പുകളും പ്രകൃതിക്ഷോഭങ്ങളുമൊക്കെയായി ക്രൂരമായ ഒരു വർഷം. ഹിമാലയത്തിൽ നമുക്കു കാവൽ നിൽക്കുന്ന നമ്മുടെ സ്വന്തം ജവാന്മാരുടെ മഞ്ഞിടിച്ചിലിനെത്തുടർന്നുണ്ടായ മരണങ്ങൾ മറ്റൊരു വശത്ത്. എങ്കിലും നമുക്കു പ്രാർഥിക്കാം. 2020 ഒരു നല്ല വർഷമായിരിക്കട്ടെ. സമൂഹവും ഭരണകൂടവും ഉണർന്നു പ്രവർത്തിക്കുന്ന, കുറ്റവാളികൾക്ക് കഠിനശിക്ഷ നൽകുന്ന, കൂടുതൽ ഉത്തരവാദിത്തമുള്ള വ്യവസ്ഥകൾ നമുക്ക് ആവശ്യമുണ്ട്.

ഇതിനിടയിൽ എനിക്ക് എന്റെ കുഞ്ഞുങ്ങളോടു പറയാനുള്ളതിതാണ്. പേടിക്കരുത്. തന്റേടം വളർത്തിയെടുക്കണം. ശാരീരികമായും മാനസിക


മായും കരുത്താർജിക്കണം. ധൈര്യവും ശക്തിയും തന്റേടവുമുള്ള പെൺകുട്ടികളും ചുമതലാബോധവും മര്യാദയുമുള്ള ആൺകുട്ടികളും ഈ നാട്ടിൽ വളർന്നുവരട്ടെ.

പേടിക്കരുത്, എന്നാൽ ഇതിനർഥം സൂക്ഷിക്കരുത് എന്നല്ല, നല്ലപോലെ സൂക്ഷിക്കണം. പലവട്ടം ഇക്കാര്യങ്ങൾ തളിരിൽ പറഞ്ഞിട്ടുണ്ട്. ശ്രദ്ധിച്ച്, സൂക്ഷിച്ച്, നിർഭയരായി ഈശ്വരവിശ്വാസത്തോടെ മുന്നോട്ടു പോവുക.

നിങ്ങൾക്ക് അവിടന്ന് തുണ നൽകിക്കൊള്ളും.

സ്നേഹപൂർവം,
പ്രാർഥനയോടെ
**സുഗതകുമാരി**


**എനിക്ക് എന്റെ കുഞ്ഞുങ്ങളോടു പറയാനുള്ളതിതാണ്. പേടിക്കരുത്. തന്റേടം വളർത്തിയെടുക്കണം. ശാരീരികമായും മാനസികമായും കരുത്താർജിക്കണം. ധൈര്യവും ശക്തിയും തന്റേടവുമുള്ള പെൺകുട്ടികളും ചുമതലാബോധവും മര്യാദയുമുള്ള ആൺകുട്ടികളും ഈ നാട്ടിൽ വളർന്നുവരട്ടെ.**



# കള്ളൻ ചക്കേട്ടില്ല!

**പി കെ ഗോപി**

തേൻ വരിക്കച്ചക്കയുടെ മണം, ചുളയുടെ മധുരം, സ്വാദ്, നിറം ഇവയൊക്കെ അനുഭവിച്ചറിയേണ്ടതാണ്. നാട്ടുമ്പുറത്തെ ചില വീട്ടുപറമ്പിൽ വരിക്കപ്ലാവ് വളരും. ചക്ക വിളയുന്ന മാസമായാൽ ചിലർ നോട്ടമിടും. ചിലർ വിലപറഞ്ഞ് വാങ്ങാൻ വരും. മറ്റുചിലർ വാഴക്കുലയോ നെല്ലോ ചേനയോ തന്ന് ഒരു ചക്ക പറഞ്ഞുറപ്പിക്കും. ചക്ക പഴുക്കുമ്പോഴുള്ള മണം പിടിച്ച് ചിലർ ചുറ്റിപ്പറ്റി നടക്കും. മുറിക്കുമ്പോൾ ഒരു പങ്ക് അവർക്കു വേണം. അതാണാഗ്രഹം.



വര: അഭിലാഷ് ഹരിതം

അമ്മയുടെ ദാനശീലം ചിലർക്കറിയാം. അച്ഛനറിയാതെ ചിലർ അമ്മവഴി ശുപാർശയുമായി വീട്ടിലെ വരിക്കച്ചക്ക കൈക്കലാക്കും. പിടിച്ചാൽ പിടിമുറ്റാത്ത മൂന്നു പ്ലാവുകൾ പടിഞ്ഞാറെ പറമ്പിലുണ്ട്. രണ്ടെണ്ണം കൂഴ. എല്ലാകൊമ്പിലും ചക്ക വിളയും. കിളികളും അണ്ണാനും വാവലും കള്ളന്മാരും പങ്കിട്ടതിന്റെ ബാക്കിയേ കിട്ടൂ. ആകാശം മുട്ടെ വളരുന്ന കൂഴപ്ലാവിൽ കയറാൻ അത്ര എളുപ്പമല്ല. എന്നാലും സാഹസപ്പെട്ട് ചില യുവാക്കൾ കയറും. മൂന്നോ നാലോ ചക്ക അടർത്തിയിട്ടാൽ ഒന്ന് അവരെടുക്കും. പ്ലാവിൽ നിറയെ കടിയുറുമ്പുകളുണ്ട്. എറുമ്പു കടിക്കാതിരിക്കാൻ ശരീരം മുഴുവൻ ചാരം പൂശും. ചിലർ മണ്ണെണ്ണ പുരട്ടും. വീടിന്റെ മുൻവശത്തെ പറമ്പിൽ അത്ര വലിപ്പമില്ലാത്ത വരിക്കപ്ലാവ് നോട്ടപ്പുള്ളിയായി നിൽപ്പുണ്ട്. ഇക്കുറി അധികം ചക്ക കായ്ച്ചിട്ടില്ല. അഞ്ചോ ആറോ എണ്ണം മാത്രം. വേവിക്കാൻ വരിക്കച്ചക്ക അടർത്താറില്ല. പാകമായി പഴുപ്പിക്കാൻ കാത്തുനിർത്തും. പ്ലാവിന്റെ ചുവട്ടിൽ ഞങ്ങൾ കുട്ടികൾ മണം പിടിച്ചു നടക്കും. ചെറിയ മണമെങ്ങാനും അനുഭവപ്പെട്ടാൽ ഉടൻ അച്ഛനെ അറിയിക്കും. പ്ലാവുകയറ്റത്തിൽ സാമർഥ്യമുള്ള ആരെയെങ്കിലും അച്ഛൻ കണ്ടെത്തും. കയറും

ചാക്കുമായി പ്ലാവിൽ കയറി പിച്ചാത്തികൊണ്ട് ഞെടുപ്പറുത്ത്, കൊമ്പിലൂടെ കയർ കെട്ടിവലിച്ചു താഴെയിറക്കും. പൊത്തോന്നു താഴെ വീണാൽ ചുള ചതഞ്ഞുപോകും. പഴുത്താൽ സ്വാദുണ്ടാവില്ല. ചീഞ്ഞളിഞ്ഞു നശിക്കും.

ഗ്രാമങ്ങളിൽ എല്ലാറ്റിനും പോംവഴിയുണ്ട്. യന്ത്രവും കറണ്ടും പെട്രോളും പ്രചാരം നേടുന്നതിനുമുമ്പേ ഉൾനാട്ടിൽപോലും എല്ലാവിധ കടുത്ത പ്രയത്നങ്ങൾക്കും മാർഗം കണ്ടുപിടിച്ചിരുന്നു. യന്ത്രക്കോവണി വരും മുമ്പ് മുളങ്കാലികളിൽ ചവിട്ടിക്കയറി ഉയരത്തിലെത്താൻ പണിയാളർക്കു കഴിഞ്ഞിരുന്നു. വലിയ മരത്തിൽ വലിഞ്ഞു കയറുന്ന മെലിഞ്ഞ മനുഷ്യരെ കണ്ടാൽ കണ്ടുനിൽക്കുന്നവർ ഭയപ്പെട്ടു നെഞ്ചിൽ കൈവയ്ക്കും.

അത്താഴംകഴിഞ്ഞ് ഉറങ്ങാൻ കിടക്കുന്നതിനുമുമ്പ് അച്ഛൻ പറയുന്നതുകേട്ടു.

“നാളെ വരിക്കച്ചക്കയിടണം. മേലേക്കൊമ്പിലെ നാലെണ്ണം വെളഞ്ഞതാ. ഒരെണ്ണം വല്യച്ഛന്റെ വീട്ടിൽ കൊടുക്കണം. ഒന്ന് മത്തായീടെ മക്കൾക്ക്. നമുക്ക് രണ്ടെണ്ണം മതി. മൂന്നോ നാലോ ദിവസം മതി പഴുക്കാൻ.”

ഓ... വരിക്കപ്പഴത്തിന്റെ മധുരം നാവിലൂറി! പ്ലാവിൽ കയറുന്നതും ചക്കയിടുന്നതുമൊക്കെ കാണാൻ നല്ല രസമാണ്. കയറുന്നവനെ എറുമ്പു പൊതിയും. വാശിയോടെ കടിക്കും. ഒരു കൈ കൊമ്പിൽ പിടിച്ചു തൂങ്ങി മറുകൈകൊണ്ട് എറുമ്പുകളെ തൂത്തെറിയും. വല്ലാത്ത കഷ്ടപ്പാടുതന്നെ. വരിക്കച്ചക്കയുടെ സ്വാദിനു മുന്നിൽ എറുമ്പുകടിയുടെ നീറ്റൽ ആരും സഹിക്കുമത്രേ!

‘വളരുമ്പോൾ പ്ലാവിലൊന്നു കയറണം. ഏണി വയ്ക്കാതെ അള്ളിപ്പിടിച്ചു വേണം കയറാൻ. മുകളിലത്തെ കൊമ്പിലിരുന്ന് ചുറ്റുപാടും കാണണം. താഴെ നിൽക്കുന്നവർ അമ്പരന്നു നോക്കണം. ചില്ലത്തുമ്പുവരെ പിടിച്ചു നിരങ്ങിയെത്തണം. താഴെ വരുമ്പോൾ എല്ലാവരും അഭിനന്ദിക്കണം.’

തഴപ്പായ തറയിൽ വിരിച്ച് ചേട്ടനോടൊപ്പം ഉറങ്ങാൻ കിടക്കുമ്പോൾ പ്ലാവുകയറ്റത്തെക്കുറിച്ച് ഞാൻ വായാടിത്തം വിളമ്പി.

“ആദ്യം നീ തറയിലൂടെ നടക്കാൻ പഠിക്ക്. പിന്നാട്ടെ പ്ലാവുകയറ്റം. നീറ്റും പൊട്ടിയുള്ള പ്ലാവാ. എറുമ്പുകൂട്ടം പടപോലെ വന്നു കടിക്കും. നീ ഉച്ചീം കുത്തി താഴെ വീഴും. അതോടെ നിന്റെ കച്ചോടം കഴീം. പ്ലാവേന്നു വീണാലേ... കൂഴപ്പഴം വീണപോലെ നീ ചിതറും. പിന്നെ ചമ്മന്തിപോലെ വാരിപ്പെറുക്കാം.”

‘ഹമ്മോ...’ ഞാൻ കണ്ണടച്ചു. പേടിച്ചു. ശരീരം പെരുത്തു. ചെറിയ വിറയൽ. ചേട്ടൻ മണ്ണെണ്ണ വിളക്കണച്ചു. പ്ലാവുകയറ്റത്തിന്റെ ഭീകരവിചാരത്തിൽ മുഴുകി തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉറക്കം വരുന്നില്ല.

‘ബ്ധോം!’

പറമ്പിൽ എന്തോ വീഴുന്ന ശബ്ദം. ഞാൻ ഞെട്ടി. ചേട്ടനറിഞ്ഞിട്ടേയില്ല. അച്ഛനെയോ അമ്മയെയോ വിളിക്കണമെന്നുണ്ട്. നാവ് പൊന്തുന്നില്ല. ഭയം.

“ചക്ക വീണതുപോലെ.... എന്തോ ഒരു ശബ്ദം കേട്ടല്ലോ..?”

“അച്ഛൻ എഴുന്നേറ്റിട്ടുണ്ട്. തീപ്പെട്ടിയുരുസുന്ന ശബ്ദം. ചിമ്മിനിവിളക്ക് കത്തുന്നു.

“വല്ല കള്ളന്മാരുമാണെങ്കിലോ... സൂക്ഷിച്ചിറങ്ങണേ.”

അമ്മയുടെ വാക്കുകൾ മുറിയിലെ ഇരുട്ടിൽ നിന്ന് ഞാൻ തിണ്ണയിലെ വെളിച്ചത്തിലേക്ക് വന്നു.

“അമ്മേ ഞാനും കേട്ടു. വീഴുന്ന ശബ്ദം! കമ്പൊടിയുന്നതുപോലെ തോന്നി.”

“ആങ്ഹാ...ഇതുവരെ ഉറങ്ങിയില്ലേ?”

അമ്മ എന്നെ ചേർത്തുപിടിച്ചു തഴുകി.

**പറമ്പിൽ എന്തോ വീഴുന്ന ശബ്ദം. ഞാൻ ഞെട്ടി. ചേട്ടനറിഞ്ഞിട്ടേയില്ല. അച്ഛനെയോ അമ്മയെയോ വിളിക്കണമെന്നുണ്ട്. നാവ് പൊന്തുന്നില്ല. ഭയം.**
**“ചക്ക വീണതുപോലെ....എന്തോ ഒരു ശബ്ദം കേട്ടല്ലോ..?”**
**“അച്ഛൻ എഴുന്നേറ്റിട്ടുണ്ട്. തീപ്പെട്ടിയുരുസുന്ന ശബ്ദം.**
**ചിമ്മിനിവിളക്ക് കത്തുന്നു.**

എന്റെ പേടി മാറി. ഞാനമ്മയുടെ കൈത്തണ്ടയിൽ മുറുകെപ്പിടിച്ചു.

മുറിയുടെ മൂലയിൽ നിന്ന് അച്ഛൻ ഒരു വടിയെടുത്തു. കട്ടിൻകീഴിലോ മൂലയിലോ അച്ഛൻ ഒരു ബലത്ത വടി കരുതിവയ്ക്കും. രാത്രി പുറത്തിറങ്ങിയാൽ വടിയാണ് കൂട്ട്. പാമ്പ്, പട്ടി, കള്ളൻ എല്ലാറ്റിനെയും നേരിടാൻ ഒരേയൊരായുധം.

ചിമ്മിനിവിളക്കുമായി അച്ഛൻ പറമ്പിലേക്ക് നടന്നു. പ്ലാവിന്റെ ചുവടു മുഴുവൻ കാട്ടുതാറാവിൻചെടി തളിർത്തു പൂത്തു കിടപ്പുണ്ട്.

“വിളക്കു കാണിച്ചേ, ഞങ്ങളും വരാം. ഒറ്റയ്ക്കു പോകണ്ട.”

അമ്മയും ഞാനും അച്ഛനോടൊപ്പം മുറ്റത്തിറങ്ങി. അച്ഛൻ മുമ്പിൽ. ഇടംകൈയിൽ ചിമ്മിനി. വലംകൈയിൽ വടി. വെളിച്ചം കണ്ട് ഞാനും അമ്മയും കല്ലും മുള്ളും ചവിട്ടാതെ പുറകെ നടന്നു. എവിടെയോ കാട്ടുമൂങ്ങയുടെ മൂളൽ. എന്റെ ഉള്ളിൽ

തീ പടർന്നു.

പ്ലാവിന്റെ ചുവട്ടിലെത്തിയതും കാട്ടുചെടികൾക്കിടയിൽ നിന്ന് അനക്കവും ഞരക്കവും!

''ആരെടാ കള്ളാ നീ? അടിച്ചു പുറം പൊളിക്കും... സത്യം പറഞ്ഞോ...!''

അച്ഛന്റെ ശബ്ദം കനത്തു. ചിമ്മിനി ഉയർത്തിപ്പിടിച്ച് അച്ഛൻ കള്ളനെ കാണാൻ ശ്രമിച്ചു.

''യ്യോ... തല്ലല്ലേ കൊച്ചാട്ടാ! ഞാനാ വേലുപ്പിള്ള. വരിക്കച്ചക്കേടെ കൊതി കൊണ്ടു കേറിപ്പോയതാ. പിടിവിട്ടുപോയി. നടുവിടിച്ചാ വീണത്. എഴുന്നേൽക്കാൻ വയ്യാ... യ്യോ... മ്മേ...!!''

''നീ ചക്കയിട്ടില്ലേ?''

''ഇല്ലേ... ഞെടുപ്പേൽ പിടികിട്ടുംമുമ്പ് കമ്പൊടിഞ്ഞുപോയി.''

ദയനീയമായ വാക്കുകൾ കേട്ട് എന്റെ മനസ്സലിഞ്ഞു. പാവം. ചക്കയോടുള്ള കൊതി കൊണ്ടല്ലേ?!

കള്ളൻ ചക്കേട്ടു... കണ്ടാമിണ്ടണ്ടാ...കൊണ്ടോയ്ത്തിന്നോട്ടെ... എന്ന് അമ്മ പാടുന്ന പഴഞ്ചൊല്ല് ഓർത്തു.

''പകൽ വന്നു ചോദിച്ചാപ്പോരേ? ഒരു ചക്ക തരൂല്ലേ? വീണു ചാവാമ്പോണോ?''


അമ്മയുടെ വാക്കിലും ദയ തന്നെയായിരുന്നു.

പരുക്കേറ്റ വേലുപ്പിള്ളയെ അച്ഛൻ ഒരുവിധം പിടിച്ചെഴുന്നേൽപ്പിച്ചു. കാട്ടുചെടികൾക്കിടയിൽ വീണതിനാൽ വലിയ പരുക്കുകളില്ല. കാലിലും മുതുകിലും കഴുത്തിലും കൈയിലുമൊക്കെ അച്ഛൻ തിരുമ്മുകയും വലിച്ചു കുടയുകയും ചെയ്തു.

''നടക്കാമോ?'' അച്ഛൻ ചോദിച്ചു. മൂന്നു നാല് ചുവട് മുടന്തി നടന്നുനോക്കിയതിനുശേഷം അയാൾ പതുക്കെ വിതുമ്പി:

''നടക്കാം. ഇനി ഇങ്ങനെ ചെയ്യൂല്ല. ഇത് ആരോടും പറയല്ലേ, എന്റെ മാനം പോവും!''

''ഓ... അപ്പോ... ഇയാൾക്ക്



**പരുക്കേറ്റ വേലുപ്പിള്ളയെ അച്ഛൻ ഒരുവിധം പിടിച്ചെഴുന്നേൽപ്പിച്ചു. കാട്ടുചെടികൾക്കിടയിൽ വീണതിനാൽ വലിയ പരുക്കുകളില്ല. കാലിലും മുതുകിലും കഴുത്തിലും കൈയിലുമൊക്കെ അച്ഛൻ തിരുമ്മുകയും വലിച്ചു കുടയുകയും ചെയ്തു.**

മാനമുണ്ട്. മാനമുള്ളോൻ മോട്ടിക്കാനിറങ്ങരുത്. പ്ലാവിന്റെ ചോട്ടിൽ വീണു തുലഞ്ഞുപോയെങ്കിലോ? ചക്ക തിന്നില്ലേ തിന്നില്ല... ശ്രേയല്ലേയുള്ളൂ? നട്ടെല്ലൊടിഞ്ഞു തളർന്നു കിടന്നാ.... കിടന്നു!!''

അയാൾ ഒന്നും പറഞ്ഞില്ല. തലകുനിച്ചു നിന്നു.

''ഞാനാരോടും പറയാനൊന്നും പോണില്ല. വീട്ടിപ്പോയി കുഴമ്പോ വല്ലോം പുരട്ടി ചൂടുപിടിച്ചു കിടക്ക്. നാളെ ചക്ക അടർത്തും. ഒരെണ്ണം കൊടുത്തയയ്ക്കാം. വെളിച്ചം വേണേ ഇന്നാ കൊണ്ടുപൊയ്ക്കോ...''

അച്ഛൻ ചിമ്മിനി നീട്ടി. ചിമ്മിനിവെട്ടത്തിൽ അയാളുടെ കണ്ണുനീർ തിളങ്ങി. ഒന്നും പറയാതെ അയാൾ മുണ്ട് മുറുക്കിയുടുത്ത് മുടന്തിമുടന്തി ഇരുട്ടിൽ മറഞ്ഞു!!


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഹായ് ഡാഡി. എന്താ മോൻ ചോദിക്കാതെ മുട്ടായി കൊണ്ടുതന്നേ?
ടൺ... ട... ടെ... മോന്റെ ഫേവ റൈറ്റ് മിഠായി.
അതേ, പുതിയ വർഷ മല്ലേ വരുന്നേ. ഇനി ഡാഡി പറയാതെ തന്നെ ഈ കളിയൊക്കെ നിർത്തി പഠിക്കണം നല്ലോണം പഠിച്ചാ ലല്ലേ നല്ല ജോലി കിട്ടൂ! നല്ല മുന്തിയ കാറ് വാങ്ങാം... ലക്ഷങ്ങൾ വിലയുള്ള വീട് വയ്ക്കാം... കോടികൾ സമ്പാദിക്കാം...
!
മോനെന്താ ഒന്നും മിണ്ടാത്തെ?
കോടികളുടെ ബിസിനസ്സ് ഡീൽ ഉറപ്പിക്കാനാണോ അഞ്ചുരൂപയുടെ ഈ മിഠായി ഡാഡി വാങ്ങിച്ചു തന്നെ!

# ജ്ഞാനപീഠപ്രഭയിൽ

## ഇതിഹാസത്തിന്റെ എഴുത്തുകാരൻ

**വിനു എ**



2019 ലെ ജ്ഞാനപീഠ പുരസ്കാരം അക്കിത്തം അച്യുതൻ നമ്പൂതിരിയിലൂടെ മലയാളത്തിന്. പുതുതലമുറയുടെ അഭിരുചികളും വികാരങ്ങളും മനസ്സിലാക്കി പൈതൃകത്തിന്റേയും സംസ്കാരത്തിന്റേയും ഉൾക്കാമ്പിനെ അടുത്തറിയുവാൻ ശ്രമിക്കുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ. ആറാമതാണ് മലയാളത്തിലേക്ക് ജ്ഞാനപീഠമെത്തുന്നത്. ജി ശങ്കരക്കുറുപ്പ്(1965), എസ് കെ പൊറ്റെക്കാട് (1980), തകഴി ശിവശങ്കരപ്പിള്ള (1984), എം ടി വാസുദേവൻ നായർ (1995), ഒ എൻ വി കുറുപ്പ്(2007) എന്നിവരാണ് ഇതിനു മുമ്പ് പുരസ്കാരം ലഭിച്ച മലയാളികൾ.

2019ലെ ജ്ഞാനപീഠ പുരസ്കാരം അക്കിത്തം അച്യുതൻ നമ്പൂതിരിയിലൂടെ മലയാളത്തിന്. ആറാമതാണ് മലയാളത്തിലേക്ക് ജ്ഞാനപീഠമെത്തുന്നത്.

മഹത്തായ ഭാരതീയസംസ്കാരത്തിന്റെ ഉറവിടങ്ങൾ അന്വേഷിച്ച കവിയാണ് അക്കിത്തം. ആധുനികമായ സമ്പ്രദായങ്ങളെ നിരാകരിക്കുവാനല്ല, അവയുടെ നന്മയെ ഉൾകൊണ്ട് സ്വീകരിക്കാനാണ് ശ്രമിക്കേണ്ടതെന്നതായിരുന്നു അദ്ദേഹത്തിന്റെ ആശയം. പുതുതലമുറയുടെ അഭിരുചികളും വികാരങ്ങളും മനസ്സിലാക്കി പൈതൃകത്തിന്റേയും സംസ്കാരത്തിന്റേയും ഉൾക്കാമ്പിനെ അടുത്തറിയുവാൻ ശ്രമിക്കുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ ചുറ്റും നടമാടുന്ന ക്രൂരവും ദൈന്യത നിറഞ്ഞതുമായ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന് മാനവികത ഉയർത്തിപിടിക്കാനുള്ള ആഹ്വാനങ്ങളായി അദ്ദേഹത്തിന്റെ കവിതകൾ മാറുന്നുണ്ട്. മനുഷ്യസ്നേഹമാണ് അദ്ദേഹത്തിന്റെ കവിതകളുടെ മുഖമുദ്ര. സാഹിത്യം സ്നേഹത്തിലധിഷ്ഠിതമാണെന്ന് അക്കിത്തം ഓർമ്മിപ്പിക്കുന്നു. ആധുനികതയോട് കലഹിച്ചും നാടിന് സംഭവിച്ച സാംസ്കാരികച്യുതിയിൽ വേദനിച്ചും അദ്ദേഹത്തിന്റെ ശബ്ദം ഉയരുന്നു.

### ജനനം

1926 മാർച്ച് 18ന് പാലക്കാട് ജില്ലയിലെ കുമരനെല്ലൂരിൽ അമേറ്റിക്കര അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയുടെയും ചേകൂർ മനയ്ക്കൽ പാർവ്വതി അന്തർജ്ജനത്തിന്റേയും മകനായി ജനിച്ചു. ബാല്യത്തിൽ തന്നെ സംസ്കൃതവും സംഗീതവും ജ്യോതിഷവും പഠിച്ചു. കുമരനെല്ലൂർ സ്കൂളിലെ പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം കോഴിക്കോട് സാമൂതിരികോളേജിൽ ഇന്റർമിഡിയറ്റിന് ചേർന്നുവെങ്കിലും പഠനം പൂർത്തിയാക്കിയില്ല.

എട്ടുവയസിൽ എഴുതിത്തുടങ്ങി. ഇടശ്ശേരി, ബാലാമണിയമ്മ, നാലപ്പാടൻ, കുട്ടികൃഷ്ണമാരാർ, വി ടി ഭട്ടതിരിപ്പാട്, എം ആർ ബി തുടങ്ങിയവരുമായുള്ള സഹവർത്തിത്ത്വവും ശിഷ്യത്വവുമാണ് കവിതയുടെ ലോകത്തെ വിപുലമാക്കാൻ അക്കിത്തത്തെ സഹായിച്ചത്. ഉണ്ണിനമ്പൂതിരി മാസികയുടെ പ്രസാധകനായും യോഗക്ഷേമം ആഴ്ചപ്പതിപ്പ്, മംഗളോദയം മാസിക എന്നിവയുടെ ഉപപത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. 1956 ജൂണിൽ ആകാശവാണിയിൽ ചേർന്നു. കോഴിക്കോട്, തൃശൂർ നിലയങ്ങളിലായി ജോലിചെയ്തു. 1985ൽ എഡിറ്റർ തസ്തികയിൽ നിന്ന് വിരമിച്ചു.

### ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം

അക്കിത്തത്തിന്റെ ഏറെ ചർച്ച ചെയ്യപ്പെട്ട കൃതിയാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഇതി

ഹാസം. മലയാളകവിതയിൽ ആധുനികത ആരംഭിക്കുന്നത് ഈ കൃതിയോടെയാണ്. എഴുതപ്പെട്ട കാലത്തു മാത്രമല്ല, ഇന്നും ഈ കൃതി ഗാഢമായ വായനയും ആസ്വാദനവും വിമർശനവും അർഹിക്കുന്നുണ്ട്. മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ ജീവിതദർശനമാണ് ഈ കൃതിയുടെ ഉള്ളടക്കമെന്ന് പറയാം.

'വെളിച്ചം ദു:ഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' എന്ന് വർഷങ്ങൾക്കു മുമ്പാണ് അദ്ദേഹം എഴുതിയത്. കാലങ്ങളിലൂടെ ആ വരികൾ പലവിധത്തിൽ സഞ്ചരിക്കുന്നുണ്ട്. ആത്മീയതയും ആഴത്തിലുള്ള ദാർശനികതയും ആ കവിതകളിൽ കാണാനാവും. മനുഷ്യസ്നേഹത്തിൽ വിശ്വസിക്കുകയും അത് വീട്ടുവീഴ്ചകളില്ലാതെ ഉയർത്തിപ്പിടിക്കുകയും ചെയ്ത കവിയാണ് അക്കിത്തം.

ഭാരതത്തിന്റെ സാംസ്കാരികപൈതൃകത്തോടും അതിന്റെ വൈവിധ്യത്തോടും ശക്തമായ കൂറ് അക്കിത്തം പുലർത്തുന്നതായി കാണാനാവും. പാരമ്പര്യത്തിൽ അഭിമാനിക്കുകയും ചെയ്തിരുന്നു. പാരമ്പര്യത്തിനും ആധുനികതയ്ക്കുമിടയിലെ കണ്ണിയായി നിലകൊണ്ടുള്ള സർഗജീവിതമാണ് അദ്ദേഹം പുലർത്തിയത്.

''പ്രത്യയശാസ്ത്രങ്ങളും മാർഗങ്ങളും വിതച്ച ജീവിതത്തിന്റെ വൈതരണികളിൽ അഹിംസയും നന്മയും മാനവികതയും വിരിയിച്ചെടുക്കുന്ന അക്കിത്തം ജന്മനാ കവിയാണെന്ന്'' എം ടി വാസുദേവൻ നായർ എഴുതുന്നുണ്ട്.

പ്രകൃതിക്കു മേലുള്ള മനുഷ്യന്റെ കടന്നുകയറ്റങ്ങളും അദ്ദേഹത്തെ വേദനിപ്പിക്കുകയും അവയ്ക്കെതിരെ ശക്തമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കവിതകൾ ശക്തമായ വികാരമായാണ് ഉയരുന്നത്. അദ്ദേഹം എഴുതുന്നുണ്ട്: ''ഞാൻ എന്തിനുവേണ്ടി കവിതയെഴുതുന്നു? സമുദായത്തെ സേവിക്കാൻ വേണ്ടിയാണോ? അതു ചെയ്യണമെന്ന തീവ്രാഭിവാഞ്ഛ ഉണ്ടെന്നുള്ളത് വാസ്തവം. പക്ഷേ, അതിനു മാത്രമാണെങ്കിൽ വിഷയമെല്ലാം ഒരുങ്ങിയിട്ടും പുറമേ നിന്നുള്ള ആവശ്യം വരുമ്പോഴൊക്കെ എഴുതുവാൻ സാധിക്കുന്നില്ലല്ലോ! എന്നാൽ എനിക്ക് വേണമെന്നു തോന്നുമ്പോഴൊക്കെ എഴുതാൻ കഴിയേണ്ടതാണ്. അതും സാധിക്കുന്നില്ല. എല്ലാം, പിന്നെയൊരിക്കൽ ആവാമെന്നു വെച്ച് തടുത്തുനിർത്തുവാൻ സാധിക്കാത്ത അസ്വസ്ഥത ചിലപ്പോൾ കവിതയായി പുറത്തുചാടുകയും ചെയ്യുന്നുണ്ട്.''



Author : Mullookkaaran

## ഓണവും പുരാണങ്ങളും

മഹാബലിക്ക് പുതിയ മൂല്യദർശനം നൽകുന്ന ഖണ്ഡകാവ്യമാണ് ബലിദർശനം. ബലി എങ്ങനെയാണ് അതിശക്തമായ ചൈതന്യത്തോടെ തെളിയുന്നതെന്ന് ഈ കവിത പറഞ്ഞുതരും. കൊടിയ വഞ്ചനയുടെ മുന്നിൽ തല താഴ്ത്തിയ മലയാളികളുടെ മരിക്കാത്ത രാജാവായി മഹാബലി ജ്വലിച്ചു നിൽക്കുന്നത് അങ്ങനെയാണ്. ഭാരതീയപൈതൃകത്തിന്റെ പുനരാവിഷ്കാരം കവിതയിൽ എങ്ങനെ സാധ്യമാകുന്നു

വെന്ന് തെളിയിക്കുന്നതാണ് മഹിഷാസുരമർദ്ദിനി. പരമ്പരാഗതമായ വീക്ഷണങ്ങളെ പുതുചിന്തയോട് കൂട്ടിച്ചേർത്താണ് അദ്ദേഹം കവിതകളിൽ അവതരിപ്പിക്കുന്നത്.

മഹാത്മാഗാന്ധിയുടെ ജീവിതം അവതരിപ്പിക്കുന്ന ഖണ്ഡകാവ്യമാണ് ധർമ്മസൂര്യൻ. ആകാശവാണിക്കു വേണ്ടി ഗാന്ധിമാർഗം പരിപാടി തയ്യാറാക്കാനായി ഗാന്ധിസാഹിത്യം മുഴുവൻ വായിച്ച അദ്ദേഹം ഗാന്ധിയുടെ അന്ത്യനിമിഷങ്ങളെ അവലംബമാക്കിയാണ് ഈ കാവ്യം രചിച്ചത്.

സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ, കേരള സാഹിത്യഅക്കാദമി വൈസ് പ്രസിഡന്റ്, ഇടശ്ശേരി സ്മാരകസമിതി പ്രസിഡന്റ്, ചങ്ങമ്പുഴ സ്മാരകസമിതി വൈസ് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.



## എഴുത്തുകൾ

കവിത, നാടകം, ചെറുകഥ, ഉപന്യാസം, വിവർത്തനം എന്നീ മേഖലകളിലായി 47 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ബലിദർശനം, ധർമ്മസൂര്യൻ, ആലഞ്ഞാട്ടമ്മ, സ്പർശമണികൾ, മാനസപൂജ, മധുവിധു, മധുവിധുവിനു ശേഷം, പഞ്ചവർണ്ണക്കിളികൾ, വെണ്ണക്കല്ലിന്റെ കഥ, വീരവാദം, മനോരഥം, അനശ്വരന്റെ ഗാനം, സഞ്ചാരികൾ, സമന്വയത്തിന്റെ ആകാശം, കരതലാമലകം, അഞ്ച് നാടോടിപ്പാട്ടുകൾ, അന്തിമഹാകാലം, അക്കിത്തത്തിന്റെ കുട്ടിക്കവിതകൾ, കളിക്കൊട്ടിലിൽ തുടങ്ങിയവയാണ് കവിതാസമാഹാരങ്ങൾ. 'ഈ ഏട്ത്തി നൊണേ പറയൂ' എന്ന നാടകവും അവതാളങ്ങൾ എന്ന ചെറുകഥയും അദ്ദേഹത്തിന്റെതായിട്ടുണ്ട്. ഉപനയനം, സമാവർത്തനം എന്നിങ്ങനെ ഉപന്യാസങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.



ജ്ഞാനപീഠ പുരസ്കാരം

Photo: currentaffairs.nirdeshak.com

## അംഗീകാരങ്ങൾ

ബലിദർശനം എന്ന കൃതിക്ക് കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, ജ്ഞാനപീഠ സമിതിയുടെ മൂർത്തിദേവി പുരസ്കാരം, ഉള്ളൂർഅവാർഡ്, ആശാൻ അവാർഡ്, ലളിതാംബിക അന്തർജ്ജനം അവാർഡ്, വള്ളത്തോൾ അവാർഡ്, കൃഷ്ണഗീതി അവാർഡ്, പത്മപ്രഭ അവാർഡ്, മധ്യപ്രദേശ് സർക്കാരിന്റെ കബീർ സമ്മാൻ, ബാലമണിയമ്മ അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2017ൽ പത്മശ്രീയും ലഭിച്ചിട്ടുണ്ട്.

ഓരോ വായനയും പുതിയ അർഥതലങ്ങൾ സൃഷ്ടിക്കുന്നുവെന്നതാണ് അക്കിത്തത്തിന്റെ കവിതകളുടെ സവിശേഷത. കാലങ്ങൾ മാറുമ്പോഴും അദ്ദേഹത്തിന്റെ കവിതകളുടെ ഉള്ളടക്കം കൂടുതൽ ശക്തിയോടെ ജീവിക്കുന്നതും അതിനാലാണ്.

## ജ്ഞാനപീഠ പുരസ്കാരം

സർക്കാരിന്റെ ഔദ്യോഗിക പുരസ്കാരമല്ലെങ്കിലും ഇന്ത്യയിലെ ഉന്നതമായ സാഹിത്യ പുരസ്കാരമാണ് ഭാരതീയജ്ഞാനപീഠ പുരസ്കാരം. ഷെഡ്യൂൾ 8 പ്രകാരമുള്ള ഭാരതീയ ഭാഷകളിലെയും ഇംഗ്ലീഷിലെയും സാഹിത്യകാരന്മാർക്കാണ് ഈ പുരസ്കാരം ലഭിക്കുക.

ആദ്യമായി ഈ പുരസ്കാരം ലഭിച്ചത് മലയാളിയായ ജി ശങ്കരക്കുറുപ്പിനായിരുന്നു (1965). അദ്ദേഹത്തിന്റെ ഓടക്കുഴൽ എന്ന കൃതിക്കായിരുന്നു പുരസ്കാരം. ആദ്യകാലത്ത് കൃതിക്കായിരുന്നു അവാർഡ് നൽകിയത്. 1982 മുതൽ സാഹിത്യകാരന്റെ സമഗ്ര സാഹിത്യ സംഭാവനകളെ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്. വാഗ്ദേവിയുടെ വെങ്കലശിൽപം, പ്രശസ്തിപത്രം, അവാർഡുതുകയുടെ ചെക്ക് എന്നിവ അടങ്ങുന്നതാണ് പുരസ്കാരം. ഇപ്പോൾ പതിനൊന്ന് ലക്ഷത്തോളമാണ് അവാർഡ്തുക.

# ആദിത്യസ്തോത്രം

## മഹാകവി അക്കിത്തം



വര: സുധീർ പി വൈ



*(ജ്ഞാനപീഠ ജേതാവായ മഹാകവി അക്കിത്തത്തിന്റെ പുണ്യപാദങ്ങളിൽ തളിര് വായനക്കാരായ കുഞ്ഞുങ്ങൾ നമസ്കരിക്കുന്നു. കഴിഞ്ഞ തളിരിലും അദ്ദേഹത്തിന്റെ കവിതയായിരുന്നു കവിതാപരിചയം എന്നോർക്കുക.)*

പുലരി വരുന്നു, പുതിയൊരു ദിവസം
കണ്ണുമിഴിക്കുന്നൂ, മീതേ
കണ്ണുമിഴിക്കുന്നൂ;

പുലരി വരുന്നു, പുതിയ വെളിച്ചം
വന്നു വിളിക്കുന്നൂ, നമ്മളെ
വന്നു വിളിക്കുന്നൂ.

അമ്പലനടയിൽ കൊമ്പനെടുക്കും
തിടമ്പിനെപ്പോലെ, കനക
ത്തിടമ്പിനെപ്പോലെ,

അതാ കിഴക്കൻമാമല രവിയെ-
ച്ചുമന്നു നിൽക്കുന്നൂ, മുതുകിൽ-
ച്ചുമന്നു നിൽക്കുന്നൂ.

കൂമ്പും മിഴിയും, കുനിയും തലയും
വഹിച്ചു നിൽക്കുമ്പോൾ, ഭക്ത്യാ
വഹിച്ചു നിൽക്കുമ്പോൾ

ആമ്പൽപ്പൂവുകൾ കാറ്റത്തിളകും
ചുണ്ടാൽ പ്രാർഥിപ്പൂ, മൃദുല-
ച്ചുണ്ടാൽ പ്രാർഥിപ്പൂ.

ഒരാളുമില്ല ഭുവസ്സിൽബ്ഭൂവിൽ
സ്വർഗത്തിൽപ്പോലും, സാക്ഷാൽ
സ്വർഗത്തിൽപ്പോലും

വരേണ്യനായിസ്സവിതാവല്ലാ-
തൊരാളുമില്ലല്ലോ, വേറി-
ട്ടൊരാളുമില്ലല്ലോ!

പുലരി വരുന്നൂ, പുതിയൊരു ദിവസം
കണ്ണുമിഴിക്കുന്നൂ, മീതേ
കണ്ണുമിഴിക്കുന്നൂ:

പുലരി വരുന്നു, പുതിയ വെളിച്ചം
വന്നുവിളിക്കുന്നൂ, നമ്മളെ
വന്നു വിളിക്കുന്നൂ.



ഫീച്ചർ

# മകളേ നിനക്കായ്

സിന്ധുസാജൻ

**ഈ വരുന്ന ജനുവരി 24 പെൺകുട്ടികൾക്കായുള്ള ദിനമായി ദേശീയതലത്തിൽ നാം ആചരിക്കുകയാണ്. നാഷണൽ ഗേൾ ചൈൽഡ് ഡേ 2020 നാം ആഘോഷിക്കുന്നത് 'എംപവറിങ് ഗേൾസ് ഫോർ ബെറ്റർ റ്റുമോറോ' (Empowering girls for better tomorrow) എന്ന ആശയത്തെ മുൻനിർത്തിയാണ്.**



രണ്ടുവർഷങ്ങൾക്കുമുമ്പ് രാജസ്ഥാൻ മരുഭൂമിയിലെ ജയ്സാൽമീറിലെ ഒട്ടകപ്പുറത്തേറിയുള്ള മണൽയാത്രയുടെ ആഹ്ലാദത്തിനിടയ്ക്കാണ് അവിടെ യാത്രികരെ രസിപ്പിക്കാനായി നൃത്തം ചെയ്യാനെത്തുന്ന കൊച്ചുപെൺകുട്ടികളെയും യുവതികളെയും കണ്ടത്. മരുഭൂമിയിലൂടെ ദിവസവും പത്തുമുതൽ ഇരുപതുവരെ കിലോമീറ്ററോളം നടന്നാണ് ഭിക്ഷാടനത്തിനായി അവരെത്തുന്നത്. അവരുമായി സംവദിക്കാനൊരവസരം ലഭിച്ചപ്പോൾ അധ്യാപികയെന്ന നിലയിൽ അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചറിയാൻ സ്വാഭാവികമായൊരു ഉത്കണ്ഠയുണ്ടായി. ആ കൊച്ചു പെൺകുട്ടികളാരും സ്കൂൾ എന്ന പദം കേട്ടിട്ടേയില്ലായിരുന്നു. ഒരുപക്ഷേ നമുക്കിതൊരു അവിശ്വസനീയതയായി തോന്നാം. കൂട്ടത്തിൽ ഒട്ടകപ്പുറത്തെ സഫാരിക്കാർക്ക് സഹായികളായി എത്തിയ 15 വയസ്സോളമുള്ള ആൺകുട്ടികളെയും കണ്ടു. അവർക്ക് സ്കൂളിനെക്കുറിച്ചറിയാം. ആഴ്ചയിലൊരിക്കൽ സ്കൂളിൽ വന്നുപോകുന്ന അധ്യാപകനാണത്രെ അവർക്കുള്ളത്. അധ്യാപകൻ സ്കൂളിലെത്തിക്കഴിഞ്ഞാൽ അടുത്തുള്ള കുട്ടികളെയെല്ലാം വിളിച്ചുകൂട്ടും. തുടർന്നാണത്രെ പഠനം. എന്നാൽ ആൺകുട്ടികൾക്കു മാത്രമേ ഈ സൗകര്യം ലഭ്യമാകുന്നുള്ളൂ. പെൺകുട്ടികൾ അവിടെ പോകാറേയില്ലത്രെ!

ഇവിടെ പെൺകുഞ്ഞുങ്ങളുടെ ദിനം ഭിക്ഷയാചിക്കാൻ മാത്രമുള്ളതത്രേ! ജയ്സാൽമീറിലെ വിദൂരസ്ഥലങ്ങളിൽ നിന്ന് കിലോമീറ്ററുകൾ സഞ്ചരിച്ചെത്തുന്ന ഈ പെൺകുഞ്ഞുങ്ങൾ സന്ധ്യമയങ്ങുമ്പോൾ ഇതേ ദൂരം തിരിച്ചും താണ്ടി വേണം വീടുകളിലെത്താൻ. അധ്യാപികയെന്ന നിലയിൽ മാത്രമല്ല, സ്ത്രീയെന്ന നിലയിലും അമ്മയെന്ന നിലയിലും വേദനാജനകമായ ഒരനുഭവമായിരുന്നു ഇത്.

നമ്മുടെ രാജ്യത്ത് ഒരു ഗ്രാമപ്രദേശത്ത് ഇന്നും നിലനിൽക്കുന്ന ഒരു കാഴ്ചയാണിവിടെ സാന്ദർഭികമായി വിവരിച്ചത്. സ്ത്രീശാക്തീകരണം, ലിംഗസമത്വം എന്നീ വാക്കു

സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും തുല്യതയ്ക്കുമായി നിരവധി സംഘടനകളും പ്രവർത്തനങ്ങളും രാജ്യത്താകമാനം നടക്കുന്നുണ്ട്. എന്നിട്ടും ഒളിഞ്ഞും തെളിഞ്ഞും പെൺകുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ അതിക്രമങ്ങൾ ദിനംപ്രതി നമ്മെ അലോസരപ്പെടുത്തുന്നില്ലേ? പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിനോളം പ്രധാനമാണ് സ്വന്തം അവകാശങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കുന്നത്. പെൺകുട്ടികൾ സ്വയം ശാക്തീകരിക്കപ്പെടുകയെന്നതു തന്നെയാണ് പ്രധാനം. ആ അർഥത്തിലാണ് നല്ല നാളേക്കായി പെൺകുഞ്ഞുണരണം എന്ന ആശയം ഈ വർഷം പ്രാവർത്തികമാക്കാൻ നാം ശ്രമം നടത്തുന്നത്.

ഈ സന്ദർഭത്തിൽ കൾ തുടരെത്തുടരെ കേട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തും വിദ്യാലയങ്ങൾ അന്യമായ പെൺകുട്ടികൾ ഉണ്ടെന്ന അറിവ് നമ്മെ ആഴത്തിൽ ചിന്തിപ്പിക്കുന്നില്ലേ?

കൂട്ടുകാരേ, നിങ്ങൾക്കറിയാമോ? ഈ വരുന്ന ജനുവരി 24 പെൺകുട്ടികൾക്കായുള്ള ദിനമായി ദേശീയതലത്തിൽ നാം ആചരിക്കുകയാണ്. നാഷണൽ ഗേൾ ചൈൽഡ് ഡേ 2020 നാം ആഘോഷിക്കുന്നത് 'എംപവറിങ് ഗേൾസ് ഫോർ ബെറ്റർ റ്റുമോറോ' (Empowering girls for better tomorrow) എന്ന ആശയത്തെ മുൻനിർത്തിയാണ്. ദിനാചരണങ്ങളുടെ ബാഹുല്യമുള്ള ഇക്കാലത്തും പെൺകുട്ടിക്കായൊരു ദിനമെന്തിന് എന്നും കൂട്ടുകാർ ചിന്തിക്കുന്നുണ്ടാകും.

പെൺകുട്ടികളനുഭവിക്കുന്ന അവകാശ തുല്യതാപ്രശ്നങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും വിദ്യാഭ്യാസം, പോഷകാഹാരം, വൈദ്യശുശ്രൂഷ, ആരോഗ്യരക്ഷ എന്നിവ മികച്ച രീതിയിൽ പെൺകുട്ടികൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, വ്യക്തിയെന്ന നിലയിലുള്ള സാമൂഹ്യാംഗീകാരം, അർഹമായ ബഹുമതി എന്നിവ നേടിയെടുക്കുന്നതിനും, ശൈശവവിവാഹം, മറ്റുതരത്തിലുള്ള അക്രമങ്ങൾ എന്നിവയിൽ നിന്ന് പെൺകുട്ടികൾക്ക് സുരക്ഷയേർപ്പെടുത്തുന്നതിനും ഒപ്പം ആനന്ദപ്രദമായ ജീവിതാന്തരീക്ഷമൊരുക്കുന്നതിനും ഒരോർമപ്പെടുത്തൽ എന്ന നിലയ്ക്കു കൂടിയാണ് പെൺകുട്ടികൾക്കായി ഒരുദിനം എന്ന ആശയം രാജ്യത്ത് രൂപം കൊള്ളുന്നത്. നാഷണൽ ഗേൾസ് ഡവലപ്മെന്റ് മിഷൻ ആണ് 2008 മുതൽ രാജ്യത്ത് നാഷണൽ ഗേൾ ചൈൽഡ് ഡേ (National Girl Ghild Day) എന്ന പേരിൽ ഈ ദിനാചരണത്തിന് തുടക്കമിട്ടത്. എല്ലാ വർഷവും ജനുവരി 24 നാണ് നാം ഈ ദിനമാചരിക്കുന്നത്.

അന്തർദേശീയ തലത്തിൽ ഐക്യരാഷ്ട്രസഭാനേതൃത്വത്തിൽ 'ഇന്റർനാഷണൽ ഡേ ഓഫ് ദ ഗേൾ ചൈൽഡ്' (International day of the girl child) ആചരിച്ചുവരുന്നുണ്ട്. അന്തർദേശീയ തലത്തിൽ ഒക്ടോബർ 11 ആണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. വിവിധ രാജ്യങ്ങൾ വ്യത്യസ്തങ്ങളായ പരിപാടികളോടെ വിപുലമായി പെൺകുഞ്ഞുങ്ങളുടെ ദിനമാചരിക്കാറുണ്ട്. 2012 ലാണ് യു എൻ ജനറൽ അസംബ്ലി ആദ്യമായി പെൺകുഞ്ഞുങ്ങൾക്കായൊരു ദിനം പ്രഖ്യാപിച്ചത്.



ജ്യത്ത് സ്ത്രീകളനുഭവിക്കുന്ന വിവേചനങ്ങളുടെ ചില കണക്കുകൾ ഇനിയും നാം പരിശോധിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര ഭാരതത്തിന് 72 തികഞ്ഞിട്ടും സ്ത്രീ സാക്ഷരത ശതമാനം നമുക്ക് വെറും 53.81% മാത്രമാണെന്നറിയുമ്പോഴാണ് ലിംഗനീതിയെന്ന വാക്കിന്റെ പ്രസക്തി അത്രതന്നെ ചിന്തനീയമാകുന്നത്! രാജ്യത്ത് ഇന്നും മൂന്നിലൊന്ന് പെൺകുട്ടികളും പോഷകദാരിദ്ര്യം അനുഭവിക്കുന്നവരാണത്രെ!

ലോകത്താകമാനമുള്ള കണക്കുകളെടുത്താൽ 62 മില്യൻ പെൺകുട്ടികൾക്ക് ഇപ്പോഴും വിദ്യാലയങ്ങൾ അന്യമത്രെ! 5 മുതൽ 14 വയസ്സുവരെയുള്ള പെൺകുട്ടികളിൽ 160 മില്യൻ പെൺകുട്ടികളും അതേ പ്രായത്തിലുള്ള ആൺകുട്ടികളെ അപേക്ഷിച്ച് കഠിനമായ വീട്ടുജോലികളിൽ ഏർപ്പെടുന്നവരാണത്രെ!

ലോകത്ത് ഓരോ നാലു പെൺകുട്ടികളിൽ ഒരാൾ വീതം പ്രായപൂർത്തിയാകാത്ത വിവാഹത്തിന് വിധേയരാകുന്നുവത്രെ! കൂടാതെ ഏതെല്ലാം തരം അക്രമങ്ങൾക്കാണ് സ്ത്രീകളും കുട്ടികളും പ്രതിദിനം വിധേയരാകേണ്ടിവരുന്നത്! ദേശീയ ക്രൈം റെക്കോഡ് ബ്യൂറോ (NCRB) യുടെ കണക്കു പ്രകാരം കഴിഞ്ഞ 17 വർഷത്തിനിടയ്ക്ക് ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യുന്ന ബലാൽസംഗക്കേസുകളിൽ 103% ആണ് വർധനവ്. ഇക്കാലയളവിൽ 4,15,786 സ്ത്രീകളാണത്രെ ബലാൽസംഗത്തിന് ഇരയാകേണ്ടിവന്നത്!

**ലോകത്താകമാനമുള്ള കണക്കുകളെടുത്താൽ 62 മില്യൻ പെൺകുട്ടികൾക്ക് ഇപ്പോഴും വിദ്യാലയങ്ങൾ അന്യമത്രെ! 5 മുതൽ 14 വയസ്സുവരെയുള്ള പെൺകുട്ടികളിൽ 160 മില്യൻ പെൺകുട്ടികളും അതേ പ്രായത്തിലുള്ള ആൺകുട്ടികളെ അപേക്ഷിച്ച് കഠിനമായ വീട്ടുജോലികളിൽ ഏർപ്പെടുന്നവരാണത്രെ!**


എന്നിരിക്കിലും ഇന്ത്യയിലെ മറ്റിടങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ സ്ഥിതി ഏറെ മെച്ചപ്പെട്ടതുതന്നെയാണ് എന്നത് നമുക്കാശ്വാസം തരുന്നതുതന്നെ.

ഏതായാലും നാഷണൽ ഗേൾ ചൈൽഡ് ഡേ 2020 'എംപവറിങ് ഗേൾസ് ഫോർ ബെറ്റർ റ്റുമോറോ' എന്ന ആശയത്തിൽ അധിഷ്ഠിതമായി നാം ആചരിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ വ്യത്യസ്തതരത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ചില പെൺകുട്ടികളെക്കൂടി നമുക്ക് പരിചയപ്പെടാം. പെൺകുട്ടികളുടെ വിദ്യാഭ്യാസ വിവേചനത്തിനായി പോരാടുന്ന മലാലയുടെ കഥ കൂട്ടുകാർക്കേവർക്കും സുപരിചിതമാണല്ലോ? ഇക്കൂട്ടത്തിൽ പെടുത്താവുന്നവരാണ് നദിയ മുറാദ്, ഗ്രെറ്റ ട്യൂൻബർഗ്, ജൂലിയ ബട്ടർഫ്ളൈ ഹിൽ എന്നീ പെൺകുട്ടികൾ. ഈ പെൺകുട്ടികളുടെ അനുഭവങ്ങൾ നമുക്ക് പ്രചോദനങ്ങളാകട്ടെ!

ഇത്തരത്തിൽ പെൺകുഞ്ഞുങ്ങൾക്കായുള്ള ഈ ദിനത്തിൽ നമുക്കേവർക്കും പുതിയ തീരുമാനങ്ങളെടുക്കാം. തുല്യതയ്

### NCRB യുടെ സ്ത്രീകൾക്കെതിരായ അക്രമങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്

| | | |
|---|---|---|
| * Rape | - | ബലാൽസംഗം |
| * Mollestation | - | ലൈംഗികാതിക്രമം |
| * Kidnapping | - | തട്ടിക്കൊണ്ടുപോകൽ |
| * Eve teasing | - | അശ്ലീലച്ചുവയോടെയുള്ള കമന്റടി |
| * Dowry death | - | സ്ത്രീപീഡനമരണം |
| * Cruelty by husband and realitives | - | ഗാർഹികപീഡനം |
| * Acid attacks | - | ആസിഡ് ആക്രമണം |
| * Other offences | - | മറ്റ് അതിക്രമങ്ങൾ |




ക്കായി ഒരുമിക്കാം. പെൺകുഞ്ഞുങ്ങൾക്ക് മാത്രം പോര- ഒരേ സമയം ആൺകുട്ടികൾക്കുകൂടി ഇത്തരം അവകാശങ്ങളെയും അവകാശ സംരക്ഷണമാർഗങ്ങളെക്കുറിച്ചും അറിവ് നൽകേണ്ടതാവശ്യമാണ്. കാരണം പുരുഷനും സ്ത്രീയും ആൺകുഞ്ഞും പെൺകുഞ്ഞും കൈകോർത്ത് ഹൃദയങ്ങൾ ചേർത്ത് ഒരുമിച്ച് നീങ്ങേണ്ടവരാണ്. എങ്കിൽ മാത്രമേ 'നല്ല നാളെ' (Better Tomorrow) എന്ന ആശയം പൂർണമായ അർഥത്തിൽ പ്രതിഫലിപ്പിക്കാനും നമുക്ക് സാധിക്കുകയുള്ളൂ

ഈ വരുന്ന ജനുവരി 24 ന് വിദ്യാലയങ്ങളിൽ നമുക്ക് സംഘടിപ്പിക്കാവുന്ന വ്യത്യസ്തമായ പരിപാടികൾ കൂട്ടുകാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി നോക്കൂ. പെൺകുട്ടികൾ തന്നെ നേതൃത്വം നൽകി നടപ്പാക്കാവുന്ന പദ്ധതികൾ സംഘം ചേർന്ന് തീരുമാനിക്കൂ.

## നദിയ മുറാദ്


നദിയ മുറാദ് ബസി താഹ. ഇറാഖിയസീദി പെൺകുട്ടി. മനുഷ്യാവകാശ പ്രവർത്തക. ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ തട്ടിക്കൊണ്ടുപോയി 3 മാസം തടവിൽവച്ച് ലൈംഗികാതിക്രമണത്തിനിരയാക്കിയ പെൺകുട്ടി. തന്റെ നിശ്ചയദാർഢ്യം കൊണ്ടുമാത്രം തടവറയിൽ നിന്ന് അത്ഭുതകരമാംവിധം രക്ഷപ്പെട്ടവൾ.

ഇപ്പോൾ നദിയാസ് ഇനിഷ്യേറ്റിവ് എന്ന സംഘടനയ്ക്ക് രൂപം നൽകി. വംശഹത്യയ്ക്കും കൂട്ട അതിക്രമങ്ങൾക്കുമിരയാകുന്ന സ്ത്രീകളെയും പെൺകുട്ടികളെയും അതിജീവനത്തിന്റെ പുതിയ പാതകളിലേക്ക് തിരിച്ചുകൊണ്ടുവരികയെന്നതാണ് ഈ സംഘടനയുടെ പ്രധാനലക്ഷ്യം.



നദിയ മുറാദ്

ലൈംഗികാതിക്രമങ്ങൾ യുദ്ധതന്ത്രമായി ഉപയോഗിക്കുന്നതിനെതിരായുള്ള പ്രവർത്തനങ്ങളെ അധികരിച്ചാണ് 2018 ലെ നൊബേൽ പുരസ്കാരം ഈ പെൺകുട്ടിയെ തേടിയെത്തിയത്. ദ് ലാസ്റ്റ് ഗേൾ (The last girl) എന്ന പ്രസിദ്ധമായ കൃതിയിലൂടെയാണ് നദിയ തന്റെ ജീവിതം ലോകത്തിനു മുന്നിൽ വരച്ചുകാട്ടിയത്. ഇരയായല്ല 'സർവൈവർ' എന്നറിയപ്പെടാനാഗ്രഹിക്കുന്ന പെൺ



**1500 വർഷം പഴക്കമുള്ള കാലിഫോർണിയൻ റെഡ്‌വുഡ് മരങ്ങളുടെ സംരക്ഷണത്തിനായി 738 ദിവസം 55 മീറ്റർ ഉയരമുള്ള ഒരു മരത്തിൽ താമസമാക്കിയ ധീരയായ പെൺകുട്ടിയായിരുന്നു ജൂലിയ. പസഫിക് ലമ്പർ കമ്പനിയുടെ നീക്കത്തിനെതിരെ പ്രതിഷേധിച്ചായിരുന്നു അവളുടെ ഈ നിശ്ചയദാർഢ്യം.**



ജൂലിയ ലൊറൈൻ ഹിൽ



ഗ്രെറ്റ ട്യൂൻബർഗ്

കുട്ടികളുടെ പ്രതിനിധിയായി നദിയ മാറി.

## ജൂലിയ ലൊറൈൻ ഹിൽ (ജൂലിയ ബട്ടർഫ്ളൈ ഹിൽ)

അമേരിക്കൻ പരിസ്ഥിതി പ്രവർത്തക. 1500 വർഷം പഴക്കമുള്ള കാലിഫോർണിയൻ റെഡ്‌വുഡ് മരങ്ങളുടെ സംരക്ഷണത്തിനായി 738 ദിവസം 55 മീറ്റർ ഉയരമുള്ള ഒരു മരത്തിൽ താമസമാക്കിയ ധീരയായ പെൺകുട്ടി. 'ലൂന' എന്നായിരുന്നു അവളാ മരത്തെ ഓമനയായി വിളിച്ചത്. പസഫിക് ലമ്പർ കമ്പനിയുടെ മരങ്ങൾ വെട്ടി നശിപ്പിക്കാനുള്ള നീക്കത്തിനെതിരെ പ്രതിഷേധിച്ചായിരുന്നു അവളുടെ ഈ നിശ്ചയദാർഢ്യം. ഒരുവർഷം മുൻപ് നടന്ന കാറപകടത്തിൽ മാരകമായി പരിക്കേറ്റ് സംസാരശേഷിയും സഞ്ചാരശേഷിയും നഷ്ടപ്പെട്ടവളായിരുന്നു ജൂലിയ എന്നതാണ് നമ്മെ അതിശയിപ്പിക്കുന്ന മറ്റൊരു കാര്യം. ഏറ്റവും കഠിനമായ ശൈത്യകാലത്തെപ്പോലും വെല്ലുവിളിച്ചാണ് അവർ തന്റെ മരത്തിൽ കഴിച്ചുകൂട്ടിയത്. ലമ്പർ കമ്പനി അവളെ താഴെയിറക്കാനായി ശക്തിയായ എയർഹോൺ മുഴക്കിയും കാറ്റടിപ്പിച്ചും ജലം ശക്തിയായി സ്പ്രേ ചെയ്തുമൊക്കെ പ്രതിരോധിച്ചെങ്കിലും അവൾ കീഴടങ്ങിയില്ല. ഒടുവിൽ ജൂലിയയുടെ ഉറച്ച തീരുമാനങ്ങൾക്കു മുന്നിൽ കമ്പനി മുട്ടുമടക്കുകയാണുണ്ടായത്. ജൂലിയയുടെ അനുഭവങ്ങൾ ഉൾക്കൊള്ളുന്ന "ദ് ലെഗസി ഓഫ് ലൂന" എന്ന ഗ്രന്ഥം ലോക ശ്രദ്ധനേടി.

## ഗ്രെറ്റ ട്യൂൻബർഗ്

കാലാവസ്ഥാവ്യതിയാനങ്ങൾക്കെതിരെയുള്ള പ്രതിരോധമാണ് 16 വയസ്സുമാത്രമുള്ള ഗ്രെറ്റയെന്ന പെൺകുട്ടിയെ ഇന്ന് ലോക ശ്രദ്ധയിൽ എത്തിച്ചത്.

15 വയസ്സുള്ളപ്പോൾ മുതൽ ആഴ്ചതോറും വെള്ളിയാഴ്ചകളിൽ സ്വീഡിഷ് പാർലമെന്റിനു മുന്നിൽ പ്ലക്കാർഡുകളേന്തി അവൾ നടത്തിയ ഒറ്റയാൾ സമരം താമസിയാതെ ഒരുപറ്റം പെൺകുട്ടികൾ കൂടി ഏറ്റെടുക്കുകയായിരുന്നു.

പ്രശസ്തമായ ടൈം മാഗസിൻ 'നെക്സ്റ്റ് ജനറേഷൻ ലീഡർ' എന്നാണ് അവളെ വിശേഷിപ്പിച്ചത്. ലോകത്തെ പ്രധാന ശ്രദ്ധാകേന്ദ്രമായ വ്യക്തികളിൽ ആദ്യത്തെ നൂറു പേരിൽ ഇന്ന് ഗ്രെറ്റയുമുണ്ടെന്നത് മറ്റൊരു സന്തോഷവർത്തമാനം.

റോയൽ സ്കോട്ടിഷ് സൊസൈറ്റി ഫെല്ലോഷിപ്പ് നൽകി ആദരിച്ചു. റേച്ചൽ കാഴ്സൺ അവാർഡുമുതൽ നിരവധി അവാർഡുകൾ ഇതിനോടകം ഗ്രെറ്റയെ തേടിയെത്തി. 2019ലെ നൊബേൽ പുരസ്കാരത്തിന് നിർദേശിക്കപ്പെടുകയും ചെയ്തു.

# പൂമ്പാറ്റകൾക്ക്

ഡോ. ആർ ശ്രീലതാവർമ

പൂമ്പാറ്റക്കൂട്ടത്തെ നോക്കി ഞാൻ നിന്നുപോയ്
രാവിലെ, മുറ്റത്തെ പൂന്തോട്ടത്തിൽ.
എണ്ണിയാൽ തീരാതുള്ളത്രയുമായവ-
രൊന്നിച്ചൊരു നൃത്തമാടുന്നപോൽ
താളമോടങ്ങു പറക്കുന്നൂ, തങ്ങുന്നൂ
നീളെ നിറച്ചാർത്തു തൂകിക്കൊണ്ടേ!
പിന്നെയിരിക്കുന്നൂ പൂക്കളിൽ മെല്ലവേ,
പൂവിൽ വിരിഞ്ഞതാം പൂവുപോലെ
മഞ്ഞയും വെള്ളയും പച്ചയും നീലയും
മിന്നും കറുപ്പും കലർന്നു കാണും
പൂഞ്ചിറകോരോന്നും പട്ടുപോലല്ലയോ
തൊട്ടൊന്നു നോക്കുവാനെന്തു മോഹം!
നീളത്തിലുള്ള വരകൾ, കുറികളും
ചാരുത്വമാർന്നുള്ള പൊട്ടുകളും
ചേർച്ചയിലങ്ങനെ, യാരോ വരച്ചപോ-
ലെത്രമേൽ രമ്യമായ്, മോഹനമായ്!
ഓരോ ചിറകടി, യോരോരോ ഭാവമാ-
യോരോ നിമിഷവും മാറുംപോലെ,
തോന്നിപ്പോയ് നിങ്ങൾ തൻ സ്വച്ഛസഞ്ചാരവും
കണ്ടു ഞാനെന്നെ മറന്നു നിൽക്കേ...
ഓർത്തു ഞാൻ ലാവണ്യസാരമായ്ത്തീരുന്ന
ജീവലയത്തിൻ സ്ഫുരണങ്ങളെ
അമ്മേ, പ്രകൃതീ, നിൻ കാരുണ്യമല്ലയോ
എങ്ങും നിറഞ്ഞു വിളങ്ങീടുന്നൂ!

വര: ടി ആർ രാജേഷ്

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

ടോമും ഹക്കും പേടിച്ചരണ്ട് ഗ്രാമത്തിലൂടെ ഓടി. അവർ ഭയത്തോടെ, ആരെങ്കിലും തങ്ങളെ പിന്തുടരുന്നുണ്ടോ എന്ന് പിന്നിലേക്ക് ഇടയ്ക്കിടെ നോക്കുന്നുണ്ടായിരുന്നു. ഓടുന്ന വഴിയിൽ കണ്ട സകല മരങ്ങളും കുറ്റികളും അവരെ പിടിക്കാൻ പതിയിരിക്കുന്ന ശത്രുക്കളാണെന്ന് അവർ കരുതി. ശ്വാസം പോലും വിടാതെ അവർ ഓടി. ഗ്രാമത്തിന്റെ അതിർവരമ്പുകൾക്കപ്പുറത്തുള്ള ചില കുടിലുകളുടെ മുൻപിലൂടെ ഓടിയപ്പോൾ, അവിടത്തെ കാവൽനായ്ക്കൾ കുരച്ചുകൊണ്ടു ചാടി.

''തളർന്നു വീഴുന്നതിനു മുൻപ് മൃഗങ്ങളുടെ തോലുരിക്കുന്ന ആ പഴയ കെട്ടിടത്തിലെത്തിയാൽ മതിയായിരുന്നു. ഇനിയും എനിക്ക് ഓടാൻ കഴിയുമെന്ന് തോന്നുന്നില്ല.'' കിതപ്പുകൾക്കിടയിൽ ടോം ഞരങ്ങി.

ഹക്കിൾബെറിയുടെ കിതപ്പു മാത്രമായിരുന്നു മറുപടി. അവർ അവരുടെ ലക്ഷ്യം മാത്രം മനസ്സിൽക്കണ്ട് ഓടി. അവസാനം ആ കെട്ടിടത്തിന്റെ തുറന്നുകിടന്ന വാതിലിലൂടെ അകത്തേക്ക് ചാടിക്കയറിയപ്പോൾ, അവർ തളർന്നിരുന്നെങ്കിലും രക്ഷാസങ്കേതത്തിന്റെ ഇരുണ്ട നിഴലിൽ അവർ ആശ്വാസം കണ്ടെത്തി.





വര: റോണി ദേവസ്യ

അവരുടെ കിതപ്പു കുറയുകയും ശ്വാസം നേരെയാകുകയും ചെയ്തപ്പോൾ ടോം മന്ത്രിച്ചു.

''ഹക്കിൾബെറി, ഇത് എന്തായി തീരുമെന്നാണ് നീ കരുതുന്നത്?''

''ഡോക്ടർ റോബിൻസൺ മരിച്ചാൽ തീർച്ചയായും ഒരു തൂക്കുമരണം ഉണ്ടാകും.''

''നീ അങ്ങനെയാണോ കരുതുന്നത്?''

''അതേ, തീർച്ചയായും.''

ടോം അല്പനേരം ആലോചിച്ച്

''ആര് പറയും? നമ്മളോ?''

''നീ എന്താ പറയുന്നത്? ജോയെ തൂക്കിക്കൊന്നില്ലെങ്കിൽ,

അവൻ തീർച്ചയായും നമ്മളെ എപ്പോഴെങ്കിലും കൊല്ലും. സംശയമില്ലാത്ത കാര്യം.''

''ഹക്ക് ഞാനും അങ്ങനെ തന്നെയാണ് കരുതുന്നത്.''

''ആരെങ്കിലും പറയുന്നെങ്കിൽ മഫ് പോട്ടർ തന്നെ പറയട്ടെ. കുടിച്ച് ബോധം കെടുന്ന അവൻ ഒരു മണ്ടനുമാണ്.''

''പക്ഷേ ഹക്ക്, മഫ് പോട്ടറിന് യഥാർഥ സംഭവം അറിയില്ലല്ലോ. പിന്നെ എങ്ങനെ പറയും?''

''ശരിയാണ്. ജോ ഡോക്ടറെ കുത്തിയപ്പോൾ മഫ് പോട്ടർ തലയിൽ അടികൊണ്ട് വീണു കിടക്കുകയായിരുന്നല്ലോ? അവന് ഒന്നും കാണാനും അറിയാനും സാധിച്ചിട്ടില്ല.''

അല്പനേരം മൂകനായിരുന്നതിനുശേഷം ടോം ചോദിച്ചു ''ഹക്കീ നിനക്ക് രഹസ്യം സൂക്ഷിക്കാൻ കഴിയുമോ?''

''ടോം നമ്മൾ ഈ രഹസ്യം സൂക്ഷിച്ചേ പറ്റൂ. നമ്മൾ ഇതെല്ലാം തുറന്ന് പറയുകയും അവനെ തൂക്കിലിടാതെ ഇരിക്കുകയും ചെയ്താൽ ആ ചെകുത്താൻ രണ്ട് പൂച്ചക്കുട്ടികളെ കൊല്ലുന്നതുപോലെ നമ്മളെ കൊല്ലും. നമുക്ക് ഒരു സത്യപ്രതിജ്ഞ എടുക്കാം. നമ്മൾ ഒരക്ഷരം പുറത്തു പറയില്ലെന്നും അന്യോന്യം രക്ഷിക്കുമെന്നും.''

''ഞാൻ സമ്മതിച്ചിരിക്കുന്നു. നമുക്ക് കൈകൾ കോർത്തുപിടിച്ച് ഇങ്ങനെ സത്യം ചെയ്യാം. നമ്മൾ...''

''പോരാ... അങ്ങനെ പോരാ... അത്തരം പ്രതിജ്ഞ സാധാരണ കാര്യങ്ങൾക്കാണ്. അതും പെൺകുട്ടികളെ സംബന്ധിക്കുന്നവയ്ക്ക്. പക്ഷേ ഇത്തരം ഭീകര കാര്യങ്ങൾക്ക് ചോരകൊണ്ട് എഴുതി ഉടമ്പടി ആക്കണം.''

ടോമിനെ ആ പുതിയ ആശയം കോരിത്തരിപ്പിച്ചു. ഒന്നാന്തരം, ഗാംഭീര്യമുള്ളതും ഇരുണ്ടതും ഭയാനകവുമായ

**ആ തകർന്ന കെട്ടിടത്തിന്റെ ഒരു വിടവിലൂടെ ഒരു രൂപം പതുങ്ങി അകത്തു കയറി. അവർ അത് കണ്ടില്ല. അവർ അല്പനേരം കൂടി അവിടെ നിന്ന്, തങ്ങളുടെ ആശങ്കകൾ കൈമാറി. അപ്പോൾ ഒരു നായ് ഓരിയിടുന്ന ശബ്ദം മുഴങ്ങി. അതോടൊപ്പം ഒരു കൂർക്കംവലിയുടെ മുഴക്കവും. അവർ മെല്ലെ നടന്ന് കൂർക്കംവലിക്കാരന്റെ അടുത്തെത്തി.**

ഒരു പ്രതിജ്ഞ. പോരാഞ്ഞിട്ട് സാഹചര്യങ്ങൾക്കും ചുറ്റുപാടുകൾക്കും ചേരുന്ന ഒരു നൂതന രീതി. ടോം ഒരു വൃത്തിയുള്ള പൈൻമരക്കഷണം തറയിൽ നിന്ന് എടുത്ത് പോക്കറ്റിൽ നിന്നും ഒരു ചുവന്ന ചോക്കു കഷണവും പുറത്തെടുത്തു. എന്നിട്ട് സാവധാനം ഇങ്ങനെ എഴുതി.

''ഹക്ക് ഫിന്നും ടോം സോയറും ഈ രഹസ്യം പുറത്തുപറയാതെ സൂക്ഷിക്കുമെന്ന് സത്യം ചെയ്യുന്നു. പ്രതിജ്ഞ തെറ്റിച്ചാൽ അവർ മരിച്ചുവീണ്, അവിടെ കിടന്ന് നശിച്ചു പോകട്ടെയെന്നും ശപിക്കുന്നു.''

ടോമിന്റെ എഴുതാനുള്ള കഴിവും അവന്റെ ഭാഷയുടെ ശക്തിയും ഹക്കിന്റെ മനസ്സിൽ ടോമിനോടുള്ള ആരാധനയുടെ ആഴം വർധിപ്പിച്ചു. ഹക്ക് തന്റെ കുപ്പായത്തിൽ നിന്ന് ഒരു മൊട്ടുസൂചി ഊരി വിരലിൽ കുത്താൻ തുടങ്ങിയപ്പോൾ ടോം തടഞ്ഞു.

''വേണ്ട... അതിൽ തുരുമ്പു കാണും. അത് വിഷമാണ്.''

ടോം തന്റെ കോട്ടിന്റെ കോളറിനുള്ളിലെ ഒരു സൂചിയിൽ നിന്ന് നൂല് മാറ്റിയതിനു ശേഷം തള്ളവിരലിന്റെ മാംസളഭാഗത്ത് കുത്തി. ഒരു തുള്ളി ചോര എടുത്ത് പിന്നീട്, പല തവണ അമർത്തി ഞെക്കി. സ്വന്തം പേരിന്റെ ആദ്യാക്ഷരം ചെറുവിരൽ പേനയാക്കി എഴുതാനും മാത്രം ചോര എടുത്തു. ഒ യും എ യും എഴുതേണ്ടത് എങ്ങനെയാണെന്ന് ഹക്കിന് കാണിച്ചുകൊടുത്തു. അവർ ആ ചെറിയ ചുരുൾ ഭിത്തിയുടെ അരികിൽ ചില മന്ത്രോച്ചാരണങ്ങളും പൂജകളും നടത്തി കുഴിച്ചിട്ടു. അവരുടെ നാവുകളെ ബന്ധിക്കുന്ന ചങ്ങല ഭദ്രമാക്കി എന്ന് അവർ വിശ്വസിച്ചു.

ആ തകർന്ന കെട്ടിടത്തിന്റെ ഒരു വിടവിലൂടെ ഒരു രൂപം പതുങ്ങി അകത്തു കയറി. അവർ അത് കണ്ടില്ല. അവർ അല്പനേരം കൂടി അവിടെ നിന്ന്, തങ്ങളുടെ ആശങ്കകൾ കൈമാറി. അപ്പോൾ ഒരു നായ് ഓരിയിടുന്ന ശബ്ദം മുഴങ്ങി. അതോടൊപ്പം ഒരു കൂർക്കംവലിയുടെ മുഴക്കവും. ടോം മുമ്പിലും ഹക്ക് പിന്നിലുമായി അവർ മെല്ലെ നടന്ന് കൂർക്കംവലിക്കാരന്റെ അടുത്തെത്തി. ഒരു ചുള്ളിക്കമ്പിൽ ചവിട്ടി. അത് ഒടിഞ്ഞു. അയാൾ ഞരങ്ങി. ഒന്ന് അനങ്ങി, മുഖം തിരിച്ചപ്പോൾ നിലാവിൽ മഫ് പോട്ടറുടെ മുഖം അവർ തിരിച്ചറിഞ്ഞു. അവർ, ശബ്ദം ഉണ്ടാക്കാതെ പുറത്തിറങ്ങി.

മഫ് പോട്ടറുടെ കാര്യം കഷ്ടത്തിലാണെന്നും അയാളെ ആർക്കും രക്ഷിക്കാനാകില്ലെന്നും പറഞ്ഞ് അവർ പിരിഞ്ഞു.

ടോം തന്റെ മുറിയുടെ ജനലിലൂടെ അകത്തു പ്രവേശിച്ചപ്പോൾ നേരം പുലരാറായിരുന്നു. അവൻ വസ്ത്രം മാറി ഉറങ്ങാൻ കിടന്നപ്പോൾ തന്റെ രാത്രിസഞ്ചാരം ആരും അറിഞ്ഞിട്ടുണ്ടാകില്ലെന്ന് സ്വയം ആശ്വസിപ്പിച്ചു. നേരിയ ശബ്ദത്തിൽ കൂർക്കംവലിച്ചുറങ്ങുന്ന സിദ്ദു, കഴിഞ്ഞ ഒരു മണിക്കൂറായി ഉണർന്നു കിടന്ന് സകലതും ശ്രദ്ധിക്കുകയായിരുന്നു എന്ന സത്യം ടോം മനസ്സിലാക്കിയില്ല. രാവിലെ ടോം ഉണരുന്നതിനു മുമ്പായി സിദ്ദു മുറിയിൽ നിന്ന് പോയിരുന്നു. പതിവുപോലെ തന്നെ

**പോളി ആന്റി അവനെ ഒരു വശത്തേക്ക് മാറ്റി നിർത്തി. പതിവ് ശകാരവും പ്രഹരവും പ്രതീക്ഷിച്ച് അവൻ അവിടെ നിന്നു. ഒന്നും സംഭവിച്ചില്ല. അവർ അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു. ഹൃദയം തകർക്കുന്ന പ്രവൃത്തികൾ അവന് എങ്ങനെ ചെയ്യാൻ കഴിയുന്നെന്നും തകർന്ന ഹൃദയവുമായി അവർ ശവക്കുഴിയിലേക്ക് പോകേണ്ടി വരുമെന്നും പറഞ്ഞു.**

വിളിച്ചുണർത്താതെ, അവൻ താഴേക്ക് പോയതെന്താണെന്നുള്ള ചിന്ത ടോമിനെ അസ്വസ്ഥനാക്കി. ടോം താഴേക്ക് ഇറങ്ങിച്ചെന്നപ്പോൾ, കുടുംബാംഗങ്ങൾ പ്രഭാതഭക്ഷണത്തിനുശേഷം മേശയ്ക്കരികിൽ ഇരിക്കുകയായിരുന്നു. ആരും അവനെ ശകാരിച്ചില്ല. എല്ലാവരും നോട്ടം മാറ്റി. അവനെ ഭയപ്പെടുത്തുന്ന ഒരു മൂകത മുറിയിൽ തളം കെട്ടികിടന്നു. അവൻ സന്തോഷം ഭാവിച്ച് ചിരിച്ചു നോക്കി. തണുപ്പൻ പ്രതികരണം. അവനും നിശ്ശബ്ദനായി.

പോളി ആന്റി അവനെ ഒരു വശത്തേക്ക് മാറ്റി നിർത്തി. പതിവ് ശകാരവും പ്രഹരവും പ്രതീക്ഷിച്ച് അവൻ അവിടെ നിന്നു. ഒന്നും സംഭവിച്ചില്ല. അവർ അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു. അവരുടെ ഹൃദയം തകർക്കുന്ന പ്രവൃത്തികൾ അവന് എങ്ങനെ ചെയ്യാൻ കഴിയുന്നെന്നും അവരുടെ നരച്ചമുടിയും തകർന്ന ഹൃദയവുമായി അവർ ശവക്കുഴിയിലേക്ക് പോകേണ്ടി വരുമെന്നും പറഞ്ഞു. ആയിരം അടി കൊള്ളുന്നതിലും ശകാരം കേൾക്കുന്നതിലും തീവ്രമായ വേദന നൽകിയ അനുഭവം. അവനും കരഞ്ഞു. ക്ഷമ ചോദിച്ചു. നല്ലവനാകാമെന്ന് വാക്ക് നൽകി. പക്ഷേ ആന്റിയോടുള്ള ക്ഷമാപണത്തിന് പൂർണത പോരെന്ന് അവനു തോന്നി. അവിടെ നിന്ന് നീങ്ങുമ്പോൾ അവന്റെ മനസ്സ് തകർന്നിരുന്നു. സിദ്ധു, പുറകിലത്തെ ഗേറ്റിലൂടെ പുറത്തേക്ക് ഇറങ്ങേണ്ടതില്ലായിരുന്നു. അവനോടുള്ള പ്രതികാരം പോലും മനസ്സിൽ മരവിച്ചു പോയിരുന്നു. സങ്കടത്തോടെയാണ് സ്കൂളിലേക്ക് പോയത്. ക്ലാസിൽ കയറാതെ ജോയ് ഹാർപ്പറോടൊത്ത് കളിച്ച് നടന്നതിനുള്ള ശിക്ഷ കണ്ണുപോലും ചിമ്മാതെ സ്വീകരിച്ചു. അപ്പോഴത്തെ അവന്റെ മാനസിക വേദനയുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവയെല്ലാം നിസ്സാരമായിരുന്നു. പിന്നീട് അവൻ, സ്വന്തം ഇരിപ്പിടത്തിൽ മുഖം കൈകളിൽ താങ്ങിയിരുന്നു. ഇതിലും കൂടുതലായി ഇനി ഒരു വേദനയും അനുഭവിക്കാനില്ലെന്നുള്ള ചിന്തയുമായി ശൂന്യമായ ഭിത്തിയിലേക്കു തുറിച്ചു നോക്കിയിരുന്നു. അവന്റെ കൈമുട്ട് കട്ടിയുള്ള എന്തോ ഒരു സാധനത്തിൽ അമർന്നു. അവൻ സാവധാനം ഇരുന്ന സ്ഥാനത്തുനിന്ന് ഒന്ന് അനങ്ങി അല്പം നീങ്ങി ഇരുന്നു. വിങ്ങുന്ന മനസ്സുമായി ആ കട്ടിയുള്ള സാധനം എടുത്തു. പൊതിക്കെട്ട് തുറന്നു നോക്കി. അവൻ അറിയാതെ ഒരു ദീർഘനിശ്വാസം പുറത്തേക്കു പോയി. അവന്റെ ഹൃദയം തകർന്നു. അത് അവന്റെ പിച്ചള വാതിൽമൊട്ടായിരുന്നു.

ഇനി ഒന്നും പ്രതീക്ഷിക്കാനില്ല... ജീവിതം തകർന്നു. *(തുടരും)*





# ചന്ദ്രയാൻ

മനോജ് മണിയൂർ

ആകാശത്തു കുതിക്കണ കണ്ടോ
ഭാരതനാടിൻ സ്വപ്നം
ചാന്ദ്രരഹസ്യമറിഞ്ഞുവരാനായ്
നമ്മളയച്ചൊരു ദൗത്യം

സഹജഗ്രഹമാം ഭൂമിയിൽ നിന്നൊരു
ദൂതുവരുന്നതറിഞ്ഞെന്നാൽ
പുഞ്ചിരി തൂകി സ്വാഗതമോതാൻ
തോഴൻ ചന്ദ്രനൊരുങ്ങില്ലേ

അറിയാനാഗ്രഹമുണ്ട് നമുക്ക്
നിലാവിൻ വീട്ടുവിശേഷങ്ങൾ
മണം, നിറങ്ങൾ, ശബ്ദങ്ങൾ
ജീവജലത്തിൻ സാന്നിധ്യം

കഥയും കാര്യവുമൊക്കെയറിഞ്ഞ്
വിടചോദിക്കാൻ നേരത്ത്
മനുഷ്യനുമായി തിരിച്ചുവരൂ-
എന്നാശംസിക്കാനെങ്കിലുമായ്
അമ്പിളിദേശത്തുണ്ടായീടുമോ
ആരുമറിയാത്തൊരു ജീവൻ.

വര: ടി ആർ രാജേഷ്

കഥ

# മണ്ണറിഞ്ഞ മരംനോക്കികൾ

തസ്മിൻ ഷിഹാബ്

‘‘ടീച്ചറേ ... നെല്ല് കായ്ക്കണ മരമേതാണ്?’’

‘‘നെല്ല് കായ്ക്കണത് മരത്തിലല്ല മോളേ...’’

ഗൂഗിളിൽ സർച്ച് ചെയ്ത് ടീച്ചർ നെൽച്ചെടിയുടെ ചിത്രങ്ങൾ കുട്ടികൾക്ക് കാണിച്ച് കൊടുക്കുന്നു. ഇത്രടം വരെ എത്തി നമ്മുടെ പരിസ്ഥിതിബോധം.

പരിസ്ഥിതി ദിനാചരണത്തിന്റെയോ മരുഭൂമിവത്ക്കരണ വിരുദ്ധദിനത്തിന്റെയോ മറ്റും പ്രവർത്തന പദ്ധതിയനുസരിച്ച് കുറച്ച് മരത്തൈകൾ വഴിയോരത്ത് നട്ടുപിടിപ്പിക്കുന്നു. പിന്നീടത് ആരും തിരിഞ്ഞു നോക്കുക പോലുമില്ല. നെല്ലുണ്ടാകുന്ന മരമേതെന്നും മാങ്ങമരമേതെന്നും ചോദിക്കുന്ന ഇന്നത്തെ കുട്ടികളിലേക്ക് കന്നിക്കൊയ്ത്തും മകരക്കൊയ്ത്തും മുണ്ടകൻ പാടവും കടന്നു വരണം. മരത്തലപ്പുകളിൽ മഞ്ഞുതുള്ളികൾ ഊയലാടുന്നത് കുട്ടികൾ കാണണം. അണ്ണാറക്കണ്ണന്റെ ചാട്ടത്തിനൊപ്പം ചിലയ്ക്കലിനൊപ്പം കൈകൊട്ടിച്ചിരിക്കണം. പൂത്തുമ്പികളെ കണ്ട് കൺമിഴിക്കണം. അങ്ങനെ ചക്കയും മാങ്ങയും പേരയ്ക്കയും അമ്പഴങ്ങയും ഇലഞ്ഞിയും ഞാവലും കുട്ടികളുടെ കൂട്ടുകാരാവണം. എത്ര മനോഹരമായ സ്വപ്നം.!

പ്രകൃതി ഒരു പാഠപുസ്തകമാണ്. അതിന്റെ ഓരോ താളിലും നമ്മൾ തിരിച്ചറിയാതെ പോയ ഒട്ടനവധി അറിവുകളുണ്ട്. വെറുതെയൊന്ന് ചുറ്റിലും കണ്ണോടിക്കൂ... വിസ്മയക്കാഴ്ചകളുടെ അനുഭൂതിയിലേക്ക് പ്രകൃതി നമ്മെ കൂട്ടിക്കൊണ്ടു പോകുന്നതു കാണാം.

‘സീസൺ വാച്ച്’ എന്ന വാക്ക് മനസ്സിൽ കലമ്പലുണ്ടാക്കിയ കാലം. ഋതുക്കളിലൂടെ സഞ്ചാരം നടത്തേണ്ടതെങ്ങനെയെന്ന് വായിച്ച് അറിയുമ്പോൾ മനസ്സ് അത് മന്ത്രിച്ചുകൊണ്ടിരുന്നു. ഓരോ മരവും പ്രകൃതിയാണ്. അത് ജീവിതമാണ്. ജീവനാണ്. അതെ, കുട്ടികളെ പ്രകൃതിയിലേക്കിറക്കണം. മണ്ണിൽ ചവിട്ടിത്തന്നെ അവർ വളരണം. മണ്ണിൽ വേരുറച്ച വൃക്ഷങ്ങൾ ഇവർക്ക് ഗുരുതുല്യരാവണം.

ഇത്തരം ചിന്തകളോടെ ക്ലാസ്മുറിയിലെത്തിയ ഒരുദിവസം, ക്ലാസ്മുറിക്ക് പുറത്തു നിൽക്കുന്ന കണിക്കൊന്നമരങ്ങളിലേക്ക് കൈ ചൂണ്ടി അവരോട് ചോദിച്ചു.

‘‘മക്കളേ... ഈ കണിക്കൊന്നകളെന്താ മേട മാസമായിട്ടും പൂവിടാത്തത്?’’

അപ്പോഴാണ് കുട്ടികൾ കണിക്കൊന്ന പൂക്കാത്തതിനെക്കുറിച്ച് ചിന്തിച്ചത്.

‘‘ദേ ടീച്ചറേ, ചിലതിൽ ചെറിയ പൂങ്കുലകൾ. ചിലതിൽ ഒന്നുമില്ല.’’ ഒരു കുട്ടി പറഞ്ഞു.

‘‘ഇപ്പോൾ മാവും പ്ലാവുമൊക്കെ കാലം തെറ്റിയാണ് കായ്ക്കണതെന്ന് അമ്മ പറയണതു കേട്ടു.’’ മറ്റൊരാളുടെ വിവരണം.



വര: സചീന്ദ്രൻ കാറഡുക്ക

''ഇതിനൊക്കെ കാരണം കാലാവസ്ഥാവ്യതിയാനം എന്ന സൂത്രമാണത്രേ.'' ഒരുവൻ വായനയിൽ നിന്നും കണ്ടെത്തിയ അറിവ് പങ്കുവച്ചു.

''മനുഷ്യന്റെ കൈകടത്തലാണ് പ്രകൃതിയെ ഇങ്ങനെ പ്രതികൂലമായി ബാധിച്ചത്. എത്ര ദുഷ്ടന്മാരാണല്ലേ ടീച്ചറേ നമ്മൾ'' എന്ന നിഗമനത്തിലേക്ക് കുട്ടികൾ എത്തിച്ചേർന്നു.

പ്ലാസ്റ്റിക് ഭൂമിയിൽ ഇടുന്നതും മരങ്ങൾ വെട്ടുന്നതും ധാരാളം വണ്ടികൾ നിരത്തിലോടുന്നതും വല്യ മാലിന്യക്കൂമ്പാരങ്ങളും ഫാക്ടറികളും എല്ലാം ഈ പ്രശ്നത്തിന് കാരണമാണെന്ന് ക്ലാസിൽ നടന്ന ചർച്ചയിൽ നിന്നും കുട്ടികൾ കണ്ടെത്തി.

ഇതിനെന്ത് പരിഹാരം?

''ടീച്ചറേ നമുക്ക് കുറേ മരത്തൈകൾ നടാം.

ഇനി ആരും പ്ലാസ്റ്റിക്ക് മണ്ണിൽ വലിച്ചെറിയില്ലെന്ന് തീരുമാനിക്കാം.'' തീരുമാനം എല്ലാവർക്കും സമ്മതം.

ഇതാ ഇവിടെ പ്രകൃതി കുട്ടികളിലേക്കിറങ്ങി വരുന്നു. അല്ല, കുട്ടികൾ പ്രകൃതിയെ അറിയാൻ തയ്യാറാകുന്നു.

ഈ ചർച്ചയ്ക്കും ചിന്തകൾക്കുമൊടുവിൽ സീസൺ വാച്ച് എന്ന പേര് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചു.

ഋതുക്കളെ അറിയുക, ഋതു മാറ്റങ്ങളറിയുക. അത് മരങ്ങളെ ഇന്ന് എങ്ങനെ ബാധിക്കുന്നു എന്ന് കണ്ടറിയുക. ഹായ്... നല്ല രസമുള്ള പരിപാടി. ചെയ്തുനോക്കാമെന്ന് കുട്ടികൾ സമ്മതിച്ചു. അങ്ങനെയാണ് ഞങ്ങൾ മരംനോക്കികളായത്. വീടിനടുത്തോ വീട്ടുപറമ്പിലോ റോഡരികിലോ സ്കൂൾ പരിസരത്തോ ഉള്ള മരങ്ങളെ നിരീക്ഷിക്കാം. ഒരു കുട്ടിക്ക് കൂടിയാൽ അഞ്ച് മരം നിരീക്ഷണത്തിനു തെരഞ്ഞെടുക്കാം. ഇങ്ങനെ നിബന്ധനകളോടെ സീസൺ വാച്ച് പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

ആദ്യമായി മരത്തിന്റെ വണ്ണവും പൊക്കവും കണ്ടെത്തി കുറിച്ചു വയ്ക്കണം. മരത്തിനു ചുറ്റും ചരട് പിടിച്ച് വണ്ണം അളന്നു. പിന്നെ സ്കെയിൽ വച്ച് ചരടളന്ന് വണ്ണം തിട്ടപ്പെടുത്തി. ഓരോ മരത്തിനും ശരാശരി പൊക്കം കണക്കാക്കി - ഈ പ്രവർത്തനങ്ങൾ കുട്ടികൾക്ക് വളരെയധികം രസിച്ചു.

ഇനിയുള്ള ജോലി എല്ലാ ആഴ്ചയും അവരവർ സ്വന്തമാക്കിയ മരങ്ങളെ നിരീക്ഷിക്കുക എന്നതാണ്. ഇല പൊഴിക്കുന്ന കാലം, തളിർക്കുന്ന കാലം, പൂക്കുന്ന കാലം, കായ്ക്കുന്ന കാലം, ഫലം മൂത്ത് പഴുക്കുന്ന കാലം എന്നിങ്ങനെ മരത്തെ അറിയണം. സ്വാഭാവികമായി മരങ്ങളിൽ വരുന്ന മാറ്റങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് കണ്ടെത്തണം. ഓരോ മരത്തിൽ വസിക്കുന്ന പക്ഷികൾ, കീടങ്ങൾ, പുഴുക്കൾ, അണ്ണാൻ, വവ്വാൽ തുടങ്ങിയ ജീവികളെ കുറിച്ചും പഠിക്കണം.

ഇങ്ങനെ നാലാഴ്ച വൃക്ഷനിരീക്ഷണം കഴിയുമ്പോഴേക്കും ഓരോ മരവും കുട്ടികളുടെ ബന്ധുവാകും. പിന്നെ അതിന്റെ മാറ്റങ്ങൾ പെട്ടെന്ന് കുട്ടിക്ക് തിരിച്ചറിയാനാകും. നിലം നോക്കി നടന്നിരുന്ന കുട്ടികളും മൊബൈലിൽ തോണ്ടിക്കൊണ്ട് നടന്നിരുന്ന കുട്ടികളും വികൃതികളും ആകാശം കണ്ടു, മരങ്ങളെ കണ്ടു, പൂക്കളും കായ്കളും കണ്ടു. അവരറിയാതെ അവരവരെയറിഞ്ഞു. സ്വഭാവത്തിൽ മാറ്റമുണ്ടായി.

വളരെ രസകരവും വിജ്ഞാനപ്രദവും ഫലപ്രദവുമായ പ്രവർത്തനമാണ് സീസൺ വാച്ച് എന്ന തിരിച്ചറിവുണ്ടായി. കുട്ടികളോടൊപ്പം കാടും മേടും കയറിയിറങ്ങുമ്പോൾ ചുറ്റും കളിയാക്കുന്നവരുണ്ടായിരുന്നു. എന്നാൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ കൂടി ഈ പ്രവർത്തനത്തിൽ ഭാഗമാക്കുക വഴി അവരിൽ അനൽപ്പമായ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. സൂക്ഷ്മത, ശ്രദ്ധ, നിരീക്ഷണപാടവം, അന്വേഷണ കൗതുകം അങ്ങനെ പല കഴിവുകളും കുട്ടികളിൽ വികസിപ്പിച്ചെടുക്കാൻ ഈ പ്രവർത്തനം കൊണ്ട് സാധിച്ചു.

സ്കൂളിലെ സെറിബ്രൽ പാൽസി ബാധിതനായ ജിഷ്ണു പി എസ് ഞങ്ങളുടെ മികച്ച നിരീക്ഷകനായിരുന്നു. അവൻ അന്ന് സ്കൂളിലെ കൊച്ചു കവി കൂടിയായിരുന്നു. വായനാമുറ്റത്തെ പൂവ് എന്ന കവിതയിൽ അവനെഴുതി:

*'എല്ലാവരും പറയുന്നു വായന മരിക്കുന്നുവെന്ന്*
*എന്നാൽ*
*വിദ്യാലയത്തിൽ വന്ന് നിന്നെ ഞാൻ വായിക്കുമ്പോൾ*
*വായന മരിക്കുകയല്ല*
*ജനിക്കുകയാണെൻ കണിക്കൊന്നേ!'*

പ്രകൃതിയെ അറിഞ്ഞപ്പോൾ അവൻ എഴുതിയ കവിത എത്ര മനോഹരമാണ്. ആശയ സമ്പുഷ്ടമാണ്.

ജിഷ്ണുവിന്റെ പ്രകൃതികവിതകൾ ചേർത്ത് 'സ്നേഹത്തണൽ' എന്ന പേരിൽ ഞങ്ങൾ ഒരു കവിതാസമാഹാരം തന്നെ പുറത്തിറക്കി.

അങ്ങനെ മൊബൈൽ നോക്കികളായ ഞങ്ങൾ പ്രകൃതിയെ ചേർത്തണച്ചു.

എത്ര സുന്ദരമായ അനുഭവം.

അനുഭൂതി നിറഞ്ഞ അധ്യാപനം.

# മീനുവിന്റെ ദുഃഖം

## സന്തോഷ്കുമാർ ചീക്കിലോട്

ഒരു കുന്നിന് മുകളിലായിരുന്നു മീനുവിന്റെ വീട്. ആ കുന്നിൽ നിന്നും വിയർപ്പു കണികകൾപോലെ കൊച്ചുറവകൾ പൊടിഞ്ഞിരുന്നു. ആ ഉറവകൾ കുന്നിന് താഴെയുള്ള അരുവിയിലൊലിച്ചു ചേർന്നു.

മീനുവിന്റെ വീടിന് കുറച്ചകലെയായി ഒരു കൊന്നമരവും ഒരു പ്ലാവുമുണ്ടായിരുന്നു. അങ്ങനെയിരിക്കെ വിഷുക്കാലം വന്നു. കൊന്നപൂത്ത് മഞ്ഞനിറമായി. മീനു അമ്മയോട് ചോദിച്ചു. ''എന്താണമ്മേ കൊന്നമരത്തിൽ ഇത്രയും പൂക്കൾ?''

''പൂക്കൾ വൃക്ഷങ്ങളുടെ ആഭരണങ്ങളാണ് മോളെ. വിഷുക്കാലമായതിനാൽ കൊന്നമരം അണിഞ്ഞൊരുങ്ങി നിൽക്കുകയാണ്.'' അമ്മ പറഞ്ഞു. അതുകേട്ട മീനുവിന് അത്യധികം കൗതുകവും ഉത്സാഹവുമുണ്ടായി. അവൾ ഒരു ചെടി നട്ടുവളർത്താൻ തീരുമാനിച്ചു. കുന്നിൻപുറത്തെ കനത്തവേനലിൽ കരിഞ്ഞു പോകാതിരിക്കാനായി അവൾ കൊന്നമരവും പ്ലാവും തണലേകുന്ന ഒരിടമാണ് ചെടി നടാനായി തിരഞ്ഞെടുത്തത്.

ദിവസങ്ങൾ പോകെ അവളുടെ ചെടിക്ക് പുതുതളിരുകൾ വന്നു. ഇലകൾ വളർന്നു വലുതായി, മൊട്ടുകളിട്ടു. മൊട്ടുകൾ വളർന്നോ എന്നറിയാൻ അവൾ ദിവസവും ഉറക്കമെണീറ്റയുടനെ ചെടിക്കടുത്തെത്തി. അങ്ങനെയിരിക്കെ ചെടി പൂത്തുലഞ്ഞു. മീനുവിന്റെ മനസ്സിലാകെ ആഹ്ലാദപ്പൂക്കൾ നിറഞ്ഞു.

അപ്പോഴാണ് ആ സംഭവമുണ്ടായത്. കൊന്നമരവും പ്ലാവും ഉടമസ്ഥൻ മുറിച്ചുമാറ്റി. കനത്ത വേനൽ സഹിക്കവയ്യാതെ മീനുവിന്റെ ചെടി തളർന്നുവീണ് കരിഞ്ഞുപോയി. അവൾക്ക് ദുഃഖം സഹിക്കാനായില്ല. അവൾ വാവിട്ടു കരഞ്ഞു. അമ്മ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ തേങ്ങിക്കൊണ്ടേയിരുന്നു. അവസാനം കരഞ്ഞു തളർന്ന് ഉറങ്ങിപ്പോയി. അതു കണ്ട് അമ്മയുടെ ഉള്ള് നൊന്തു. പിറ്റേന്ന് ഉറക്കമെണീറ്റ മീനു കണ്ടത് സങ്കടപ്പെട്ട് കുന്നിൻ പുറത്തേക്ക് നോക്കിനിൽക്കുന്ന അച്ഛനമ്മമാരെയാണ്. കുന്നിൻ പുറത്തെ ഉറവകളെല്ലാം വറ്റിപ്പോയിരുന്നു.



വര: ബോബി എം പ്രഭ

കഥ

# നന്ദൂട്ടിയുടെ പൂച്ചക്കുഞ്ഞുങ്ങൾ

ശ്രീജ ഗോപാൽ, ഗുജറാത്ത്

കണ്ണ് തുറന്ന് നന്ദിനിക്കുട്ടി ചുറ്റും നോക്കി. 'അമ്മയെക്കാണുന്നില്ലല്ലോ' എന്നും രാവിലെ അമ്മയാണ് നന്ദിനിക്കുട്ടിയെ വിളിച്ചുണർത്തുന്നത്. 'ഇന്നെന്താ അമ്മ എന്നെ വിളിക്കാത്തേ?'

അവൾ ഓടി അടുക്കളയിലെത്തി. അമ്മ രാവിലത്തെ തിരക്കിലായിരുന്നു. "അമ്മ നന്ദൂട്ടിയെ വിളിക്കാഞ്ഞതെന്താ?" നന്ദിനിയെ എല്ലാവരും നന്ദൂട്ടി എന്നാണ് വിളിക്കുന്നത്. "ഇന്ന് മോൾക്ക് സ്കൂളില്ലല്ലോ. അതോണ്ടാ". ചെറിയൊരു സന്തോഷം തോന്നി അവൾക്ക്. ഇന്ന് സ്കൂളിൽ പോകണ്ടല്ലോ. " മോള് പല്ലും തേച്ചുവാ, കാപ്പി തരാം".അവൾ കുണുങ്ങി കുണുങ്ങി പുറത്തേക്കു പോയി. മൂന്നാം ക്ലാസ്സുകാരിയാണ് നന്ദൂട്ടി. അവൾക്ക് കൂട്ടായി ഒരനിയനുണ്ട്. കൊഞ്ചിക്കാനും കഥപറയാനും മുത്തശ്ശനും മുത്തശ്ശിയുമുണ്ട്. അച്ഛൻ ഗൾഫിലാണ്. വീട്ടിലുള്ള എല്ലാവർക്കും നന്ദൂട്ടിയെ ഇഷ്ടമാണ്. വീട്ടുജോലിക്ക് വരുന്ന അമ്മിണിയേട്ടത്തിക്കും നന്ദൂട്ടി പ്രിയങ്കരി തന്നെ.

നന്ദൂട്ടി മുറ്റത്തുകൂടി തുള്ളിച്ചാടി നടന്നു. കൊത്തിപ്പെറുക്കി നടന്ന കുഞ്ഞിക്കോഴികളോടും പൂവനോടും കിന്നാരം പറയാനും മറന്നില്ല. പക്ഷികളെയും മൃഗങ്ങളേയും വളരെ ഇഷ്ടമാണ് അവൾക്ക്. അതുകൊണ്ട് തന്നെ തൊഴുത്തിലെ പശുക്കുട്ടിയോടും വേലിയിറമ്പിലെ ഓന്തിനോടും എന്നുവേണ്ട വീട്ടിലെത്തുന്ന തുമ്പിയോടും പൂമ്പാറ്റയോടും വരെ വർത്തമാനം തന്നെ. അവൾ നടന്നുനടന്ന് തൊടിക്കരികിലെ വിറകാലയ്ക്കടുത്തെത്തി. അവിടെ അതാ ഒരു സുന്ദരി പൂച്ചമ്മ കൂടെ വെളുത്ത രോമക്കുപ്പായവും മുത്തുപോലെ കുഞ്ഞികണ്ണുകളുമുള്ള ഒരു പൂച്ചകുഞ്ഞ്. നന്ദൂട്ടിയെ കണ്ടതും അത് വിറകാലയ്ക്കിടയിലേക്ക് ഒളിച്ചു.

അവൾ ചാഞ്ഞു കിടന്നുനോക്കി. അവിടെയതാ നാല് കുഞ്ഞിപ്പൂച്ചകളും അതിന്റെ അമ്മയും. 'ആഹാ! എന്തു ഭംഗി!' അവൾക്ക് ആഹ്ലാദം അടക്കാനായില്ല.



വര: സുജിത് പി വി



മ്യാവൂ.. മ്യാവൂ.. അവയ്ക്കൊപ്പം ശബ്ദമുണ്ടാക്കി രസിച്ചു. എന്നിട്ട് അകത്തുപോയി അമ്മയെ കൊണ്ടുവന്നു കാണിച്ചു. “അതിന്റെ അടുത്തൊന്നും പോകണ്ട. പെറ്റുകെടക്കണ പൂച്ചയാ. കടിക്ക്യോ.. മാന്ത്യോ.. എന്തേലും ചെയ്യും.” അമ്മ നന്ദൂട്ടിയെ നോക്കി പറഞ്ഞു. അവളൊന്നും മിണ്ടാതെ അമ്മയ്ക്ക് പിന്നാലെ പോയി. പക്ഷേ അവൾക്ക് അടങ്ങിയിരിക്കാനായില്ല. അവളെന്നും അവിടെയെത്തും.

പൂച്ചക്കുട്ടികൾ വലുതായോ എന്ന് നോക്കും. അങ്ങനെ നന്ദൂട്ടിയും പൂച്ചക്കുട്ടികളും പെട്ടെന്ന് അടുത്തു. അവളെ തൊട്ടും ഉരുമിയും അവ ചുറ്റും കൂടി പറ്റി നിൽക്കും. എന്നാൽ ഓരോ ദിവസം കഴിയുന്തോറും നന്ദൂട്ടിക്ക് പഠിത്തവും വേണ്ട ഭക്ഷണവും വേണ്ട ഒന്നും വേണ്ട എന്നായി. എപ്പോഴും മനസ്സിൽ കുഞ്ഞിപ്പൂച്ചകൾ മാത്രം. അമ്മയ്ക്കും മറ്റുള്ളവർക്കും അത് മനസ്സിലായി. “ഇനി അവറ്റകളെ ഇവിടെ നിർത്താതിരിക്കണതാ നല്ലത്. ചാക്കിൽ കെട്ടി ദൂരെ കളയണം.” അമ്മിണിയേടത്തിയുടെ വക ഒരു പരിഹാരം. “അവൾക്ക് സങ്കടാവില്ലേ.” മുത്തശ്ശിയും മുത്തശ്ശനും പറഞ്ഞു. പക്ഷേ അമ്മ അമ്മിണിയേട്ടത്തിക്കൊപ്പം കൂടി. അങ്ങനെ അടുത്ത വീട്ടിലെ രാമുവേട്ടൻ വന്ന് പൂച്ചകളെ ചാക്കിലാക്കി ദൂരത്തെവിടെയോ കൊണ്ടുവിട്ടു. സ്കൂൾ വിട്ട് ഓടിച്ചാടി വിറകാലയ്ക്കടുത്തെത്തിയ നന്ദൂട്ടി തന്റെ പ്രിയപ്പെട്ട പൂച്ചകളെ കാണാതെ കരച്ചിലായി. അമ്മ സമാധാനിപ്പിച്ചു. ‘എങ്ങാട്ടെങ്കിലും ഓടിപോയിട്ടുണ്ടാകും.’ എന്നൊരു കളവും പറഞ്ഞു. ഒന്നുരണ്ടു ദിവസം കഴിഞ്ഞു. ആകെ വിഷമത്തിലായിരുന്നു നന്ദൂട്ടി. പഴയ ഉത്സഹമൊന്നുമില്ലായിരുന്നു അവൾക്ക്. രാവിലെ ഉറക്കമുണർന്ന് പതിവുപോലെ മുറ്റത്തേക്കിറങ്ങി. പെട്ടെന്ന് അവളുടെ മുഖം സൂര്യനുദിച്ചപ്പോലെ തിളങ്ങാൻ തുടങ്ങി. മുറ്റത്തതാ തന്റെ പ്രിയപ്പെട്ട പൂച്ചകുഞ്ഞുങ്ങൾ. ഓരോന്നിനെയും ഓടിച്ചെന്ന് മാറിമാറിയെടുത്ത് പുന്നരിച്ചു, മുത്തം കൊടുത്തു. തന്റെ കൂട്ടുകാരിയെ തിരിച്ചു കിട്ടിയ സന്തോഷത്തിൽ നന്ദൂട്ടിയോട് പൂച്ചക്കുഞ്ഞുങ്ങൾ ചേർന്നുനിന്നു. പക്ഷേ അമ്മയുടെ മുഖത്ത് അമ്പരപ്പായിരുന്നു. പിന്നിൽ നിന്നും മുത്തശ്ശൻ പറഞ്ഞു. “പൂച്ചകൾക്ക് വഴിതെറ്റില്ല. എവിടെകൊണ്ടു കളഞ്ഞാലും അത് തിരിച്ചുവരും. എന്തായാലും എന്റെ കുട്ടിക്ക് സന്തോഷമായല്ലോ അതുമതി.” അമ്മയുടെ മുഖത്ത് നോക്കി ചിരിച്ചുകൊണ്ട് മുത്തശ്ശൻ പറഞ്ഞു. ഒരു വിജയിയെപ്പോലെ നന്ദൂട്ടിയും പിറകെ ആ പൂച്ചക്കുട്ടികളും തങ്ങളുടെ വിറകാലയിലേക്കു നടന്നു.


എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

# കാടിന്റെ കഥ

രമ്യ നായർ

പണ്ട് പൂത്തുലഞ്ഞു വിളഞ്ഞ്
പഴുത്ത കാടുകളിൽ അജ്ഞാതനായ
ഒരു ജീവി കാലുകുത്തി
ആ അപരിചിതന്റെ പേര്
പരിഷ്കൃതൻ
അവന്റെ കൈയിലെ ചിമ്മുന്ന മഴു
കണ്ട് കാട് കൗതുകം കൊണ്ടു
പരിഷ്കൃതൻ മഴുകൊണ്ട് കാട് വെട്ടി
കരച്ചിലും തേങ്ങലും നിലവിളിയുമായി
കാടൊഴിഞ്ഞു
കോൺക്രീറ്റ് സൗധങ്ങളാൽ
കാട് നിറഞ്ഞു ഫാക്ടറി വന്നു
കറുത്ത പുക ചീറ്റുന്ന വണ്ടികൾ
നിറഞ്ഞു മലിനപ്പെട്ട പ്രാണവായു
ജീവനുകളെ ശ്വാസം മുട്ടിച്ചു കൊന്നു.
പച്ചപ്പ് തേടിയാൽ കിട്ടാത്ത
കനിയായി മാറി
വായുവും മണ്ണും ജലവും
വിഷമയമായ് വയ്യാ!
ഇനിയും സഹിക്കാൻ
തലമുറകൾ കരിഞ്ഞുപോകുന്നു
നിറുത്തൂ മനുഷ്യാ പരിഷ്ക്കാര ഭ്രമങ്ങൾ
പ്രകൃതിയെ ജീവനെ വീണ്ടെടുക്കുക
മഴുമാറ്റി മൺവെട്ടിയാക്കുനിൻ
ആയുധം പണിയുക വിളയിക്കുക
സമൃദ്ധിയുടെ പൊൻകനികളെ
തെളിയുക നാളെയുടെ നൻമയായ് നീ.



വര: അനിഷ തമ്പി

# മലയോളം മലയാളം

**എടപ്പാൾ സി സുബ്രഹ്മണ്യൻ**



വര: ഗോപു പട്ടിത്തറ

മലയാളം മലയോളം മലയാളം
മലതൊട്ടു കടലോളം മലയാളം
ഉണ്ണി പിറക്കുന്ന നാൾ മുതൽക്കു
മണ്ണാകുവോളം മലയാളം
നാവിൽ വയമ്പായി, കാതിൽ കുഴമ്പായി
നാവേറ്റു പാട്ടായി മലയാളം
കുട്ടിക്കുറങ്ങുവാൻ കൂട്ടുപോകും
താരാട്ടുപാട്ടായി മലയാളം
ഒച്ചയും പിച്ചയും വെച്ചനാളിൽ
അക്ഷരച്ചെപ്പു തുറന്നുവെച്ചു
അറിവിന്നാഴിയിൽ മുക്കി, മേലെ
ആകാശത്തിൽ പറത്തിവിട്ടു
അമ്മിഞ്ഞപ്പാലൂട്ടി, കഥകൾ ചൊല്ലി
നെഞ്ചോടു ചേർത്തൊരു മലയാളം
സങ്കടമെല്ലാം കഴുകിക്കളയുവാൻ,
ചിന്തയ്ക്കു പന്തം കൊളുത്തിവെക്കാൻ
ഗുരുവിന്റെ കരുതലീ മലയാളം, എന്റെ
ജീവന്റെ ജീവനീ മലയാളം.



എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

# ചാൾസ് ബാബേജ്: കമ്പ്യൂട്ടറിന്റെ പിതാവ്


**പള്ളിയറ ശ്രീധരൻ**

ആധുനികലോകത്ത് കമ്പ്യൂട്ടറിന്റെ പ്രാധാന്യം വളരെ വലുതാണല്ലോ. അത്ഭുതയന്ത്രം എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന കമ്പ്യൂട്ടർ മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

കമ്പ്യൂട്ടർ ഗണിതശാസ്ത്രത്തിന്റെ ഒരു സംഭാവനയാണെന്ന് പറയാം. കണക്കുകൂട്ടൽ യന്ത്രങ്ങൾക്ക് നൂറ്റാണ്ടുകളുടെ പരിഷ്കാരങ്ങൾ വന്നതുകൊണ്ടാണ് കമ്പ്യൂട്ടറിൽ എത്തിച്ചേർന്നത്. മനുഷ്യൻ കണക്കുകൂട്ടാൻ ആദ്യമായി കണ്ടുപിടിച്ച ഉപകരണം മണിച്ചട്ടം അഥവാ അബാക്കസ് ആണ്. മണിച്ചട്ടത്തിൽ നിന്നും കമ്പ്യൂട്ടറിലേക്കുള്ള വികാസത്തിന് അനേകം പ്രതിഭാശാലികളുടെ സംഭാവനകൾ കാരണമായിട്ടുണ്ട്. കമ്പ്യൂട്ടറിന്റെ പിതാവായി അറിയപ്പെടുന്നത് ചാൾസ് ബാബേജാണ്. 1791 ൽ ഡിസംബർ 26 ന് ഇംഗ്ലണ്ടിലെ ലണ്ടനിലാണ് ബാബേജ് ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1810 ൽ കേംബ്രിഡ്ജിലെ ട്രിനിറ്റി കോളജിൽ ചേർന്നു. വിദ്യാർഥി ആയിരിക്കുമ്പോൾ തന്നെ മറ്റൊരു വിദ്യാർഥിയുമായി ചേർന്ന് Differential and Integral Calculus എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. 1827 ൽ കേംബ്രിഡ്ജിൽ ഗണിതശാസ്ത്ര പ്രൊഫസറായി നിയമനം ലഭിച്ചു.


Author : User geni

ഡിഫറൻസ് എൻജിൻ


Author : The Illustrated London News

ചാൾസ് ബാബേജ്

1819 മുതൽ അദ്ദേഹം കണക്കുകൂട്ടൽ യന്ത്രങ്ങൾ വികസിപ്പിക്കാനുള്ള ശ്രമത്തിലേർപ്പെട്ടു. സങ്കീർണമായ ഗണിതക്രിയകൾ എങ്ങനെ യന്ത്രമുപയോഗിച്ച് ചെയ്യാമെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ജോസഫ് മേരി ജകാർഡ് 1801 ൽ ഗണിത ക്രിയകൾ ചെയ്യാൻ സാധിക്കുന്ന നെയ്ത്തുയന്ത്രംപോലുള്ള ഒരു യന്ത്രം വികസിപ്പിച്ചിരുന്നു. ബാബേജ് ഇതിനെ പരിഷ്കരിക്കാൻ തീരുമാനിച്ചു. പ്രസിദ്ധ ഇംഗ്ലീഷ് കവി ബൈറന്റെ പുത്രി അഗസ്ത അഡയുടെ സഹായത്തോടെ തന്റെ ശ്രമം തുടർന്നു. പൈതൃകമായ സമ്പത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചുകൊണ്ട് 1822 ൽ ഡിഫറൻസ് എഞ്ചിൻ എന്ന തന്റെ 'കമ്പ്യൂട്ടർ' അദ്ദേഹം നിർമിച്ചു. പക്ഷേ അദ്ദേഹത്തിന്റെ ഭാവനയ്ക്കനുസരിച്ചുള്ള യന്ത്രം നിർമിക്കാൻ നിർഭാഗ്യവശാൽ അദ്ദേഹത്തിന് സാധിച്ചില്ല. അങ്ങനെ പൂർത്തിയാക്കപ്പെടാത്ത ആ യന്ത്രം ലണ്ടനിലെ സയൻസ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

ബാബേജിന്റെ ആശയങ്ങളെ അടിസ്ഥാനമാക്കി പിന്നീട് കമ്പ്യൂട്ടറുകൾ നിർമിക്കപ്പെട്ടു. ബാബേജിനെ കമ്പ്യൂട്ടറിന്റെ പിതാവായി അംഗീകരിക്കപ്പെടുകയും ചെയ്തു.

palliyarasreedharan@gmail.com

# അമേരിക്കയിലെ കറുത്തവരുടെ ഗാന്ധി


ജോസഫ് പനയ്ക്കൽ

**അമേരിക്കയിൽ കറുത്തവർഗക്കാർക്ക് പൗരാവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി പ്രവർത്തിച്ച നേതാക്കളിൽ പ്രമുഖനായിരുന്നു മാർട്ടിൻ ലൂഥർ കിംഗ്. വർണ്ണവിവേചനത്തിനെതിരെയുള്ള സമരം അദ്ദേഹത്തെ 1964ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അർഹനാക്കി. 1963ൽ രണ്ടര ലക്ഷത്തോളം കറുത്തവർഗക്കാരെ സംഘടിപ്പിച്ച് അദ്ദേഹം വാഷിങ്ങ്ടണിലേക്ക് നടത്തിയ മാർച്ചിലെ 'എനിക്കൊരു സ്വപ്നമുണ്ട്' എന്ന പ്രസംഗം വളരെ പ്രശസ്തമാണ്. 1968 ഏപ്രിൽ 4നു ജെയിംസ് ആൾറെ എന്ന വെള്ളക്കാരന്റെ വെടിയേറ്റ് അദ്ദേഹം മരണമടഞ്ഞു.**

ട്രോഫിയും സർട്ടിഫിക്കറ്റും നെഞ്ചോടു ചേർത്തുപിടിച്ച് പന്ത്രണ്ടുകാരനായ മാർട്ടിൻ ലൂഥർ, അവന്റെ ടീച്ചറുടെ കൂടെ അഭിമാനഭരിതനായാണ് തലയുയർത്തിപ്പിടിച്ച് ബസ്സിൽ കയറിയത്. ഹൈസ്കൂൾ വിദ്യാർഥികൾക്കായി നഗരത്തിലെ ഒരു ഓഡിറ്റോറിയത്തിൽ നടത്തിയ പ്രസംഗമത്സരത്തിൽ പങ്കെടുത്ത് ഒന്നാം സമ്മാനം നേടിയ സന്തോഷത്തോടെ അവൻ വീട്ടിലേക്കു തിരിച്ചുപോകുകയായിരുന്നു. കറുത്തവർഗക്കാർക്കായുള്ള വിവിധ ഹൈസ്കൂളുകളിൽ നിന്നെത്തിയ മിടുക്കന്മാരും മിടുക്കികളുമാണ് മത്സരത്തിൽ പങ്കെടുത്തത്. 'കറുത്തവരും ഭരണഘടനയും' എന്നതായിരുന്നു പ്രസംഗവിഷയം. വീറും ആവേശവും അലതല്ലിയ മത്സരമായിരുന്നു അത്.

ഓടുന്ന ബസ്സിലിരുന്ന് പുറത്തെ കാഴ്ചകൾ കാണുന്നതിനിടയിൽ പ്രതീക്ഷകളോടെ അവൻ എന്തൊക്കെയോ സ്വപ്നം കാണുകയായിരുന്നു. അപ്പോഴാണ് ഒരു സ്റ്റോപ്പിൽ നിന്ന് രണ്ടു വെള്ളക്കാർ ബസ്സിൽ കയറിയത്. ഡ്രൈവർ ഉടനെ മാർട്ടിന്റെ നേരെതിരിഞ്ഞ് സീറ്റൊഴിഞ്ഞു കൊടുക്കാൻ ആംഗ്യം കാണിച്ചു. യാത്രാക്കൂലി നൽകി യാത്ര ചെയ്യുന്ന തന്നോട് അങ്ങനെ ആവശ്യപ്പെടുന്നത് ന്യായമല്ലെന്ന് മാർട്ടിനു തോന്നി. അവൻ അനങ്ങിയില്ല.

ഡ്രൈവർ നീരസത്തോടെ നെറ്റിച്ചുളിച്ച്


Author : Nobel Foundation


Author : Rowland Scherman

പരുഷമായി ചീത്തപറഞ്ഞ് അവഹേളിക്കാൻ തുടങ്ങി. വെള്ളക്കാർ കയറുമ്പോൾ കറുത്തവർ എഴുന്നേറ്റു സീറ്റൊഴിഞ്ഞു കൊടുക്കണമെന്ന് ഒരു നാട്ടുനടപ്പുണ്ട്. എന്നാൽ കറുത്തവർഗക്കാരുടെ അവകാശങ്ങളെക്കുറിച്ചുള്ള ഭരണഘടനാനിയമങ്ങൾ പഠിച്ച് പ്രസംഗമത്സരത്തിൽ ജയിച്ചുവരുന്ന മാർട്ടിന് ആ അവഹേളനം നിയമവിരുദ്ധമാണെന്നു തോന്നി. പക്ഷേ, ഡ്രൈവറുടെ ഭാവം കണ്ടു ഭയന്ന ടീച്ചർ അവന്റെ തോളത്തു തൊട്ടുകൊണ്ട് സീറ്റൊഴിഞ്ഞുകൊടുക്കാൻ സൗമ്യമായി പറഞ്ഞു. അപമാനം കൊണ്ടു മുറിവേറ്റ മനസ്സോടെ, നിസ്സഹായനായി അവൻ സീറ്റൊഴിഞ്ഞു മാറിനിന്നു. മുഖം മ്ലാനമാവുകയും കണ്ണുകൾ ഈറനാവുകയും ചെയ്തു. ഇത് അനീതിയാണെന്നും എതിർക്കേണ്ടതാണെന്നും അവന്റെ മനസ്സു പിറുപിറുത്തു.

അപ്പോൾ അവൻ മഹാത്മാഗാന്ധിയുടെ ജീവിതത്തിലുണ്ടായ സമാനമായ സംഭവത്തെ കുറിച്ച് വായിച്ചതോർത്തു. ദക്ഷിണാഫ്രിക്കയിൽവച്ച് തീവണ്ടിയിൽ സഞ്ചരിക്കവേ, ഒരു വെള്ളക്കാരൻ കയറിയ കമ്പാർട്ടുമെന്റിൽ നിന്ന് ഒഴിഞ്ഞു പോകണമെന്നാവശ്യപ്പെട്ടത് അനുസരിക്കാതിരുന്നതിന് ബൂട്ട്സിട്ട് കാലുകൊണ്ട് മുഖത്ത് ചവിട്ടേൽക്കേണ്ടിവന്നു ഗാന്ധിജിക്ക്.

ചരിത്രം മാറ്റിമറിക്കുന്ന വിപ്ലവകരമായ പ്രതിരോധപ്രവർത്തനങ്ങൾക്കു ഗാന്ധിജിയെ ശക്തനാക്കിയത് ആ സംഭവമായിരുന്നു. ആ ഗാന്ധിജിയാണ് പിന്നീട് ഇന്ത്യയിൽ നിന്ന് ബ്രിട്ടീഷ് ഭരണത്തെ തൂത്തെറിഞ്ഞത്.

വർണവിവേചനത്തിന്റെ പേരിൽ യാതൊരു കുറ്റവും ചെയ്യാതെതന്നെ കറുത്തവർ എവിടെയും നിന്ദിതരും പീഡിതരുമായി കഴിഞ്ഞിരുന്ന കാലം. അത് അനീതിയാണെന്നു വെള്ളക്കാർക്കു മനസ്സിലാകാഞ്ഞിട്ടായിരുന്നില്ല. കറുത്തവരെ അടിമവർഗക്കാരായി കരുതി നിന്ദിക്കയും പീഡിപ്പിക്കയും ചെയ്യുന്നതിൽ ക്രൂരമായ ഒരാനന്ദം അവർ അനുഭവിച്ചിരുന്നു. ഗാന്ധിജിയെപ്പോലെ തന്നെ അമേരിക്കയിലെ കറുത്തവർഗക്കാരുടെ പൗരാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി പൊരുതാൻ ഭാവിയിൽ തനിക്കും എന്തെങ്കിലുമൊക്കെ ചെയ്യാനായെങ്കിൽ എന്നൊരു വിചാരം മാർട്ടിന്റെ കൗമാരമനസ്സിൽ മുളപൊട്ടിയിരുന്നു.

കൊച്ചുകുഞ്ഞായി കളിച്ചുനടന്ന കാലത്തുതന്നെ തൊലി കറുത്തതിന്റെ പേരിൽ നിന്ദയുടെ കയ്പുരസം മാർട്ടിൻ അനുഭവിച്ചിരുന്നു. നാലു വയസ്സുള്ളപ്പോഴായിരുന്നു അത്. ഒരിക്കൽ അയൽക്കാരനായ ഒരു വെളുത്ത കൂട്ടുകാരനുമൊത്ത് പുറത്ത് പന്തുതട്ടിക്കളിക്കയായിരുന്നു. ഇളംപച്ച പുൽത്തകിടിയിൽ

രസകരമായി അങ്ങനെ കളിച്ചുകൊണ്ടിരിക്കെ വെളുത്ത കുട്ടിയുടെ അമ്മ അതു കണ്ടുവന്നു. വെറുപ്പോടെ മാർട്ടിനെ ഒന്നു നോക്കിയിട്ട് അവരുടെ കുട്ടിയെ പിടിച്ചു വലിച്ചുകൊണ്ടു പോയി. കറുത്ത കുട്ടിയുടെ കൂടെ കളിച്ചാൽ വെളുത്ത കുട്ടി മോശമായിപ്പോകുമത്രെ!

ഈ വർണവിവേചനത്തോടും അനീതിയോടുമുള്ള എതിർപ്പ് ചെറുപ്പം തൊട്ടേ മാർട്ടിൻ ലൂഥറിന്റെയുള്ളിൽ ഒരു തീക്കനൽപ്പോലെ എരിഞ്ഞുകൊണ്ടിരുന്നു. എങ്കിലും പ്രതികൂലസാഹചര്യങ്ങളെ ക്ഷമയോടും സഹനത്തോടും കൂടി അതിജീവിച്ച്, വിദ്യാഭ്യാസവും കഴിവുകളും വളർത്തിയെടുത്താൽ മാത്രമേ സാമൂഹികമായ തിന്മകളെയും അനീതികളേയും നേരിടാനാവൂ എന്ന് മാർട്ടിൻ മനസ്സിലാക്കിയിരുന്നു.


1929 ജനുവരി 16 ന് ക്രിസ്ത്യൻ പുരോഹിതനായ മാർട്ടിൻ ലൂഥർ കിങ് സീനിയറിന്റെയും ഗായികയായ ആൽബർട്ടാവില്യംസിന്റെയും മകനായി മാർട്ടിൻ ലൂഥർകിങ് ജൂനിയർ ജനിച്ചു. സ്വഭാവ നൈർമല്യവും പ്രായത്തിൽക്കവിഞ്ഞ പക്വതയും മനുഷ്യസ്നേഹവും ആത്മവിശ്വാസവുമുള്ള ഒരു വ്യക്തിത്വം കുട്ടിക്കാലം മുതൽ മാർട്ടിൻ ലൂഥറിൽ തെളിഞ്ഞുവന്നു.

പഠനത്തിൽ സമർഥനായിരുന്നു മാർട്ടിൻ. സോഷ്യോളജിയിൽ ബിരുദമെടുക്കുകയും

**വിദ്യാർഥിയായിരുന്നപ്പോൾ മുതൽ മാർട്ടിൻ നന്നായി വായിക്കുമായിരുന്നു. പ്രസംഗമത്സരങ്ങളിൽ വിജയം നേടാൻ അതു വഴിതെളിച്ചു. നല്ലൊരു നേതാവാകണമെങ്കിൽ നല്ലൊരു പ്രാസംഗികൻ കൂടിയാകണമെന്നും അതിന് തെളിഞ്ഞ വായന അനിവാര്യമാണെന്നുമുള്ള ബോധ്യം മാർട്ടിനുണ്ടായിരുന്നു.**

തുടർന്ന് ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്നു ദൈവതത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. സാർവലൗകികമായ ഒരു മാനവീയവീക്ഷണം ഇക്കാലത്ത് അദ്ദേഹത്തിൽ രൂപപ്പെട്ടു.

വിദ്യാർഥിയായിരുന്നപ്പോൾ മുതൽ മാർട്ടിൻ നന്നായി വായിക്കുമായിരുന്നു. പ്രസംഗമത്സരങ്ങളിൽ വിജയം നേടാൻ അതു വഴിതെളിച്ചു. നല്ലൊരു നേതാവാകണമെങ്കിൽ നല്ലൊരു പ്രാസംഗികൻ കൂടിയാകണമെന്നും അതിന് തെളിഞ്ഞ വായന അനിവാര്യമാണെന്നുമുള്ള ബോധ്യം മാർട്ടിനുണ്ടായിരുന്നു. പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സോക്രട്ടീസ്, റൂസ്സോ, കാറൽമാർക്സ്, ഏംഗൽസ്, ഗാന്ധി, ടോൾസ്റ്റോയി തുടങ്ങിയവരുടെ കൃതികളും തത്വചിന്തകളും വിവിധ മതതത്വദർശനങ്ങളും സാമൂഹിക കാഴ്ചപ്പാടുകളും അദ്ദേഹം പഠനവിധേയമാക്കി.



Author : Rowland Scherman

ഒരു ഡോക്ടറോ വക്കീലോ ആകണമെന്നാണ് ആഗ്രഹിച്ചിരുന്നതെങ്കിലും തന്റെ പിതാവിനെപ്പോലെ തന്നെ ഒരു വൈദികനാവുകയാണു ചെയ്തത്. അതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ടായിരുന്നു. അമേരിക്കൻ ജനത ബഹുഭൂരിപക്ഷവും ക്രിസ്തുമതക്കാരാണ്. കറുത്ത വർഗക്കാരുടെ നീതിക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള സമരങ്ങളിൽ ജനങ്ങളെ സജ്ജരാക്കാൻ പ്രസംഗങ്ങളിലൂടെ കഴിയുമെന്നും അതിന് ഒരു വൈദികനാവുന്നതാണ് നല്ലതെന്നും അദ്ദേഹം തീരുമാനിച്ചു.

അനേക നൂറ്റാണ്ടുകളായി കറുത്ത വർഗക്കാരെ അമേരിക്കയിലെ വെളുത്തവർ അടിമകളാക്കി വച്ചിരിക്കുകയായിരുന്നു. ന്യായമായ കൂലിയും തൊഴിലവകാശങ്ങളും ജീവിത സൗകര്യങ്ങളും കുട്ടികൾക്കു വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ട് കടുത്ത ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരായി കഴിയുകയായിരുന്നു അവർ. അടിമത്തത്തിനെതിരായ നീ

ണ്ട കാലത്തെ അക്രമസമരങ്ങൾക്കും ലോക വ്യാപകമായ പ്രതിഷേധങ്ങൾക്കും ശേഷം 1563 ൽ പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ അടിമത്തം നിയമംമൂലം നിർത്തലാക്കി.

എങ്കിലും കറുത്തവർഗക്കാരെ തങ്ങൾക്കൊപ്പം തുല്യരായി അംഗീകരിക്കാൻ വെള്ളക്കാർ തയ്യാറായില്ല. കറുത്തവരെ അധഃകൃതരായി കണക്കാക്കുന്നതിന് 'ജിം ക്രോ' എന്നൊരു നിയമം ഭരണഘടനാനുസൃതമല്ലാതെതന്നെ അവർ നടപ്പാക്കിയിരുന്നു. വർണവിവേചനം എല്ലാ രംഗത്തും നിലനിർത്തുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. കറുത്തവർഗക്കാരിൽ അപകർഷതാബോധം സൃഷ്ടിച്ച് ആത്മവീര്യം കെടുത്തുവാനും വിധേയത്വവും ദാരിദ്ര്യവും നിലനിർത്തി അവരുടെ സാമൂഹിക പുരോഗതി മുരടിപ്പിക്കുവാനുമുള്ള ആസൂത്രിത തന്ത്രമായിരുന്നു അത്.

അതനുസരിച്ച് കറുത്തവർക്കും വെളുത്തവർക്കും സ്കൂളുകളും കോളജുകളും വെവ്വേറെയായിരുന്നു. നിലവാരത്തിലും വ്യത്യാസമുണ്ടായിരുന്നു. വെളുത്തവർക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ എല്ലാവിധ സൗകര്യങ്ങളും ഉള്ളവയാണെങ്കിൽ കറുത്തവർക്കുള്ള സ്ഥാപനങ്ങൾ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തവയും നിലവാരം കുറഞ്ഞവയുമായിരുന്നു. അതുപോലെ തിയേറ്ററുകൾ, ഹോട്ടലുകൾ, കുടിവെള്ളപൈപ്പുകൾ, ശുചിമുറികൾ എന്നിവയും വെവ്വേറെയായിരുന്നു. വെളുത്തവർക്കും കറുത്തവർക്കും പൊതുവായി പ്രവേശനമുള്ള ബസ് സ്റ്റേഷൻ, റെയിൽവേസ്റ്റേഷൻ, ബോട്ട്, കപ്പൽ എന്നിവയിൽ സീറ്റുകൾ വെവ്വേറെ ഭാഗത്തായി തിരിച്ചിരുന്നു. എവിടെയും മുൻഗണന വെളുത്തവർക്ക്. ചില സ്ഥാപനങ്ങളിൽ കറുത്തവർക്കു പ്രവേശനം നിഷേധിച്ചുകൊണ്ട് 'whites only' എന്ന് ബോർഡ് വച്ചിരുന്നു. ചില സ്ഥാപനങ്ങളിൽ കറുത്തവർക്കു ജോലി നിഷേധിക്കപ്പെട്ടിരുന്നു. ചിലേടങ്ങളിൽ ഒരേ ജോലി ചെയ്യുന്നവരിൽ വെളുത്തവർക്ക് ഉയർന്ന വേതനവും കറുത്തവർക്ക് കുറഞ്ഞ വേതനുമായിരുന്നു.

എല്ലാ രംഗത്തുമുള്ള വർണവിവേചനവും അസമത്വവും അനീതിയും ചൂഷണവം അവസാനിപ്പിക്കേണ്ടത് തന്റെ ജീവിതദൗത്യമായി യുവാവായ മാർട്ടിൻലൂഥർ തീരുമാനിച്ചു. എന്നാൽ അക്രമമാർഗമല്ല, മഹാത്മാഗാന്ധിയുടെ അഹിംസയിലധിഷ്ഠിതമായ, സഹനസമരമാണുവേണ്ടതെന്നും അദ്ദേഹം തീരുമാനിച്ചു. അതിനുവേണ്ടി ഒരു സംഘടനയുണ്ടാക്കി. നാഷണൽ അസോസിയേഷൻ ഫോർ ദ് അഡ്വാൻസ്മെന്റ് ഓഫ് കളേർഡ് പ്യൂപ്പിൾ (NAACP). വിദ്യാർഥിയായിരുന്നപ്പോൾ ബസ്സിൽ വച്ചുണ്ടായ അപമാനത്തിന്റെ മുറിവും വേദനയും മാർട്ടിന്റെയുള്ളിൽ നിന്നു പോയിരുന്നില്ല. ആദ്യത്തെ സംഘടിതസമരം ബസ്സിലെ വർണവിവേചനത്തിനെതിരെയായിരുന്നു. അത് ബസ്സ് തല്ലിപ്പൊളിച്ചിട്ടോ തീ വച്ചിട്ടോ ആയിരുന്നില്ല. കറുത്തവർ ബസ്സ്യാത്ര ബഹിഷ്കരിച്ചുകൊണ്ടുള്ള സമരം. ബസ്സ് യാത്രക്കാരിൽ ബഹുഭൂരിപക്ഷവും കറുത്തവരായിരുന്നു. അവർ ബസ്സ് ബഹിഷ്കരിച്ചു. നടന്നും മറ്റു വാഹനങ്ങളിലുമായി യാത്ര ചെയ്ത് സമരംചെയ്യാൻ തുടങ്ങിയതോടെ ബസ്സോട്ടവും നടത്തിപ്പും വൻ നഷ്ടത്തിലായി. ഒരു വർഷത്തിലേറെ നീണ്ടുപോയ സമരം അവസാനിപ്പിച്ചത് ബസ്സിലെ വർണവിവേചനം അവസാനിപ്പിച്ചുകൊണ്ടാണ്. അത് കറുത്തവർഗക്കാരിൽ അന്തസ്സും ആത്മവീര്യവും ജ്വലിപ്പിച്ചു. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ കറുത്തവർഗക്കാരുടെ അനിഷേധ്യനേതാവായി അംഗീകരിക്കപ്പെടുകയും അമേരിക്കയിലെ 'കറുത്തവരുടെ ഗാന്ധി' എന്നു വിശേഷിപ്പിക്കപ്പെടുകയും ചെയ്തു.



Author : Federal Bureau of Prisons

ജെയിംസ് ആൾറെ

തുടർന്ന് കറുത്തവർഗക്കാരുടെ എല്ലാത്തരത്തിലുമുള്ള സ്വാതന്ത്ര്യത്തിനും സമത്വത്തിനും പൗരാവകാശങ്ങൾക്കും വേണ്ടി രാജ്യമെമ്പാടുമുള്ള സമരങ്ങൾക്ക് മാർട്ടിൻ ലൂഥർ ധീരമായ നേതൃത്വം നൽകി. ആ സമരങ്ങൾ പതിമൂന്നുവർഷങ്ങൾ നീണ്ടുനിന്നു. അതിനിടയിൽ അനേകം തവണ അറസ്റ്റുവരിക്കുകയും 29 തവണ ജയിൽവാസമനുഭവിക്കുകയും ചെയ്തു. സമരത്തിന്റെ ഭാഗമായി 1963 ആഗസ്റ്റ് 28 ന് രണ്ടര ലക്ഷത്തോളം കറുത്തവർഗക്കാരെ സം

ഘടിപ്പിച്ച് വാഷിങ്ടണിലേക്കു ഒരു മാർച്ച് നടത്തി. അമേരിക്കൻ ചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു അത്. അതിന്റെ സമാപന സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം 'ഐ ഹാവ് എ ഡ്രീം' എന്ന പേരിൽ ലോകപ്രസിദ്ധമാകുകയും ചെയ്തു. സമരങ്ങളെല്ലാം വിജയിക്കുകയും പൗരാവകാശതുല്യത വെളുത്തവർക്കും കറുത്തവർക്കും ഒരുപോലെ അംഗീകരിക്കപ്പെടുകയും ചെയ്തു.

അമേരിക്കയിലെ കറുത്തവർഗക്കാരുടെ പൗരാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും സമാധാനത്തിനും വേണ്ടി ജീവിതകാലം മുഴുവൻ പോരാടിയ മാർട്ടിൻ ലൂഥറും ഗാന്ധിജിയെപ്പോലെ തന്നെ വെടിയേറ്റു മരിച്ചു. അന്ന് അദ്ദേഹത്തിന് 39 വയസ്സായിരുന്നു. 1968 ഏപ്രിൽ 4 ന് ജെയിംസ് ആൾറെ (James Earl Ray) എന്ന വെളുത്തയാളായിരുന്നു ഘാതകൻ.

**വിദ്യാർഥിയായിരുന്നപ്പോൾ മുതൽ മാർട്ടിൻ നന്നായി വായിക്കുമായിരുന്നു. പ്രസംഗമത്സരങ്ങളിൽ വിജയം നേടാൻ അതു വഴിതെളിച്ചു. നല്ലൊരു നേതാവാകണമെങ്കിൽ നല്ലൊരു പ്രാസംഗികൻ കൂടിയാകണമെന്നും അതിന് തെളിഞ്ഞ വായന അനിവാര്യമാണെന്നുമുള്ള ബോധ്യം മാർട്ടിനുണ്ടായിരുന്നു.**

അക്രമരഹിത സമരങ്ങളിലൂടെ സമാധാനത്തിനുവേണ്ടി പോരാടിയ മാർട്ടിൻ ലൂഥറിന് 1964-ൽ സമാധാന നൊബേൽ പുരസ്കാരം ലഭിച്ചു. ഇതിനു പുറമേ മറ്റനേകം ദേശീയ ബഹുമതികൾ ലഭിക്കുകയും ചെയ്തു. എല്ലാ ജനുവരി മാസത്തിലെ 3-ാമത്തെ തിങ്കളാഴ്ച മാർട്ടിൻ ലൂഥർ കിങ് ദിനമെന്ന നിലയിൽ ഒഴിവുദിവസമായി അമേരിക്കയിലെങ്ങും ആചരിക്കപ്പെടുന്നു.

---

കവിത

# ഗാന്ധിയപ്പൂപ്പൻ

**ഹരീഷ് ആർ നമ്പൂതിരിപ്പാട്**

വട്ടക്കണ്ണട ചെറുചിരിയും മുട്ടൻ
വടിയും, മേൽമുണ്ടും
മുട്ടെത്തുന്നൊരു കുറുമുണ്ടും
മൊട്ടത്തലയും കാണുമ്പോൾ
കുട്ടാ നീയൊന്നറിയേണം
അതാണു നമ്മുടെയപ്പൂപ്പൻ
ഭാരതനാടിൻ സ്വാതന്ത്ര്യത്തിൻ
പോരു നയിച്ചോരപ്പൂപ്പൻ
നമ്മുടെ രാഷ്ട്രപിതാവാകും
ഗാന്ധിജിയെന്നോരപ്പൂപ്പൻ.



വര: സുധീർ പി വൈ



# എന്റെ മരം

പ്രഭാലോചന

ഞാൻ നട്ടൊരു മരമാണിത്, നോക്കൂ
തണലിന്നെന്തൊരു തണുവാണ്!

എന്റെ മരത്തിൻ കൊമ്പിലിരുന്നൊരു
ചങ്ങാലിക്കിളി പാടുമ്പോൾ,

അമ്മക്കിളിയുടെ കുഞ്ഞു കിടാങ്ങൾ
ചില്ലക്കൂട്ടിലുറങ്ങുമ്പോൾ,

കുഞ്ഞണ്ണാനൊരു തേൻപഴമുണ്ടി-
ട്ടോടി,ച്ചാടി നടക്കുമ്പോൾ,

താഴെക്കൊമ്പിലൊരൂഞ്ഞാൽ കെട്ടി
കുട്ടികളാർത്തു കളിക്കുമ്പോൾ,

അരികിൽ തണലിലൊരാടും, പശുവും
അലസതയാർന്നു മയങ്ങുമ്പോൾ,

എന്തൊരു സുഖമാണെന്നുള്ളിൽ, ഞാൻ
നട്ടുവളർത്തിയ മരമല്ലേ?

എന്നെക്കാളും ഉയർന്നു പൊങ്ങി,
പടർന്നു നിൽപ്പൂ എന്റെ മരം.

എല്ലാവർക്കും ഉതവികൾ ചെയ്യാൻ,
ഒരുങ്ങി നിൽക്കും നന്മമരം.

വര: സചീന്ദ്രൻ കാറഡുക്ക

# ക്ലാസ് വാർ

എം കൃഷ്ണദാസ്

## പകർച്ച

പുതുവർഷത്തിലെ ആദ്യ ദിനം. പുത്തനുടുപ്പ്, പുത്തൻബാഗ്, പുത്തൻകുട, പുതുപുസ്തകങ്ങളുമായി ഞങ്ങൾ പഴയ ക്ലാസിലെത്തി. അവധിക്കാലവർക്കുകൾ സുമതി ടീച്ചർ യാന്ത്രികമായി വായിച്ചുനോക്കി. അപ്പോഴേക്കും മൂന്നിൽ നിന്നും കുട്ടികളെത്തി. ടീച്ചർ ഞങ്ങളോട് അഞ്ചിലേക്ക് പൊക്കോളാൻ പറഞ്ഞു. അവിടെ ചെന്നു നോക്കുമ്പോൾ അവിടുള്ളവർ ആറിലേക്ക് പോയിട്ടില്ല.

മാവിൻ ചുവട്ടിലെ തണലിൽ ബാഗും സാധനങ്ങളും വെച്ച്, ക്ലാസുകിട്ടാൻ വേണ്ടി ഞങ്ങൾ കാത്തിരുന്നു.

കളിതമാശകളുടെ കുറേ സമയം കടന്നുപോയി. അഞ്ചാം ക്ലാസുകാർ ഇറങ്ങിപ്പോയപ്പോൾ, ഞങ്ങൾ ക്ലാസിലേക്കു തിക്കിത്തിരക്കിക്കയറി. അവിടുത്തെ സാർ, കഴിഞ്ഞ വർഷത്തെ കുട്ടികൾ പോയതിലോ, പുതിയതായി വന്ന ഞങ്ങളെയോർത്തോ തരിച്ചിരുന്നു.

'ഇതെന്റെ ബാഗല്ല...' ഫാത്തിമ ഉറക്കെ പറഞ്ഞു.

'എന്താ പ്രശ്നം മോളെ...' മാഷ് ചോദിച്ചു.

'ന്റെ ബാഗ് മാറീ സാർ...' ഫാത്തിമ കരച്ചിലിന്റെ വക്കത്തെത്തി.

'കുട്ടി ആ ബാഗ് ഇവിടെ കൊണ്ടു വാ...'

ഫാത്തിമ കൊണ്ടുവന്ന ബാഗ് ഉയർത്തി മാഷ് ചോദിച്ചു: 'ഇതുപോലുള്ള ബാഗ് ആരുടെയെങ്കിലും കൈയിലുണ്ടോ...?'


വര: എൻ ടി രാജീവ്

നാലുപേർ ഒരുപോലുള്ള ബാഗുകൾ ഉയർത്തിക്കാട്ടി.

'അതുലിന്റെ കൈയിലെ ബാഗാണെന്റെ...' ഫാത്തിമ സംശയമില്ലാതെ പറഞ്ഞു.

'അതെങ്ങനെ നിനക്ക് ഇത്ര പെട്ടെന്ന് മനസ്സിലായി...' മാഷ് അത്ഭുതത്തോടെ ചോദിച്ചു.

'അത് ഞാൻ മിഠായിക്കച്ചവടം നടത്തി വാങ്ങീതാ സാറേ.'





## പകർച്ച

പുറത്ത് പെരുമഴയുടെ ഒരുക്കുമാനങ്ങൾ. കൊടുങ്കാറ്റ്, മിന്നൽ, ഇടിവെട്ട്. ക്ലാസിൽ ഇരുട്ട് നിറഞ്ഞു. മാഷ് ക്ലാസെടുക്കാനാവാതെ കസേരയിലിരുന്നു.

''ക്ക് പേട്യാവ്ണേ...'' ക്ലാസിന്റെ നടുവിൽ നിന്നൊരു രോദനം. മറ്റു കുട്ടികൾ ഒന്നാകെ ചിരിച്ചു. അപ്പോൾ വലിയൊരു ഇടി വെട്ടി. കൂടെ വലിയൊരു കരച്ചിലും.

''ആരാ കരയുന്നത്.....?'' മാഷ് ചോദിച്ചു.

''ജോയാണു സാർ....''

''ജോയ് നിന്റെ കസേരയുമെടുത്ത് എന്റടുത്തേക്ക് വാ...'' മാഷ് പറഞ്ഞു.

അവൻ വേഗം കുട്ടിക്കസേരയുമായി മാഷ്ടെ അടുത്തേക്കു വന്നു. മാഷവന്റെ തോളിൽ കൈയിട്ടിരിക്കുമ്പോൾ ഭീകരമായൊരു ഇടിവെട്ടി.

അപ്പോൾ ശരിക്കും കരഞ്ഞത് മാഷാണ്.



## പരസഹായം

കൈയിലുള്ളത് ഒഴിവാക്കാൻ വേണ്ടിയോ, സഹായിക്കാൻ വേണ്ടിയോ എന്നറിയില്ല, ബെഞ്ചിനു നടുവിലിരുന്ന രണ്ടാം വർഷക്കാരന്റെ പിറകിലൂടെ പ്രവീൺ ആ കടലാസുചുരുൾ തന്നു. ടീച്ചർ വാതിലിനടുത്തായിരുന്നതുകൊണ്ട് പേടിയില്ലാതെ ആ പേപ്പർ, ഡസ്ക്കിനു താഴെ, മടിയിൽ വെച്ച് തുറന്നു നോക്കിയപ്പോൾ, മൂന്നാമത്തെ ചോദ്യത്തിന്റെ അറിയാവുന്ന ഉത്തരമായിരുന്നു കുറിപ്പടിയിൽ. അതുകൊണ്ടു മാത്രമാണ്, ആ ഉത്തരം തെറ്റിച്ചെഴുതിയത്.

## അത്യാഹിതം

പിൻബെഞ്ചിൽനിന്നും
ടേക്ക് ഓഫ് ചെയ്ത
ആ കടലാസുവിമാനം,
ക്ലാസ് ടീച്ചറുടെ
മുന്നിലൂടെ പറന്ന്
മുൻവാതിലും കടന്ന്
പരിശോധനക്കണ്ണുമായ് വന്ന
ഹെഡ്മാസ്റ്ററുടെ കാൽക്കൽവീണ്
സാഷ്ടാംഗം നമസ്ക്കരിച്ചു.





## കളർ ഡ്രസ്സ്

പ്രവീണാണ് പ്രശ്നമവതരിപ്പിച്ചത്. ക്ലാസിലെ എല്ലാവരും യൂണിഫോമിലായിട്ടും ലീന ഇതുവരെ കളർ ഡ്രസ്സ് മാറിയില്ല. പുതിയ കുട്ടിയാണെന്ന പരിഗണന അവൾ നന്നായി അനുഭവിക്കുന്നുണ്ട്. ആൺകുട്ടികളേക്കാൾ അക്കാര്യത്തിൽ കൊതിക്കെറുവ് കൂടുതലുണ്ട് പെൺകുട്ടികൾക്ക്. പ്രവീൺ കേസു കൊടുത്തതിൽ അവർക്കാണ് കൂടുതൽ സന്തോഷമെന്നത് അവരുടെ മുഖം കണ്ടാലറിയാം.

'എന്താ ലീനേ, യൂണിഫോം തുന്നിക്കിട്ടീലേ...' ഒരു കേസു കിട്ടീട്ട് അന്വേഷിച്ചിലാന്ന് വേണ്ടാച്ചിട്ട് മാഷ് ചോദിച്ചു.

'തുന്നിക്കിട്ടീലാ, സാർ' ലീന ആരും സമ്മതിക്കുന്ന സ്വരത്തിൽ പറഞ്ഞു.

' അവൾ ചുമ്മാ പറയുന്നതാ സാർ...' അവളുടെ ബെഞ്ചിലേ തന്നെ നിമിഷ പറഞ്ഞു.

' അത് കുട്ടിക്കെങ്ങനെ അറിയാം...' മാഷുള്ളതൊന്നും ശ്രദ്ധിക്കാതെ ലീന അവളോടു കയർത്തു.

'തുന്നിക്കൊടുത്തൂന്ന് എന്റെ അച്ഛൻ പറഞ്ഞല്ലോ...' നിമിഷേടെ അച്ഛൻ തുന്നൽക്കാരനാണെന്ന് പാവം ലീനയ്ക്കറിയില്ലായിരുന്നു.



# ക്വട്ടേഷൻ

ക്ലാസ് ലീഡർ ശരണ്യ നോട്ടുപുസ്തകത്തിന്റെ ഏടിലെ ഴുതിയ ഒരു കത്തും പൊക്കിപ്പിടിച്ചാണ് വന്നത്.

ഹെഡ്മാസ്റ്റർ കത്തു വാങ്ങി വായിച്ചു.

''നിന്നെ ഇന്റർവെല്ലിന് എടുത്തോളാമെടാ....

-രാഹുൽ ''

'' ഇത് ആർക്കെഴുതിയ കത്താണ് ശരണ്യേ?''

ഹെഡ് മാഷ് ചോദിച്ചു.

''ഞങ്ങൾ ക്ലാസ് അടിച്ചുവാരുമ്പോൾ കിട്ടിയതാണ് സാർ.''

''അത് തമാശക്ക് എഴുതീതാവും കുട്ടി.'' മാഷ് സംഗതി നിസ്സാരമാക്കാൻ ശ്രമിച്ചു.

'' രാഹുൽ പറഞ്ഞതുപോലെ ചെയ്യുന്നവനാ സാർ.''

''എന്നാൽ അതൊന്നു കാണണമല്ലോ.... '' മാഷ് ചൂര ലുമായിറങ്ങി.

ശരണ്യയും മാഷും കേറിച്ചെല്ലുമ്പോൾ കണ്ടകാഴ്ച, അനസിനേയും ചുമലിലേറ്റി രാഹുൽ നടക്കുന്നു. ഹെഡ്മാഷ് ചൂരൽ പിന്നിലൊളിപ്പിച്ച് ഓഫീസിലേക്ക് തിരികെ നടന്നു.

## കവിത





വര: ആശ ആർ

# പുതുവർഷം

എൻ എസ് സുമേഷ്കൃഷ്ണൻ

പുതുവർഷം പുലരുവാൻ നേരമായി
പുതുമണ്ണു കുളിരുന്ന കാലമായി
കടലോളം കനവുള്ള പൂങ്കുരുന്നിൽ
കവിതകൾ കളിയാടും മേളമായി
ഇനിയൊരു പന്ത്രണ്ടിതളുള്ളൊരീ
ഇനിയതേനൂർന്നൊരു പൂവുപോലെ
മണ്ണിന്റെ മടിയിൽ വിടർന്നുനിൽപ്പൂ
നന്മ വിടർത്തുന്ന പുതിയവർഷം.

# മുളഗീതം

ഉണ്ണി അമ്മയമ്പലം



വര: ആശ ആർ



ഒരു മുളംതൈ നട്ടു പ്രകൃതിയാം അമ്മതൻ
മുറിവുണക്കീടുന്നു മക്കൾ ഞങ്ങൾ
ഒരു തളിർ ആയിരം പൂക്കളായ് വിരിയുന്ന
പുതുവസന്തത്തിന്റെ പൊന്നുമക്കൾ
കറുകറെ കാർബൺ പുതപ്പുമാറ്റാം
തണുതണെ ഇലകളാൽ പച്ച നൽകാം
മുളവീണ പാടുന്ന പാട്ടുകൾ പോലെയീ
മുളകൾ പ്രകൃതിക്കു രക്ഷയാകും
മുളകളീ മണ്ണിന്നു രക്ഷയാകും
മുളകളാകാശത്തെ രക്ഷിച്ചിടും

കാലകാലാവസ്ഥ മാറിടുമ്പോൾ
പേമാരി പെരുമാരി പെയ്തിടുമ്പോൾ
മലകൾക്കു താങ്ങായി മുളനിന്നിടും
പ്രകൃതിക്കു താങ്ങായി മുളനിന്നിടും

ഒരു മുളംതൈനട്ടു പ്രകൃതിയെ സ്നേഹിക്കൂ...
അമ്മയെ സ്നേഹിക്കൂ...
ജീവനെ സ്നേഹിക്കൂ...



# കണ്ടൽച്ചെടികളെ കണ്ടറിയുക

**വി യു രാധാകൃഷ്ണൻ**

നമ്മുടെ കൊച്ചുകേരളത്തെ, ഭീഷണിയിലാക്കിയ ആ കാലം ഓർമയില്ലേ കൂട്ടുകാരേ? സുനാമിത്തിരകൾ ആർത്തലച്ച് തീരത്തെ വിഴുങ്ങാനെത്തിയ ഭീതിദമായ ദിനങ്ങൾ. സമീപത്തുള്ള കായലുകളിലും ചതുപ്പുകളിലും വെള്ളം അലയടിച്ചെത്തി കര പ്രദേശങ്ങളെ കീഴടക്കാനെത്തിയപ്പോൾ രക്ഷാകവചമായത് ചില സസ്യക്കൂട്ടങ്ങളായിരുന്നു. ആ സസ്യസോദരരാണ് കണ്ടൽ ച്ചെടികൾ. എന്നാൽ അവയെ വെട്ടിനശിപ്പിക്കുന്ന ഇക്കാലത്ത് അവയുടെ പാരിസ്ഥിതിക പ്രാധാന്യം പൂർണമായി മനസ്സിലാക്കി സംരക്ഷിക്കാൻ നടപടികളെടുക്കണം. അതാണ് അഭികാമ്യം. എങ്കിലേ 594 കി മീ. കടൽ അതിർത്തിയുള്ള നമ്മുടെ കേരളം ഇനിയും നിലനിൽക്കൂ.

## കണ്ടൽച്ചെടികളെന്നാൽ

കടലിന്നടുത്തുള്ള ഉപ്പുവെള്ളം കെട്ടികിടക്കുന്ന ചതുപ്പു

പ്രദേശങ്ങളാണ് കണ്ടൽ എന്ന പേരിൽ അറിയപ്പെടുന്നത്. ഇവിടെ വളരുന്ന പ്രത്യേക തരം സസ്യങ്ങളും ഇതേപേരിൽ തന്നെ അറിയപ്പെടുന്നു. MANGROVE എന്നാണ് ഇംഗ്ലീഷിൽ അറിയപ്പെടുന്നത്. സ്പാനിഷ് ഭാഷയിൽ നിന്നാണ് ഇംഗ്ലീഷിലേക്ക് ഇത് കടന്നുവന്നത്. ഉഷ്ണമേഖല പ്രദേശങ്ങളിലെ 118 രാജ്യങ്ങളിലും തീരപ്രദേശങ്ങളിലുമായി 1,37,760 $Km^2$ വിസ്തൃതിയിൽ ഇവ വിന്യസിച്ചിരിക്കുന്നു. ഉപ്പിന്റെ അംശമുള്ളിടങ്ങളിൽ വളരാവുന്ന ഈ സസ്യവർഗങ്ങളെ HALOPHYTES എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൂമുഖത്ത് ഇതേവരെ 116 സ്പീഷിസുകളെ തിരിച്ചറിഞ്ഞിട്ടുണ്ട്.

**സുനാമിത്തിരകൾ ആർത്തലച്ച് തീരത്തെ വിഴുങ്ങാനെത്തിയ ഭീതിദമായ ദിനങ്ങൾ. സമീപത്തുള്ള കായലുകളിലും ചതുപ്പുകളിലും വെള്ളം അലയടിച്ചെത്തി കരപ്രദേശങ്ങളെ കീഴടക്കാനെത്തിയപ്പോൾ രക്ഷാകവചമായത് ചില സസ്യക്കൂട്ടങ്ങളായിരുന്നു. ആ സസ്യസോദരരാണ് കണ്ടൽച്ചെടികൾ. എന്നാൽ അവയെ വെട്ടിനശിപ്പിക്കുന്ന ഇക്കാലത്ത് അവയുടെ പാരിസ്ഥിതിക പ്രാധാന്യം പൂർണമായി മനസ്സിലാക്കി സംരക്ഷിക്കാൻ നടപടികളെടുക്കണം. അതാണ് അഭികാമ്യം.**

## ഹോർത്തൂസ് മലബാറിക്കൂസ് ഇൻഡിക്കസ്

കണ്ടൽച്ചെടികളുടെ അത്ഭുത ലോകം – ലോകത്തിലാദ്യമായി പ്രതിപാദിച്ച ഗ്രന്ഥം. വാൻറീഡ് എന്ന മഹാരഥൻ, തയ്യാറാക്കിയ 12 വാല്യങ്ങളുള്ള ഹോർത്തൂസിലാണ് ആദ്യമായി കണ്ടൽച്ചെടികൾ വിവരിക്കപ്പെട്ടത്. ഇതിലെ 6–ാം വാല്യത്തിൽ ആറു തരം കണ്ടൽച്ചെടികളെ വിശദമാക്കി. കണ്ടൽ, കറിക്കണ്ടൽ, പേക്കണ്ടൽ, ചെറുകണ്ടൽ, കരക്കണ്ടൽ, പൂക്കണ്ടൽ എന്നിവയെ ചിത്രസഹിതം ഓരോ അധ്യായങ്ങളിലായി അവതരിപ്പിച്ചു. കാൾലീനീസ് സ്പീഷിസ് പ്ലാന്റാറത്തിലൂടെ ചെടികളെ വിശദീകരിച്ചപ്പോൾ ഉഷ്ണമേഖലാ വർഗങ്ങളെ കുറിച്ച് പറയാൻ ആധികാരികമായെടുത്തത് ഹോർട്ടൂസിനെ ആയിരുന്നു. കടലിന്നടുത്ത ഉപ്പുനിറഞ്ഞ ചതുപ്പുപ്രദേശം എന്നർഥംവരുന്ന 'കണ്ടൽ' എന്ന മലയാള പദവും അങ്ങനെ ആഗോളപ്രസിദ്ധമായി.

## സുന്ദർബൻ – ലോകത്തിലെ ഏറ്റവും വലിയ കണ്ടൽക്കാടുകൾ

ബംഗാൾ, ബംഗ്ലാദേശ് എന്നീ രണ്ടു രാജ്യങ്ങളിലായി ഇത് വ്യാപിച്ചിരിക്കുന്നു. ഗംഗാ ബ്രഹ്മപുത്ര ഡൽറ്റാ പ്രദേശത്ത് കാണുന്ന സുന്ദരി വൃക്ഷങ്ങളാണ് ഈ പേര് ലഭിക്കാനിടയാക്കിയത്. UNESCO World Heritage Site ൽ ഈ പ്രദേശം ഉൾപ്പെട്ടിട്ടുണ്ട്. ദേശീയ പാർക്ക്, കടുവസംരക്ഷണ കേന്ദ്രം, ബയോസ്പിയർ റിസർവ് എന്നീ ഭാഗങ്ങൾ വരുന്ന മേഖലയാണിത്. ബംഗാൾ കടുവകളുടെ പ്രധാന വിഹാര കേന്ദ്രമാണിത്. ഇവയെക്കൂടാതെ മാനുകൾ, മുതലകൾ, പുള്ളിപ്പുലികൾ, പാമ്പുകൾ ഒക്കെയുണ്ട്. പ്രധാന വിനോദ സഞ്ചാരകേന്ദ്രം കൂടിയാണിത്.



## കണ്ടൽ സസ്യങ്ങൾക്കുദാഹരണങ്ങൾ

1 അവിസിനിയ (AVICENNIA)
2 റൊസോഫോറ (RHIZOPHORA)
3 ബ്രിഗ്വൈറ (BRUGUIERA)
4 നൈപ്പ (NYPA)
5 ലഗൂൺ കുലേറിയ (LAGUN CULARIA)
6 സൊണറേഷ്യ (SONNERATA)
7 സീറിയോപ്സ് (CERIOPS)

## കണ്ടൽ സസ്യവിന്യാസം

നൂറിലധികം രാജ്യങ്ങളുടെ തീരദേശവുമായി ബന്ധപ്പെട്ട് കണ്ടൽവനങ്ങൾ കാണപ്പെടുന്നുണ്ട്. അതിൽത്തന്നെ 75%ത്തോളം 15 രാജ്യങ്ങളിലാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഏഷ്യയിലാണ് (42%). ഉഷ്ണമേഖലയിലും മിതോഷ്ണമേഖലയിലും നന്നായി വളരുന്നവയാണിവ.

## പരിസ്ഥിതി ഭീഷണിയിൽപ്പെട്ട കണ്ടൽവനങ്ങൾ

ലോകത്താകെ കണ്ടൽക്കാടുകൾ നശീകരണത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. 35% പ്രദേശങ്ങൾ ഇതിനകം നഷ്ടപ്പെട്ടു. കൃഷിക്കായും മത്സ്യക്കൃഷിക്കായും ഈ കാടുകൾ വൻതോതിൽ വെട്ടിക്കൊണ്ടിരിക്കുകയാണെന്നാണ് UNEP റിപ്പോർട്ടു ചെയ്തിട്ടുള്ളത്.

2010 ൽ WORLD MANGROVE ATLAS ന്റെ കണക്കു പ്രകാരം അഞ്ചിലൊന്ന് ലോകകണ്ടൽ പ്രദേശം നശിച്ചിരിക്കുന്നു.

## ഒരുപാടു ജീവികളുടെ പ്രജനന കേന്ദ്രങ്ങൾ

കണ്ടൽ വൃക്ഷങ്ങളുടെ കാണ്ഡവും ഊർന്നിറങ്ങുന്ന വേരുകളും ചേർന്നുനിൽക്കുന്ന മണ്ണിടങ്ങളിൽ നിരവധി ജലജീവികൾ അധിവസിക്കുന്നു. അതുപോലെ ഇവിടെ നിരവധി പക്ഷികൾ ചേക്കേറുന്നു. ചിപ്പികൾ, കൊഞ്ചുകൾ തുടങ്ങി എത്രയോ പേർക്ക് ഈറ്റില്ലമാകുന്നു ഈ വനസ്ഥലികൾ.

## കണ്ടൽച്ചെടികളെ നടാനൊരുങ്ങാം

ഭൂമിസംരക്ഷണത്തിന്റെ കണ്ടൽ പാഠങ്ങൾ പലതുണ്ട്. തീരത്തെത്തുന്ന മൺചെടികളെ അരിച്ച് നിലനിർത്തുന്നതിനായി കണ്ടൽച്ചെടികളെ വ്യാപകമായി നട്ടുവളർത്തിയതിന് ആഗോളമാസകലം പ്രസ്ഥാനങ്ങൾ പലതും





പ്രവർത്തിച്ചുവരുന്നു. തമിഴ്നാട്ടിലെ നാലു വേദപതി (NALUVEDAPATHY) എന്ന ഗ്രാമത്തിൽ 80244 വിവിധ കണ്ടൽ തൈകൾ നട്ട് കിലോമീറ്ററോളം അതിർത്തിയിലെ സുനാമി ഭീഷണിയെ അതിജീവിച്ച സംഗതി പത്രത്തിൽ വാർത്തയായിരുന്നു.

## കല്ലേൻ പൊക്കുടൻ എന്ന കണ്ടൽ പൊക്കുടൻ

മലയാളികൾ എന്നും മാതൃകയായിട്ടുണ്ട്. പക്ഷേ ഇതുപോലൊരു മാതൃകയെ പരിചയപ്പെടുന്നത് പ്രാധാന്യമുള്ള കാര്യമാണ്. തന്റെ ജീവിതദൗത്യമായി കണ്ടൽച്ചെടികളുടെ സംരക്ഷണത്തിൽ ഏർപ്പെട്ട് അതൊരു സന്ദേശമാക്കി മാറ്റിയ മനുഷ്യനാണിദ്ദേഹം. 1937 ൽ കണ്ണൂരിലെ ഏഴോംമൂല ഇടുക്കിൽ തറയിലായിരുന്നു ജനനം. 1989 മുതലാണ് പരിസ്ഥിതി പരിരക്ഷണത്തിൽ ഇദ്ദേഹം വന്നുചേർന്നത്. ആദിവാസിസമൂഹത്തിൽ പിറന്ന്, പ്രകൃതിസംരക്ഷണത്തിൽ പതാകവാഹകനായി മാറിയ ഈ വലിയ മനുഷ്യന് പ്രാഥമിക വിദ്യാഭ്യാസം സ്വല്പമേ ലഭിച്ചിരുന്നുള്ളൂ. എങ്കിലും സാമൂഹ്യരംഗത്ത് പ്രവർത്തിക്കാൻ ഇതൊന്നും തടസ്സമായില്ല. കണ്ടൽപഠനത്തിന് ഒരു പാഠശാലയായി മാറിയ പൊക്കുടൻ, തന്റെ ജീവിതകാലത്ത് ഒരുലക്ഷം കണ്ടൽച്ചെടികളെ നട്ടുവളർത്തി. ഈ രംഗത്തെ അനുഭവങ്ങൾ മുൻനിർത്തി പുസ്തകങ്ങൾ തയ്യാറാക്കി. കണ്ടൽ

**ആദിവാസിസമൂഹത്തിൽ പിറന്ന്, പ്രകൃതിസംരക്ഷണത്തിൽ പതാകവാഹകനായി മാറിയ വലിയ മനുഷ്യനായിരുന്നു കല്ലെൻ പൊക്കുടൻ. തന്റെ ജീവിതദൗത്യമായി കണ്ടൽച്ചെടികളുടെ സംരക്ഷണത്തിൽ ഏർപ്പെട്ട് അതൊരു സന്ദേശമാക്കി മാറ്റിയ മനുഷ്യനാണിദ്ദേഹം. കണ്ടൽപഠനത്തിന് ഒരു പാഠശാലയായി മാറിയ പൊക്കുടൻ, തന്റെ ജീവിതകാലത്ത് ഒരുലക്ഷം കണ്ടൽച്ചെടികളെ നട്ടുവളർത്തി.**

ഇനങ്ങൾ, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം എന്നിവയാണവ. പി വി തമ്പി മെമ്മോറിയൽ എൻഡോവ്മെന്റ്, ഭൂമിമിത്ര, വനമിത്ര, ഹരിതവ്യക്തി എന്നീ പുരസ്കാരങ്ങൾ നേടി. സ്വന്തം പേരിനു മുമ്പിൽ വിശേഷണം പോലെ



കല്ലേൻ പൊക്കുടൻ



കണ്ടൽച്ചെടിയെ നിലനിർത്തുന്ന മഹാനാണിദ്ദേഹം. 2015 സെപ്റ്റംബറിൽ അദ്ദേഹം മരിച്ചു.

## സവിശേഷ സ്വഭാവങ്ങൾ

### 1) ഒരേ ചെടി മൂന്നുതരം വേരുകൾ

കണ്ടൽച്ചെടികളിൽ മൂന്നുതരം വേരുകളുണ്ട്. സാധാരണ തായ്‌വേരുപടലത്താൽ ഉറച്ചുനിൽക്കുന്നു. (Tap root system), താങ്ങുവേരുകളാൽ മുഖ്യകാണ്ഡത്തിന് കരുത്തുപകരുന്നു. (Stilt Roots), ശ്വസനവേരുകളാൽ അന്തരീക്ഷത്തിൽ നിന്ന് $O_2$നെ നേരിട്ട് സ്വീകരിക്കുന്നു. (Pneumatophores)

### 2) ഫലത്തിനുള്ളിൽ നിന്ന് മുളച്ച വിത്തുകൾ പുറത്തുവരുന്നു

ചതുപ്പിൽ വിത്തുകൾ വീണാൽ കെട്ടുപോകാനിടയുള്ളതിനാൽ ഇവയുടെ വിത്തുകൾ ബീജാങ്കുരണം നടന്നതിനുശേഷമേ നിപതിക്കുകയുള്ളൂ. ഈ അതിജീവനമാർഗത്താൽ കണ്ടൽവർഗം നിലനിൽക്കുന്നു. Vivipary എന്നാണ് ഇതിനുള്ള ശാസ്ത്രനാമം.

### 3) താപനിയന്ത്രണ സംവിധാനമുള്ള ആന്തരികസമസ്ഥിതി

വേലിയേറ്റ സമയത്തുള്ള തണുപ്പിനേയും വേലിയിറക്കത്തിലുള്ള ചൂടിനേയും ഒരുപോലെ നിയന്ത്രിക്കാൻ ഈ ചെടികൾക്കുള്ള കഴിവ് ഇതര ചെടികളിൽനിന്നും കണ്ടൽച്ചെടികളെ വ്യത്യസ്തമാക്കുന്നു.

**വേലിയേറ്റ സമയത്തുള്ള തണുപ്പിനേയും വേലിയിറക്കത്തിലുള്ള ചൂടിനേയും ഒരുപോലെ നിയന്ത്രിക്കാൻ കണ്ടൽച്ചെടികൾക്കുള്ള കഴിവ് ഇവയെ ഇതര ചെടികളിൽനിന്നും വ്യത്യസ്തമാക്കുന്നു.**

### 4) ഉപ്പിനെ പുറന്തള്ളാനുള്ള പ്രത്യേകകഴിവ്

ചതുപ്പിലെ ഉപ്പിനെ സംവഹന വ്യവസ്ഥയിലൂടെ ഉള്ളിലെടുത്ത് ആഭ്യന്തരങ്ങളിലൂടെയും ലെന്റിസെല്ലുകളിലൂടെയും പുറത്തേക്കുകളയാൻ കണ്ടൽച്ചെടികൾക്കാകും. ഇലയിൽ കാണുന്ന ഉപ്പുപരലുകൾ ഇതിനുള്ള തെളിവാണ്.

### 5) ജലനഷ്ടം ഒഴിവാക്കുവാനുള്ള സംവിധാനം


സ്ഥിതിചെയ്യുന്ന ചുറ്റുപാടിലെ ശുദ്ധജല ലഭ്യതയെ അടിസ്ഥാനമാക്കി ജലനഷ്ടം ഒഴിവാക്കാനായി ആസ്യരന്ധ്രങ്ങൾ തുറക്കുന്നതും അടയ്ക്കുന്നതും വളരെയധികം നിയന്ത്രിച്ചാണ്. ഇലയുടെ ക്രമീകരണം തന്നെ പ്രത്യേകരീതിയിലാണ്. ഉച്ചനേരത്ത് സസ്യസ്വേദനം കുറയ്ക്കാനുള്ള രീതിയിലാണ് നിൽക്കുക. ഇക്കാര്യങ്ങളിൽ മരൂരൂഹ സസ്യങ്ങളെ (Xerophytes) കണ്ടൽച്ചെടികൾ അനുകരിക്കുന്നു.

കവിത

# അറിവിനെ അറിയാം

ജനാർദ്ദനൻ പള്ളിക്കുന്ന്

പൂവിനെ അറിയുമ്പോൾ
പുതുമയെ അറിയുന്നു.
പുഴകളെ അറിയുമ്പോൾ
പുണ്യത്തെ അറിയുന്നു.
കിളികളെ അറിയുമ്പോൾ
സഹതയെ അറിയുന്നു.
സൂര്യനെ അറിയുമ്പോൾ
പ്രകൃതിയെ അറിയുന്നു.
കുന്നിനെ അറിയുമ്പോൾ
താഴ്മയെ അറിയുന്നു.
ഗുരുവിനെ അറിയുമ്പോൾ
അറിവിനെ അറിയുന്നു.
തരുവിനെ അറിയുമ്പോൾ
തണലിനെ അറിയുന്നു.
മരുവിനെ അറിയുമ്പോൾ
അലിവിനെ അറിയുന്നു.
ഇരവിനെ അറിയുമ്പോൾ
പകലിനെ അറിയുന്നു.
അമ്മയെ അറിയുമ്പോൾ
നന്മയെ അറിയുന്നു.
നേരിനെ അറിയുമ്പോൾ
നേർവഴിയറിയുന്നു.
തന്നെത്താൻ അറിയുമ്പോൾ
അന്യനെയുമറിയുന്നു.



വര: ആശ ആർ




Author : Revista El Gráfico. Junio de 1986



# ചേരിയിൽ കളി തുടങ്ങിയ മറഡോണ

സനിൽ പി തോമസ്

ആധുനിക ഫുട്ബോളിലെ ഏറ്റവും മികച്ച കളിക്കാരിലൊരാളാണ് ഡീഗോ മറഡോണ. അർജന്റീനയെ 1986-ലെ ലോകകപ്പ് കിരീടത്തിലേക്കു നയിച്ചതിൽ മറഡോണയുടെ പങ്ക് ശ്രദ്ധേയമണ്. ഇരുപതാം നൂറ്റാണ്ടിലെ മികച്ച ഫുട്ബോൾ കളിക്കാരൻ എന്ന ഫിഫയുടെ ബഹുമതി പെലെയും മറഡോണയും പങ്കുവച്ചു.

ലോകം കണ്ട എക്കാലത്തെയും മികച്ച ഫുട്ബോൾ കളിക്കാരൻ ആരാണ്? പെലെയോ മറഡോണയോ?

ഏവരെയും കുഴയ്ക്കുന്ന ഈ ചോദ്യം ഉയർന്നത് 1986ൽ അർജന്റീന ലോകകപ്പ് ഫുട്ബോൾ ചാമ്പ്യന്മാരായപ്പോഴാണ്. അന്ന് അർജന്റീനയുടെ വിജയശില്പി ഡീഗോ മറഡോണ എന്ന ചെറുപ്പക്കാരനായിരുന്നു.

ഇരുപതാം നൂറ്റാണ്ടിലെ മികച്ച ഫുട്ബോൾ കളിക്കാരനെ തിരഞ്ഞെടുക്കാൻ രാജ്യാന്തര ഫുട്ബോൾ സംഘടന (ഫിഫ) ഫുട്ബോൾ പ്രേമികൾക്കിടയിൽ ഒരു സർവേ നടത്തി. അവർ തിരഞ്ഞെടുത്തത് ഡീഗോ മറഡോണയെയാണ്. എന്നാൽ ഫിഫ നിയോഗിച്ച വിദഗ്ധരുടെ പാനൽ പെലെയെ തിരഞ്ഞെടുത്തു. ലോക ഫുട്ബോളിൽ പെലെയെക്കാൾ കൂടുതൽ ആരാധകരെ സൃഷ്ടിക്കാൻ മറഡോണയ്ക്കു കഴിഞ്ഞു. പെലെയെപ്പോലെ ശാന്തനല്ലായിരുന്നു മറഡോണ. മുഹമ്മദ് അലിയെപ്പോലെ വീരസ്യം പറയാൻ മറഡോണയും ഇഷ്ടപ്പെട്ടിരുന്നു.

''താങ്കൾ അർജന്റീനയുടെ അസിസ്റ്റന്റ് കോച്ച് ആകുമോ?'' എന്ന് സ്പോർട്സ് ലേഖകൻ ചോദിച്ചപ്പോൾ മറഡോണയുടെ മറുപടി ഇങ്ങനെയായിരുന്നു. ''ഞാൻ നാട്ടിലെ രാജാവല്ലേ? രാജാവ് എങ്ങനെയാണു മറ്റുള്ളവരുടെ കീഴിൽ പ്രവർത്തിക്കുക?'' മറഡോണയുടെ പേരിൽ അർജന്റീനയിൽ മതം വരെ ഉണ്ടായി എന്നോർക്കണം.

അർജന്റീനയിലെ ബ്യൂനസ് ഐറിസിന്റെ പ്രാന്തത്തിലുള്ള ലാനസിൽ ഡീഗോ മറഡോണയുടെയും (സീനിയർ) ദാൽമ സാൽവദോറ ഫ്രാങ്കോയുടെയും മക്കളിൽ അഞ്ചാമനായി 1960 ഒക്ടോബർ 30 നാണ് ഡീഗോ അർമാൻ ഡോ മറഡോണ ജനിച്ചത്. അവിടത്തെ ചേരിയിലാണു മറഡോണ വളർന്നത്. ഏതു പ്രതിരോധവും തകർത്തു മുന്നേറാനുള്ള ആത്മബലം മറഡോണയ്ക്കു നൽകിയത് ചേരിജീവിതമാണെന്നു പറയാം.

തൊഴിലാളി വർഗ ക്ലബ്ബായ ബോകോ ജൂനിയേഴ്സിന്റെ നിരയിലാണു കളിച്ചുവളർന്നത്. ബ്യൂനസ് ഐറിസിൽ തന്നെ ജനിച്ച ചെഗ്വേര എന്ന വിപ്ലവ നായകന്റെ ചിത്രം കൈയിൽ



Author : Argentine Football Association

പച്ചകുത്തിയതും അമേരിക്കയ്ക്കെതിരെ സ്ഥിരം സംസാരിക്കുന്നതുമൊക്കെ ബാല്യ-കൗമാര ഓർമകളുടെ ബാക്കിപത്രമായി കണക്കാക്കാം.

പത്താം വയസ്സിൽ 1970ൽ അർജന്റീനോസ് ജൂനിയേഴ്സിന്റെ കുട്ടിടീമായ സിബോയ്യിറ്റ്സിൽ ആണ് കളിച്ചു തുടങ്ങിയത്. പതിനാറു തികയുംമുമ്പ് ജൂനിയേഴ്സ് ടീമിൽ സ്ഥാനം നേടി. 1977 ൽ, പതിനേഴാം വയസ്സിൽ അർജന്റീനയുടെ ദേശീയ ടീമിൽ കളിച്ചു. 1979ൽ, ലോക യൂത്ത് കപ്പും 86 ൽ ലോകകപ്പും നേടിയ അർജന്റീന ടീമിലെ ശ്രദ്ധേയ താരം.



ബാല്യത്തിൽ സ്കൂളിൽ പോയിരുന്നത് പന്തുതട്ടിക്കൊണ്ടായിരുന്നു. റെയിൽവേ പാളത്തിലൂടെ നടക്കുമ്പോഴും പന്തുതട്ടിയിരുന്നു. കുട്ടിക്കാലത്തെ മറഡോണ മെലിഞ്ഞാണിരുന്നത്. അന്നു ശീലിച്ച നൃത്തച്ചുവടുകൾ തടിവച്ചിട്ടും മറന്നില്ല.

വീമ്പുപറയുന്ന മറഡോണ സത്യം തുറന്നുപറയാൻ മടിച്ചില്ല. 1986 ലെ ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ഇംഗ്ലണ്ടിനെതിരെ ഗോൾ നേടിയത് കൈകൊണ്ടാണെന്ന് മറഡോണ സമ്മതിച്ചു. ഇംഗ്ലണ്ടിന്റെ ഗ്ളെൻ ഹോഡ്സിൽ ഗോളി പീറ്റർ ഷിൽട്ടനു നൽകിയ ഹാഫ് വോളി ബാക്ക് പാസ് മറഡോണ ചാടി ഉയർന്ന് ഇടതുകൈകൊണ്ടു കുത്തി വലയിലാക്കുകയായിരുന്നു. ലോക പ്രശസ്തനായ ഗോളി ഷിൽട്ടൻ അമ്പരന്നു. ഇംഗ്ലീഷ് താരങ്ങൾ പ്രതിഷേധിച്ചു. പക്ഷേ, മറഡോണ കൈകൊണ്ടു പന്തിനിട്ടു കുത്തിയത് റഫറി ബെന്നസീർ കണ്ടില്ല. അദ്ദേഹം ഗോൾ അനുവദിച്ചു വിസിൽ മുഴക്കി. ഈ ഗോൾ ലോകകപ്പിൽ ഏറെ വിവാദങ്ങൾ ഉയർത്തി. പത്രസമ്മേളനത്തിൽ ഗോളിനെക്കുറിച്ചു ചോദിച്ചപ്പോൾ മറഡോണ പറഞ്ഞു. ‘‘ദൈവത്തിന്റെ കൈകൊണ്ടാകാം ഗോൾ പിറന്നത്.’’ ഈ പ്രസ്താവന ഫുട്ബോൾ ലോകത്തെങ്ങും പ്രശസ്തമായി. ഇതേ മത്സരത്തിൽ, രണ്ടാം പകുതിയിൽ അതിമനോഹരമായൊരു ഗോൾ മറഡോണയുടെ ബൂട്ടിൽ നിന്നു പിറന്നു. രണ്ടാം ഗോളിന്റെ ഓർമയ്ക്കായിട്ട് മെക്സിക്കോയിലെ ആസ്ടെക് സ്റ്റേഡിയത്തിൽ പിറ്റേദിവസം മെക്സിക്കോ പ്രസിഡന്റ് ഫലകം സ്ഥാപിച്ചു.

# കളികൾ

ജി രാധാകൃഷ്ണൻ

കളികൾ ഇഷ്ടപ്പെടാത്തവരായി ആരും ഇല്ല. കുട്ടികൾ മുതൽ വൃദ്ധർ വരെ എല്ലാവരും കളികൾ ഇഷ്ടപ്പെടുന്നു. കളികൾ മനുഷ്യമനസ്സിന് ആഹ്ലാദം പകരുന്ന ഒരു പ്രക്രിയയാണ്. പ്രത്യേകിച്ച് കുട്ടികൾക്ക്. അവരുടെ ശാരീരികവും മാനസികവുമായ വികാസത്തിന് കളികൾ അത്യന്താപേക്ഷിതവുമാണ്.

കളികൾ വെറും നേരം കൊല്ലികൾ അല്ല. ഒരു വ്യക്തിയുടെ സമഗ്ര വ്യക്തിത്വ വികാസത്തിനുള്ള ആനന്ദകരമായ ഒരു ഉപാധി കൂടിയാണ്. കളികളിൽ കൂടി കുട്ടികൾക്ക് പുതിയ അറിവ് പകർന്നു നൽകാൻ കഴിയും. എളുപ്പത്തിൽ ആ വിഷയം മനസ്സിലുറപ്പിക്കാൻ കളി ഒരു പഠന മാധ്യമമായി ഉപയോഗിക്കാം. വായനയിലൂടെ പലതവണ ആവർത്തിച്ച് മനപ്പാഠമാക്കാൻ കഴിയാത്ത ആശയങ്ങൾ ഒരു ചെറു കളിയിലൂടെ കുട്ടിക്ക് നൽകിയാൽ അത് അവരുടെ ജീവിതകാലം മുഴുവൻ ഓർമയിൽ നിൽക്കും.

കളി ആരോഗ്യപ്രദമായ ജീവിതം നയിക്കാൻ ഉതകുന്ന ഒന്നാണ്. എല്ലാ അവയവങ്ങളിലേക്കുമുള്ള രക്തചംക്രമണം ത്വരിതപ്പെടുത്താനുള്ള ഒരു ഉപാധി കൂടിയാണ്. കായികശേഷിയും ബുദ്ധിവികാസവും പഠനശേഷിയും ഓർമശക്തിയും വർധിപ്പിക്കാൻ കളി നല്ലതാണ്. കളിയിലെ അപകടങ്ങൾ പേടിച്ച് കുട്ടികളെ കളിക്കാൻ അനുവദിക്കാതിരിക്കരുത്.





വര: എൻ ടി രാജീവ്

ഭയം, അലസത, അപകർഷതാബോധം, നാണം തുടങ്ങിയ പരിമിതികളെ അതിജീവിച്ച് ധൈര്യം, ഉത്സാഹം, ചുറുചുറുക്ക്, ആത്മാഭിമാനബോധം, ആത്മവിശ്വാസം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ കളികൾ സഹായിക്കുന്നു. കുട്ടികളുടെ അനേകം ക്യാമ്പുകളിൽ വിവിധ പരിശീലകർ കുട്ടികളെക്കൊണ്ട് കളിപ്പിച്ച ഏതാനും കളികൾ നമുക്ക് പരിചയപ്പെടാം.

## 1 പേരുപറയൽ

കുട്ടികളുടെ ടീമിൽ നിന്ന് ഒരാൾ നേതാവ് ആകുക. മറ്റ് അംഗങ്ങൾ വട്ടത്തിൽ ഇരിക്കുന്നു. നേതാവ് ഒരാളെ ചൂണ്ടി തുടങ്ങാം എന്നുപറയുന്നു. അയാൾ അയാളുടെ പേര് ഉറക്കെ പറയണം.

അയാളുടെ തൊട്ടു വലതുവശത്ത് ഇരിക്കുന്ന ആൾ നേരത്തേ പറഞ്ഞ പേരും സ്വന്തം പേരും ഉറക്കെ വിളിച്ചുപറയുന്നു. തൊട്ടുവലതുവശത്തിരിക്കുന്ന ആൾ ഈ രണ്ടുപേരുകളും തന്റെ പേരും ഉറക്കെ വിളിച്ചുപറയുന്നു.

ഇങ്ങനെ കളിയിൽ പങ്കെടുക്കുന്ന മുഴുവൻ പേരും തൊട്ടുമുമ്പ് പറഞ്ഞ പേരുകളും തന്റെ പേരും വിളിച്ചു പറയണം. അവസാനം പറയുന്ന ആളിന് മുഴുവൻ പേരുകളും പറയേണ്ടിവരും.

ഈ സമയം നേതാവ് ഓരോരുത്തരും പറ

യുന്ന പേരുകൾ ശരിയാണോ എന്നു പരിശോധിച്ച് എണ്ണം എഴുതി വയ്ക്കണം.

അവസാനം ഇത് പരിശോധിച്ച് ഏറ്റവും കൂടുതൽ പേരുകൾ പറഞ്ഞ 5 പേരെ ക്രമമനുസരിച്ച് സമ്മാനാർഹരാക്കാം.

കുട്ടികളിൽ ഓർമശക്തി ഏകാഗ്രത, കേൾവിശക്തി എന്നിവ വളർത്താൻ ഈ കളി വളരെ പ്രയോജനകരമാണ്.

## 2 നഷ്ടപ്പെട്ട ആളിനെ കണ്ടെത്തുക

കളിയിൽ പങ്കെടുക്കുന്നവർ വൃത്താകൃതിയിൽ ഇരിക്കുന്നു. എല്ലാവർക്കും എല്ലാവരുടെയും മുഖം കാണാം. രണ്ടുമിനിട്ടു നേരം എല്ലാവരെയും നോക്കി ഓരോരുത്തരേയും മനസ്സിലാക്കി അവരുടെ പേര് ഓർത്തുവയ്ക്കുക.

കളി നയിക്കുന്ന ആൾ വൃത്തത്തിലിരിക്കുന്നതിൽ ഒരാളെ വിളിച്ച് കണ്ണുകെട്ടി വൃത്തത്തിനു നടുവിൽ നിർത്തുക. വൃത്തത്തിലിരിക്കുന്നവർ എഴുന്നേറ്റ് വൃത്താകൃതിയിൽ തന്നെ മാറി ഇരിക്കുക. ഇതിൽ നിന്നും ഒരാളെ അകലേക്ക് മാറ്റി മറവിൽ നിർത്തുക.

ഇനി കണ്ണുകെട്ടി നിന്ന ആളിന്റെ കണ്ണിലെ കെട്ടഴിച്ച് എല്ലാവരെയും നിരീക്ഷിച്ച് നഷ്ടപ്പെട്ട ആളിനെ കണ്ടെത്താൻ പറയുക. പേരു പറഞ്ഞാൽ മതിയാകും. കുട്ടികളിൽ നിരീക്ഷണശേഷി, ഓർമ ശക്തി എന്നിവ വളർത്താൻ ഈ കളി സഹായിക്കും.

## 3 കഥപറയൽകളി

കളിയിൽ പങ്കെടുക്കുന്നവരെ വൃത്താകൃതിയിൽ ഇരുത്തുക. ഒരാളോട് ഭാവനയിൽ നിന്നും ഒരു കഥപറയാൻ പറയുക. ഒരു മിനിട്ട് പറഞ്ഞു കഴിഞ്ഞാൽ ആ കഥയുടെ തുടർച്ച എന്നോണം വേറൊരാൾ ഒരു മിനിട്ട് കഥ പറയുക. അതുകഴിഞ്ഞാൽ ഇതിന്റെ തുടർച്ച എന്നോണം മറ്റൊരാൾ തന്റെ ഭാവനയിൽ നിന്നും കഥ പറയുന്നു. അങ്ങനെ കളിയിൽ പങ്കെടുക്കുന്ന എല്ലാവരും തങ്ങളുടെ ഭാവനയ്ക്കനുസരിച്ച് ആദ്യം തുടങ്ങിയ കഥയുടെ തുടർച്ച എന്ന നിലയിൽ കഥ പറഞ്ഞവസാനിപ്പിക്കുന്നു. എല്ലാവരും കഥ പറയലിൽ പങ്കെടുത്തു കഴിയുമ്പോൾ കഥകളും ഉപകഥകളും കൂടി ഒരു വലിയ കഥ ഉണ്ടാകുന്നു.

എന്താ ഇഷ്ടപ്പെട്ടോ? എന്നാൽ നമുക്ക് കഥ പറയൽ ആരംഭിക്കാം.

## 4 നേതാവ് പറയുന്നു

കളി നടത്തുന്ന ആൾ, കളിക്കാർ കളി നടത്തുന്ന ആൾ 'നേതാവ് പറയുന്നു' എന്നു പറഞ്ഞ് പറയുന്ന കാര്യങ്ങൾ മാത്രം ചെയ്യുക.

നേതാവ് പറയുന്നു എന്നുപറയാതെ പറയുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുക.

ഉദാ: നേതാവ് പറയുന്നു. 'ചിരിക്കുക' എല്ലാവരും ഉറക്കെ ചിരിക്കുന്നു. നേതാവ് പറയുന്നു.



'കരയുക' എല്ലാവരും കരയുന്നു.

'ചിരിക്കുക' ആരും ചിരിക്കുന്നില്ല. ആരെങ്കിലും ചിരിച്ചാലോ, അയാൾ പുറത്തേക്കു പോകണം. ഇങ്ങനെ കളി തുടരാം.

(വളരെ ശ്രദ്ധിച്ചു നിന്നാൽ മാത്രമേ ഈ കളി കളിക്കാൻ പറ്റൂ. ശ്രദ്ധിക്കാതിരുന്നാൽ തെറ്റും.)

സ്പീഡിൽ പറയുമ്പോൾ ശ്രദ്ധിക്കാതിരുന്നാൽ തെറ്റും. തെറ്റുന്നതാണ് കളിയിലെ രസം. അതോടൊപ്പം തെറ്റിക്കുന്ന ആൾ പുറത്താകുകയും ചെയ്യും.

## 5 മൃഗശാല

കളിയിൽ പങ്കെടുക്കുന്ന കുട്ടി താൻ ഏതെങ്കിലും മൃഗമാണെന്നു സങ്കൽപ്പിച്ച് ആ മൃഗത്തിന്റെ പേര് സ്വീകരിക്കാൻ പറയുക.

ഇതുകഴിഞ്ഞാൽ കളി നടത്തുന്ന ആൾ ഏതെങ്കിലും ഒരു മൃഗത്തിന്റെ പേരു വിളിച്ചു പറയുന്നു. ആ മൃഗത്തിന്റെ പേരു സ്വീകരിച്ച ആൾക്കാർ ആ മൃഗത്തിന്റെ ശബ്ദത്തിൽ കരഞ്ഞ് ഒരുമിച്ച് കൂടുന്നു.

മൃഗശാല എന്നുപറഞ്ഞാൽ എല്ലാ മൃഗങ്ങളും തങ്ങൾ സ്വീകരിച്ച മൃഗത്തിന്റെ ശബ്ദമുണ്ടാക്കി സമാന മൃഗങ്ങൾ ഒന്നിച്ച് ഗ്രൂപ്പാക്കുന്നു.

ഇങ്ങനെ കളി തുടരാം. എന്താ എല്ലാപേരും മൃഗമായോ!

'ജ്യേഷ്ഠന് ആപത്തുപിണഞ്ഞിട്ടില്ല. മറ്റെന്തോ കഷ്ടസംഭവം നടന്നിരിക്കുന്നു.' എന്നു ശ്രീകൃഷ്ണൻ പറയുന്നതു കേട്ടുകൊണ്ട് തിരക്കിട്ടു വന്നെത്തിയ അവർ വിളക്കു കൊളുത്താത്ത അനക്കമറ്റ, ഇരുട്ടിലും മൂകതയിലുമാഴ്ന്ന പടകുടീരങ്ങൾ കണ്ട് ഖിന്നരായി. 'കൃഷ്ണ, മംഗളവാദ്യങ്ങൾ കേൾക്കുന്നില്ല. ശംഖു മുഴങ്ങുന്നില്ല. ആരും നമ്മെ സ്വീകരിക്കുവാൻ വാദ്യമേളത്തോടെ എത്തുന്നില്ല. കാണുന്നവർ കാണുന്നവർ തലതാഴ്ത്തി മാറിക്കളയുന്നു. മാധവ? ആർക്ക് എന്തുപറ്റി? എന്റെ സഹോദരന്മാരെ കാണുന്നില്ലല്ലോ. എന്റെ ഉണ്ണി ചിരിച്ചുകൊണ്ട് സോദരന്മാരോടൊപ്പം നമ്മെ എതിരേൽക്കാൻ ഓടിയെത്തുന്നില്ലല്ലോ!' ശിബിരത്തിനുള്ളിലേക്കു തിടുക്കത്തിൽ കടന്ന അർജുനൻ അവിടെ വിവശതയിലിരിക്കുന്ന സഹോദരന്മാരെ കണ്ടു. കണ്ണീരൊലിപ്പിക്കുന്ന പുത്രന്മാരെ കണ്ടു. 'എവിടെ അഭിമന്യു?' എന്ന് ആർത്തനാദംപോലെ വിളിച്ചുചോദിച്ചു. 'ദ്രോണർ ചക്രവ്യൂഹം ചമച്ചു എന്നു ഞാനറിഞ്ഞു. എന്റെ ഉണ്ണിക്കല്ലാതെ ആർക്കു മതു പിളർക്കാനാവില്ല. വ്യൂഹം ഭേദിച്ച് ഉള്ളിൽ കയറാനല്ലാതെ പുറത്തിറങ്ങാനുള്ള വഴി ഞാനവനു പറഞ്ഞുകൊടുത്തിട്ടുമില്ല– അയ്യോ! അവനെവിടെ? നിങ്ങളവനെ ചക്രവ്യൂഹത്തിൽ കയറ്റിയോ! ഹാ! അവൻ മരിച്ചുവോ!' മറുപടി പറയാതെ തലതാഴ്ത്തിയിരിക്കുന്ന സോദരന്മാരെ ക്കണ്ടപ്പോൾ മഹാപത്തു സംഭവിച്ചു എന്നു ബോധ്യമായി. 'ഹാ, എന്റെ ഉണ്ണി, സുഭദ്രയ്ക്കു പ്രാണൻ, കൃഷ്ണാ, നിനക്ക് ഏറ്റവും പ്രിയപ്പെട്ടവൻ, പരമസുന്ദരൻ, എന്റെ കുട്ടി യുദ്ധത്തിൽ കൊല്ലപ്പെട്ടോ! പറയുവിൻ. അവനില്ലെങ്കിൽ ഞാനും മരിക്കും. എന്റെ പൊന്നുമകൻ– അവന്റെ മിന്നുന്ന തലമുടിയും താമരക്കണ്ണുകളും വിരിഞ്ഞമാറും ശാന്തശീലവും മന്ദസ്മിതവും ഞാനിനി കാണില്ലെന്നോ! കൃഷ്ണാ, മതി! ഞാനിനി മരിച്ചുകൊള്ളാം. അവനില്ലാതെ ഞാനില്ല. അവൻ എവിടെ കിടക്കുന്നു! പോർക്കളത്തിൽ ചോര ചിന്തി അനാഥനെപ്പോലെ അവൻ കിടക്കുന്നുവോ! ശത്രുക്കൾ വളഞ്ഞു കൊല്ലാനോങ്ങുമ്പോൾ നിസ്സഹായനായ എന്റെ കുട്ടി എന്നെ വിളിച്ചു കരഞ്ഞുവോ! അച്ഛൻ എനിക്കു തുണയ്ക്കു വന്നില്ലെന്ന് അവൻ പരവശനായോ! ഹാ! ഞാനെന്തു പറയും അവന്റെ അമ്മയോട്? ഇതുകേട്ടാൽ വീണു മരിക്കില്ലേ സുഭദ്ര? അമ്മയെപ്പോലെ അവനെ ലാളിക്കുന്ന പാഞ്ചാലിയോടെന്തുപറയും ഞാൻ? അവന്റെ ബാലികയായ ഭാര്യയോടെന്തു ഞാൻ പറയും! കൃഷ്ണ, എന്റെ ഹൃദയം ശിലയോ? അതു നൂറായി പിളരാത്തതെന്ത്!' ഈവിധമെല്ലാം പറഞ്ഞു വിലപിക്കുന്ന അർജുനനെ നിറമിഴികളോടെ മാറോടണച്ച് ശ്രീകൃഷ്ണൻ ഇങ്ങനെ പറഞ്ഞു. 'അർജുനാ, വീരക്ഷത്രിയനായ നിന്റെ മകൻ ആയിരക്കണക്കിനു ശത്രുക്കളെ സംഹരിച്ച് എന്നും നിലനിൽക്കുന്ന കീർത്തിനേടി സ്വർഗം പൂകിയിരിക്കുന്നു– വീരസ്വർഗത്തിനപ്പുറം ക്ഷത്രിയർക്ക് മറ്റെന്തുണ്ട് നേടുവാൻ? പാർഥ, നീ തളർന്നു പോകരുത്. നിന്റെ സഹോദരന്മാർ കരഞ്ഞു തളരുന്നതു



# മൃത്യുകന്യക (തുടർച്ച)

നീ കാണുന്നില്ലേ! നീ ആശ്വസിച്ചാൽ മാത്രമേ അവർക്കും ആശ്വാസമാകൂ. അറിയേണ്ടത് അറിഞ്ഞവനല്ലേ നീ! അങ്ങനെയുള്ള നീ, ഈ മഹാദുഃഖത്തിൽ നിന്നും കരകയറണം.' അർജുനൻ ഭ്രാതാക്കന്മാരുടെ നേർക്കുതിരിഞ്ഞു കോപതാപങ്ങളോടെ ചോദിച്ചു. 'എങ്ങനെയാണ് എന്റെ ഉണ്ണി കൊല്ലപ്പെട്ടത്? എന്റെ മകനെ രക്ഷിക്കാൻ പാണ്ഡവരോ പാഞ്ചാലരോ ആരുമില്ലായിരുന്നോ? നിങ്ങൾ അസ്ത്രജ്ഞർ, മഹാശക്തർ നോക്കിനിന്നുവോ അവനെ കൊല്ലുമ്പോൾ! എവിടെപ്പോയീ നിങ്ങളുടെ പരാക്രമം? നിങ്ങളുടെ ആണത്തം! ഹാ! ഞാൻ എന്നെത്തന്നെ നിന്ദിക്കുന്നു. എന്റെ പുത്രനെ നിങ്ങളെപ്പോലുള്ള ദുർബലരെ, ഭീരുക്കളെ ഏൽപ്പിച്ചിട്ട് ഞാൻ പോയല്ലോ!' കൈയിൽ വില്ലും വാളുമായി കത്തിയാളിനിൽക്കുന്ന അർജുനനെ നോക്കാനോ മിണ്ടാനോ ആർക്കും സാധിച്ചില്ല. ഒടുവിൽ ധർമപുത്രർ നടന്ന കാര്യങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. തന്റെ പുത്രനെ സർവ മഹാരഥന്മാരും ഒന്നിച്ചു വളഞ്ഞുനിന്ന് വധിച്ച കഥ കേട്ട അർജുനൻ 'അയ്യോ എന്റെ പൊന്നു

മകനേ' എന്നു നിലവിളിച്ചുകൊണ്ടു മോഹിച്ചു വീണുപോയി.

അൽപ്പംകഴിഞ്ഞ് ബോധം തെളിഞ്ഞെഴുന്നേറ്റ പാർഥന്റെ ശരീരം കഠിനമായി വിറകൊണ്ടു. കണ്ണുകൾ ക്രോധത്താൽ ചുവന്നുകലങ്ങി കത്തിയാളി. പുരികങ്ങൾ ഘോരമായി വളഞ്ഞൊടിഞ്ഞു. കിരീടം എരിഞ്ഞിളകുകയായി. ആ രൂക്ഷവും ദുഷ്പ്രേക്ഷ്യവുമായ രൂപം കണ്ട് എല്ലാവരും ആകുലരായി നിൽക്കവേ ആ ഇടറുന്ന കണ്ഠത്തിൽ നിന്ന് ഇടിനാദംപോലെ ഈ വാക്കുകൾ കേൾക്കായി.

'ഞാനിതാ സത്യം ചെയ്യുന്നു. നാളെ ഞാനാ ജയദ്രഥനെ കൊല്ലും! ആരുതന്നെ അവന് അഭയം കൊടുത്താലും, ഏതു സ്വർഗത്തിൽ പോയൊളിച്ചാലും, നാളെ അസ്തമിക്കുംമുമ്പ് ആ ദുഷ്ടനെ ഞാൻ കൊല്ലും. അതു സാധിച്ചില്ലെങ്കിൽ ഞാൻ മഹാപാപികൾക്കുള്ള നരകഗതി പൂകട്ടെ, സൂര്യാസ്തമയത്തിനു മുമ്പ് അവനെ കൊല്ലാനൊത്തില്ലെങ്കിൽ ഗാണ്ഡീവവുമായി ഞാൻ തീയിൽച്ചാടി മരിക്കുന്നതാണ്. ഇതു സത്യം!'

**ബോധം തെളിഞ്ഞെഴുന്നേറ്റ പാർഥന്റെ ശരീരം കഠിനമായി വിറകൊണ്ടു. കണ്ണുകൾ ക്രോധത്താൽ ചുവന്നുകലങ്ങി കത്തിയാളി. പുരികങ്ങൾ ഘോരമായി വളഞ്ഞൊടിഞ്ഞു. കിരീടം എരിഞ്ഞിളകുകയായി. ആ രൂക്ഷവും ദുഷ്പ്രേക്ഷ്യവുമായ രൂപം കണ്ട് എല്ലാവരും ആകുലരായി നിൽക്കവേ ആ ഇടറുന്ന കണ്ഠത്തിൽ നിന്ന് ഇടിനാദംപോലെ ഈ വാക്കുകൾ കേൾക്കായി.**

പാർഥപ്രതിജ്ഞകേട്ട ശ്രീകൃഷ്ണൻ പാഞ്ചജന്യമെടുത്ത് അത്യുച്ചത്തിൽ മുഴക്കി. ആ നാദം ജഗത്തിനെ ഇളക്കി. പാണ്ഡവസേന പെരുമ്പറ മുഴക്കിയും സിംഹനാദംചെയ്തും നാലു ദിക്കും വിറപ്പിച്ചു.

ഇക്കഥ കേട്ട ജയദ്രഥൻ പേടിച്ചരണ്ട് ദുര്യോധനന്റെ അരികിലെത്തിപ്പറഞ്ഞു. 'തോഴ, എനിക്കു പോകണം. അനുമതി തന്നാലും. ഞാനെന്റെ ഗൃഹത്തിലേക്കു മടങ്ങുകയാണ്. ഇവിടെ നിന്നാൽ ആ ദേവേന്ദ്രനു പിറന്നവൻ എന്നെക്കൊല്ലും. അല്ലെങ്കിൽ നിങ്ങൾ എല്ലാ രാജാക്കന്മാരും എന്നെ രക്ഷിച്ചുകൊള്ളാമെന്നു ശപഥം ചെയ്യണം. അതാ പാണ്ഡവ ശിബിരങ്ങളിൽ നിലവിളിയല്ല, സിംഹഗർജനമാണു കേൾക്കുന്നത് – എന്റെ മെയ്യാകെ വിറയ്ക്കുന്നു.'

ദുര്യോധനൻ അവനെ ആശ്വസിപ്പിച്ചു. 'ജയദ്രഥ, വീരക്ഷത്രിയമധ്യത്തിൽ നിൽക്കുന്ന നിന്നെ ആർക്കുമൊന്നും ചെയ്യാനാവില്ല. ഞാൻ, കർണൻ, ദ്രോണാചാര്യർ, അശ്വത്ഥാമാവ്, ശല്യർ, കൃപൻ, വികർണൻ, ദുശ്ശാസനൻ, കലിംഗൻ തുടങ്ങി ഒട്ടേറെ മഹാവീരന്മാർ പടയോടെ നിന്നെ കാത്തുനിൽക്കുമ്പോൾ ഭയപ്പെടുന്നതെന്തിന്! നീയും ഒരു മഹാവീരനായ യോദ്ധാവല്ലേ!'

ദ്രോണർ പറഞ്ഞു. 'പേടിക്കേണ്ടാ. പാർഥൻ ഭേദിച്ചുകേറാത്ത വ്യൂഹം ഞാൻ നിർമിക്കും. ഓരോ നിമിഷവും ഞാൻ ദുര്യോധനനോടൊപ്പം നിൽക്കും– ഇതു യുദ്ധമാണ്. നോക്കുവിൻ, നാമെല്ലാം മരിക്കേണ്ടവരാണ്. നാം മാത്രമല്ല പാണ്ഡവരും യാദവന്മാരും എല്ലാവരുംതന്നെ അനിത്യരാണ്. അതിനാൽ ഭയമെന്തിന്! മരിച്ചാൽ വീരസ്വർഗം പ്രാപ്യം. യുദ്ധത്തിനൊരുങ്ങിക്കൊൾവിൻ!'

(തുടരും)



വര: ജയേന്ദ്രൻ

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## എന്റെ നാട്


**മുഹമ്മദ് റിസ്‌വാൻ**
**ക്ലാസ്: 5, ആശ്രമം എച്ച്.എസ്.എസ്**
**പെരുമ്പാവൂർ -683542,**




മാവേലി തമ്പുരാനെ
വരവേൽക്കാൻ നിന്നു ഞാൻ
മാവേലി നാട്ടിൽ
വരവേൽക്കാൻ നിന്നു ഞാൻ
മാലോകരേവർക്കും സന്തോഷം
എനിക്കും വളരെ സന്തോഷം
മാവേലി തമ്പുരാൻ
വഞ്ചിയിൽ വരവായി
മാവേലി നാടെല്ലാം
പ്രളയത്തിലാണയ്യോ
മാവേലി തമ്പുരാൻ
എവിടേക്കെന്നറിയാതെ
പാതാളമാണിന്ന്
നല്ലതെന്നോർത്തു പോയ്
ദു:ഖത്തോടെല്ലാരുമൊത്തുകൂടി
മാവേലി യാത്രയായ് ദു:ഖമോടെ.



വര: ഗോപു പട്ടിത്തറ


Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# വര



**ആര്യ ലക്ഷ്മി എസ്, ക്ലാസ്: 6 ബി, എൻ വി യു പി എസ്, വയല, അഞ്ചൽ**



## ആസ്വാദന കുറിപ്പ്

ശ്രീമതി സുഗതകുമാരിയുടെ മനോഹരമായ ഒരു കവിതയാണ് 'കാടും കടലും'. കാടും കടലും ഒരുപോലെയാണെന്നാണ് കവി ഈ കവിതയിൽ പറയുന്നത്. കാടിനും കടലിനും പാട്ടുണ്ട്. കാടിന് മരങ്ങളുടെ മർമ്മരശബ്ദവും കടലിന് തിരമാലകളുടെ പാട്ടുമാണുള്ളത്. കാടും കടലും കറുമ്പികളാണ്. ഇടതൂർന്ന കാടും ആഴമേറിയ കടലും കറുത്ത നിറത്തോടുകൂടിയവരാണ്. കടലിന് തിരകളുടെ ഇരമ്പമുണ്ട്. കാടും അതുപോലെ ഇരമ്പാറുണ്ട്. കാറ്റിൽ മരങ്ങളിളകുന്നതു കണ്ടാൽ കടൽത്തിരമാലപോലെ തോന്നും. കടലിലെ അഗാധവും നിശ്ശബ്ദവുമായ കയങ്ങൾപോലെ കാടും നിശ്ശബ്ദമാണ്. രണ്ടും നമുക്ക് പേടിയുണ്ടാക്കുംവിധം നിശ്ശബ്ദമാണ്. കാട്ടിൽ ഇരുട്ടത്ത് വെളിച്ചമായി മിന്നാമിനുങ്ങിൻ തിളക്കമുണ്ട്. നിലാവത്ത് തിളങ്ങുന്ന മഞ്ഞുതുള്ളികളുമുണ്ട്. കടൽ രാത്രിയിൽ നിലാവിൻ നുറുങ്ങുകളും നക്ഷത്രത്തിളക്കവും കൊണ്ട് തിളങ്ങാറുണ്ട്. ഇങ്ങനെ എല്ലാം കൊണ്ടും കടൽ കാടുപോലെയും കാട് കടലുപോലെയുമാണ്.

പ്രകൃതിയുടെ വരദാനമാണ് കാടും കടലും. അതിന്റെ ഭംഗിയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. കുട്ടികൾക്ക് എളുപ്പം വായിച്ചു മനസ്സിലാക്കാൻ കഴിയുമാറ് വളരെ ലളിതമായാണ് ഈ കവിത രചിച്ചിരിക്കുന്നത്. ഇതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വരിയാണ്

''കാടു നിശ്ശബ്ദം കടൽക്കയംപോൽ, കാടു പേടിയാക്കുന്നു കടലുപോലെ''

മനോഹരമായ ഈ കവിത വരുംകാലത്തെങ്കിലും പ്രകൃതിയെ നശിപ്പിക്കാതെ ജീവിക്കുവാൻ മനുഷ്യന് പ്രേരണയാകട്ടെ എന്ന് നമുക്ക് ആശിക്കാം.

**(ക്രിസ്റ്റീന ഡേവി, ക്ലാസ് 8 ഡി, എം എ എം എച്ച് എസ് എസ്, കൊരട്ടി)**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 January 2020
Regd KL/TV (N)/399/2018-2020 Published on 29-12-2019 Vol:26, Issue:01, ₹20

